# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 ഒക്ടോബർ 8, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--407]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി | : 3227 മുതൽ 3381 വരെ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി | : 3382 മുതൽ 3510 വരെ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി | : 3511 മുതൽ 3620 വരെ |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി | : 3621 മുതൽ 3633 വരെ |

## സ്ഥല പരിശോധനയ്ക്ക് വാഹന സൗകര്യം

3227 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ തുടങ്ങിയവർക്ക് സ്ഥല പരിശോധനയ്ക്കായി വാഹന സൗകര്യം ഇല്ല എന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ്സ് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ അധികാര പരിധിക്ക് കീഴിൽ നാലിലധികം നിയമസഭാ മണ്ഡലങ്ങളും 400 കിലോമീറ്ററിലധികം റോഡ് പരിപാലന ചുമതലയും ഉള്ളതിനാൽ വാഹന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) തദ്ദേശസ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് അനുവദിച്ചത് പോലെ വാടക അടിസ്ഥാനത്തിൽ വാഹനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് വികസനം

3228 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡ് നാലു വരിയാക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിക്കായി മുൻ നിശ്ചയിച്ചതിനേക്കാൾ കൂടുതൽ സ്ഥലം ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സ്ഥലമാണ് ഇപ്രകാരം ഏറ്റെടുക്കാൻ നിശ്ചയിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും മറ്റും കിഫ്ബിയിൽ നിന്നും ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സർവ്വേയർമാരുടെ അഭാവം നിമിത്തം പ്രസ്തുത പദ്ധതിക്കായി സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; കൂടുതൽ സർവ്വേയർമാരെ നിയമിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഇ) എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും എന്നത്തേക്ക് പദ്ധതി പൂർത്തിയാക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## സി. എം. ടി. യോഗം

3229 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ കോൺസ്റ്റിറ്റ്യൻസി മോണിട്ടറിംഗ് ടീം (സി. എം. ടി.) പ്രതിമാസം യോഗം ചേരണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സി. എം. ടി. നോഡൽ ഓഫീസറുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) സി. എം. ടി. യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ; മണലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിട്സ് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയത് എന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കുമോ?

## ജില്ലാ തലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി

3230 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ കാലഘട്ടത്തിനനുസരിച്ചുള്ള പുതിയ നിർമ്മിതികൾക്കായി ഡി.പി.ആർ., ഡിസൈൻ എന്നിവയ്ക്ക് വലിയ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കുന്നതിനായി ഡിസൈൻ വിംഗിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജില്ലാ തലത്തിൽ പൊതുമരാമത്ത് ഡിസൈൻ വിഭാഗം പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) നിലവിലെ കാലതാമസം ഒഴിവാക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ സഹായം തേടുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ

ഉണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ഡിസൈൻ തയ്യാറാക്കിയ വകുപ്പ് ഉദ്യോഗസ്ഥരോട് വിശദീകരണം തേടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പിലെ കരാറുകാർ</u>**

3231 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പ്രവൃത്തികൾക്ക് നിലവിൽ സിവിൽ, ഇലക്ട്രിക്കൽ, ബിൽഡിംഗ്സ് , റോഡ്സ് എന്നീ വിഭാഗങ്ങളിലായി എത്ര കരാറുകാരുണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാറുകാരിൽ എത്ര വനിതകൾ ഉണ്ട്; വനിതകളുടെ എണ്ണം സംബന്ധിച്ച കണക്കുകൾ ജില്ലതിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത കരാറുകാരിൽ എത്രപേർ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽ നിന്ന് ഉണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ പൊതുമരാമത്ത് കരാർ പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും നിബന്ധനകളും സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഇ) പൊതുമരാമത്ത് ജോലികളുടെ കരാർ ലൈസൻസ് ലഭിക്കുവാൻ പട്ടികജാതി/ പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെങ്കിലും ഇളവുകൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

**<u>സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം</u>**

3232 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഇടുക്കി സ്പെഷ്യൽ ബിൽഡിംഗ് സെക്ഷൻ നമ്പർ 1 കാര്യാലയത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ നിര്യാതനായ മീരാൻ പി. ടി. യുടെ മകൾ കുമാരി ബിസ്മി ടി. എം. ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എന്ന് നിയമനം നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് വിഭാഗത്തിന്റെ അക്രഡിറ്റഡ് ഏജൻസികൾ</u>**

3233 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഏറ്റവും കൂടുതൽ പൊതുമരാമത്ത് ജോലികൾ ഏൽപ്പിച്ചു നൽകിയിട്ടുള്ള രണ്ട് അക്രഡിറ്റഡ് ഏജൻസികൾ ഏതാണ്; എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നാളിതുവരെ പ്രസ്തുത ഏജൻസികൾക്ക് ഏൽപ്പിച്ചു നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിൽ ടെൻഡർ നടപടിക്രമം ഒഴിവാക്കി നൽകിയിട്ടുള്ള പ്രവൃത്തികൾ എത്ര കോടി രൂപയുടേതാണ് എന്ന് വിശദമാക്കുമോ?

## ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

3234 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ, അതിനായി അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികൾ

3235 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും പുരോഗതി വിവരവും ലഭ്യമാക്കാമോ?

## റോഡുകളുടെ ശോചനീയാവസ്ഥ

3236 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ റോഡ് നിർമ്മാണത്തിനും പരിപാലനത്തിനുമായി വകയിരുത്തിയ ഫണ്ടുകൾ സാങ്കേതികാനുമതി വൈകുന്നതിനെ തുടർന്ന് തടസ്സപ്പെടുന്നു എന്ന ആരോപണത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; സാങ്കേതിക അനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി സാങ്കേതിക അനുമതി ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് ഫണ്ട് കൈമാറുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണം

3237 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ

3238 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്നത്തുനാട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തൊടുപുഴ മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

3239 **ശ്രീ. പി. ജെ. ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ തൊടുപുഴ മണ്ഡലത്തിലെ ഏതെങ്കിലും റോഡ് നിർമ്മാണ പ്രവൃത്തികൾ നബാർഡ്, സെൻട്രൽ റോഡ് ഫണ്ട്, ശബരിമല പാക്കേജുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) തൊടുപുഴ മണ്ഡലത്തിൽ 2021 നുശേഷം ബജറ്റിൽ 20 ശതമാനം ടോക്കൺ പ്രൊവിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; ഇതിൽ പൂർത്തീകരിച്ചത് ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) റണ്ണിംഗ് കോൺട്രാക്ട് അടിസ്ഥാനത്തിൽ റോഡുകളുടെ പരിപാലനത്തിന് എത്ര തുക അനുവദിച്ചിട്ടുണ്ട്; ഏതൊക്കെ റോഡുകൾക്കാണ് ഇത് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ കാറാത്തലയിലെ കൾവെർട്ട്

3240 **ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെടുന്ന കാറാത്തലയിലെ കൾവെർട്ട് അപകടാവസ്ഥയിലാണെന്നത് സർക്കാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച പരിഹാര നടപടികൾ വിശദമാക്കാമോ?

## പെരിങ്ങോട്ടുകര - അന്തിക്കാട് - കാഞ്ഞാണി റോഡ് നവീകരണം

3241 **ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക മണ്ഡലത്തിലെ പെരിങ്ങോട്ടുകര - അന്തിക്കാട് - കാഞ്ഞാണി റോഡ് വർഷങ്ങളായി തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തോടൊപ്പം അവിടെ ആവശ്യമായ സ്ഥലങ്ങളിൽ കാന, കൾവെർട്ട് എന്നിവയുടെ നിർമ്മാണം നടത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണെന്ന് വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ പൊതുമരാമത്ത് കെട്ടിടവിഭാഗം മുഖേനയുള്ള പ്രവൃത്തികൾ

3242 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കെട്ടിട വിഭാഗം മുഖേന നിർമ്മാണത്തിലുള്ള പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുകയുടേയും അവ പൂർത്തീകരിക്കാനെടുക്കുന്ന സമയത്തിന്റേയും വിശദവിവരം ലഭ്യമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പിന് കീഴിലെ വിവിധ പ്രവൃത്തികൾ (മെയിന്റനൻസ് )</u>**

3243 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ തൽസ്ഥിതിയും വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**<u>പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി വിവിധ ആവശ്യങ്ങൾക്ക് വിട്ടുനൽകുന്നതിന് നടപടി</u>**

3244 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.ഡബ്ല്യു.ഡി. പുറമ്പോക്ക് ഭൂമി അന്യാധീനപ്പെട്ട് കിടക്കുന്നതായും കയ്യേറ്റങ്ങൾ നടക്കുന്നതായുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം ഭൂമി നിബന്ധനകൾക്ക് വിധേയമായി പ്രസ്തുത വിഭാഗത്തിൽ നിന്നുള്ളവരുടെ പഞ്ചായത്തുകളുടെ വിവിധങ്ങളായ പദ്ധതികൾക്ക് അനുവദിക്കുവാൻ ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(സി) എം.എൽ.എ. മാർ, എം.പി. മാർ എന്നിവരുടെ വിവിധങ്ങളായ ഫണ്ടുകൾ ഉപയോഗിച്ച് വിവിധ ക്ഷേമ പദ്ധതികൾ, ടൂറിസം വികസന പദ്ധതികൾ ഇവ ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി വിട്ടുനൽകുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ഇത്തരത്തിൽ ഏതെല്ലാം മണ്ഡലങ്ങളിൽ ഭൂമി വിട്ടു നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഓപ്പൺ ജിം പോലുള്ള ജനങ്ങളുടെ ആരോഗ്യത്തിനും ഉല്ലാസത്തിനും വേണ്ടിയുള്ള പദ്ധതികൾക്കും വയോജന പാർക്കുകൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ഭൂമി വിട്ടുനൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ഏറനാട് മണ്ഡലത്തിലെ കീഴുപറമ്പ് പഞ്ചായത്തിൽ വയോജന പാർക്ക് സ്ഥാപിക്കുന്നതിന് പ്രസ്തുത ഭൂമി നിബന്ധനകൾക്ക് വിധേയമായി വിട്ടുനൽകണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയിന്മേൽ ജി3/217/2023/ പി.ഡബ്ല്യു.ഡി. നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും

ഇക്കാര്യത്തിൽ പി.ഡബ്ല്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മലപ്പുറം, ചീഫ് എഞ്ചിനീയർ എന്നിവരുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത ആവശ്യത്തിന് അനുമതി നൽകിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്താണ് തടസ്സമെന്നും നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോയെന്നും വ്യക്തമാക്കാമോ?

**<u>കുണ്ടന്നൂർ ജംഗ്ഷൻ വികസന പദ്ധതി</u>**

3245 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന കുണ്ടന്നൂർ ജംഗ്ഷൻ വികസന പദ്ധതിക്കായി പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും; അതിനായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും; പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിച്ച് എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

**<u>ഇ-ടെണ്ടർ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി</u>**

3246 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറുകൾ ഇ-ടെണ്ടർ സംവിധാനത്തിലേക്ക് മാറിയതിലൂടെ എന്തൊക്കെ ഗുണങ്ങളാണ് സർക്കാരിനും പൊതുജനങ്ങൾക്കും ലഭ്യമായിക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-ടെണ്ടർ ഓപ്പൺ ചെയ്യുന്നതിനും അതിനുശേഷമുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇ-ടെണ്ടർ പ്രകാരം ക്ലോസിംഗ് തീയതിക്ക് ശേഷം ഓപ്പൺ തീയതിയിൽ ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ ലഘൂകരിക്കാനും പരാതിരഹിതമാക്കാനും പര്യാപ്തമായ ഇ-ടെണ്ടർ നടപടികൾ പ്രകാരം ഓപ്പൺ തീയതിക്ക് ശേഷവും ടെണ്ടർ ലഭിച്ചത് ആർക്കാണ് എന്നറിയാൻ കാത്തിരിക്കേണ്ടിവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) അത്തരം പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**<u>കോഹിനൂർ പുത്തൂർ പള്ളിക്കൽ കുമ്മിണിപ്പറമ്പ് തറയിത്തൽ എയർപോർട്ട് റോഡിന്റെ നവീകരണം</u>**

3247 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ കോഹിനൂർ പുത്തൂർ പള്ളിക്കൽ കുമ്മിണിപ്പറമ്പ് തറയിത്തൽ എയർപോർട്ട് റോഡ് നവീകരണവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ?

## തൊടുപുഴ റിവർവ്യൂ റോഡ്

3248 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ റിവർവ്യൂ (വെങ്ങല്ലൂർ-പാപ്പൂട്ടി ഹാൾ) റോഡിന്റെ പ്രവേശന കവാടത്തെ ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഈ റോഡ് വികസനത്തിനായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത മുഴുവൻ ഭൂമിയും റോഡ് വികസനത്തിനായി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) റിവർവ്യൂ റോഡിന്റെ മുഴുവൻ നിർമ്മാണ പ്രവൃത്തിയും അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

## കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസനം

3249 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭ പ്രദേശത്തെ കുമ്പളങ്ങി-പെരുമ്പടപ്പ് റോഡ് വികസിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും; പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടി വരുമോയെന്നും; എങ്കിൽ എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാനും എന്നത്തേക്ക് പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## കഴനി-പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തി

3250 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിൽ 2025-26 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കഴനി-പഴമ്പാലക്കോട് റോഡിന്റെ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ റോഡുകൾ

3251 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ ഒൻപത് വർഷം പുതിയ റോഡുകൾ പണിയുന്നതിന് അനുവദിച്ച തുകയുടെ കണക്ക് റോഡും മണ്ഡലവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിർമ്മാണം പൂർത്തിയായതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതും പ്രവൃത്തി തീരെ ആരംഭിക്കാത്തതുമായ റോഡുകൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ ഒൻപത് വർഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപണിക്ക് അനുവദിച്ച തുക മണ്ഡലവും റോഡും തിരിച്ച് വ്യക്തമാക്കാമോ;

(ഡി) അറ്റകുറ്റപ്പണികൾക്ക് ഫണ്ട് ലഭിക്കാത്തതുകൊണ്ട് ഏതൊക്കെ റോഡുകളാണ് കാസർഗോഡ് ജില്ലയിൽ ശോചനീയാവസ്ഥയിൽ ഉള്ളതെന്ന് മണ്ഡലവും റോഡും തിരിച്ച് വ്യക്തമാക്കാമോ?

## <u>ഇരട്ട തുരങ്കപാതയുടെ നിർമ്മാണം സംബന്ധിച്ച റിപ്പോർട്ട്</u>

3252 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി ഇരട്ട തുരങ്കപാതയുടെ നിർമ്മാണം സംബന്ധിച്ച് 2024 മേയ് 25-ന് സംസ്ഥാനതല വിദഗ്ധസമിതി പദ്ധതി പ്രദേശം സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ</u>

3253 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം റോഡ് കണക്ടിവിറ്റിയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ;

(ബി) ടൂറിസം, വ്യവസായം എന്നിവയുടെ വളർച്ചയ്ക്ക് റോഡ് വികസനത്തിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) കൂടുതൽ ഗ്രാമീണ പാതകൾ പി. ഡബ്ല്യു. ഡി. ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## <u>വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതി</u>

3254 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗതാഗത പദ്ധതിയിൽ ഉൾപ്പെടുത്തി 36 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ള വൈപ്പിൻ-മുനമ്പം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിലൂടെ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ വൈദ്യുതി കണക്ഷനും പരിപാലനവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## റോഡുകളുടെ ശോച്യാവസ്ഥ

3255 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ ശോചനീയാവസ്ഥ സംബന്ധിച്ച് ബഹു. ഹൈക്കോടതി എന്തെങ്കിലും നിർദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണം പൂർത്തിയായ ശേഷം 6 മാസത്തിനുള്ളിൽ റോഡുകൾ തകർന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും കരാറുകാരനും എതിരെ ക്രിമിനൽ വകുപ്പുകൾ ചേർത്ത് കേസെടുക്കുമെന്ന് ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ 7500 കേസുകൾ നിലവിലുണ്ടെന്ന് വിജിലൻസ് കോടതിയിൽ അറിയിച്ചിട്ടുണ്ടോയെന്നും ഇത്തരം കേസുകളിൽ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) റോഡുകളുടെ ശോച്യാവസ്ഥ മൂലമുള്ള മരണങ്ങൾ മനുഷ്യനിർമ്മിതമാണെന്ന് കോടതികൾ നിരവധി തവണ പരാമർശം നടത്തിയിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ അപകടം കാരണം മരണമോ അംഗവൈകല്യം അടക്കമുള്ള പരിക്കുകളോ പറ്റുന്നവരുടെ ആശ്രിതർക്ക് പൊതുമരാമത്ത് വകുപ്പ് നിലവിൽ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കാമോ?

## പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണം

3256 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പടന്നക്കാട് മേൽപ്പാലം-വെള്ളരിക്കുണ്ട് റോഡ് നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## തൊടുപുഴ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡ്

3257 **ശ്രീ. പി. ജെ. ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മണ്ഡലത്തിലെ നെയ്യശ്ശേരി-തോക്കുമ്പൻസാഡിൽ റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>മലയോര ഹൈവേയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ</u>**

3258 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂരിലെ മുണ്ടേരി വഴി മേപ്പാടിയിലേക്ക് പാത നിർമ്മിക്കുന്നതിനായി എന്തെങ്കിലും നിർദേശങ്ങളോ നടപടികളോ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(ബി) മലയോര ഹൈവേ ആയ പൂക്കോട്ടുംപാടം മുണ്ടേരി റോഡിന്റെ മൂന്നാം ഘട്ടമായ കാറ്റാടികടവ് മുതൽ ചാത്തമുണ്ട വരെയുള്ള റീച്ച് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

**<u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം</u>**

3259 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണത്തിന് കേന്ദ്ര അനുമതി ലഭ്യമായിട്ടുണ്ടോയെന്നും റോഡിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നഷ്ടപരിഹാരം എന്നുമുതൽ നൽകാനാകുമെന്നും വിശദമാക്കാമോ?

**<u>നിലമ്പൂർ നിയോജക മണ്ഡലത്തിലെ തൂക്കൈക്കുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം</u>**

3260 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജക മണ്ഡലത്തിലെ വണ്ടൂർ നിയോജക മണ്ഡലവുമായി ബന്ധിപ്പിക്കുന്ന തൂക്കൈക്കുത്ത് പാലത്തിന്റെ അപ്രോച്ച് റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളുടെ നവീകരണം</u>**

3261 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ മാറാക്കര ഗ്രാമപഞ്ചായത്തിലെ കണ്ണംകുളം-കണ്ണംകടവ് റോഡ്, വളാഞ്ചേരി നഗരസഭയിലെ കഞ്ഞിപ്പുര-കാടാമ്പുഴ റോഡ് എന്നിവയുടെ

ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ജില്ലാ ആസ്ഥാനമായ മലപ്പുറത്തേക്ക് എളുപ്പത്തിൽ എത്തിപ്പെടാൻ പ്രദേശവാസികളും യാത്രക്കാരും ആശ്രയിക്കുന്ന പ്രസ്തുത റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിച്ച് അവ ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>വൈറ്റില - കണിയാമ്പുഴ - ഏരൂർ - ഇരുമ്പനം റോഡ് വികസനം</u>

3262 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈറ്റില-കണിയാമ്പുഴ-ഏരൂർ-ഇരുമ്പനം റോഡ് വികസിപ്പിക്കുവാൻ എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; അതിനായി ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട സർവേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>കോട്ടക്കൽ മണ്ഡലത്തിലെ മരാമത്ത് പണികൾ</u>

3263 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ-ഇന്ത്യനൂർ റോഡിൽ പണിക്കർകുണ്ട് പ്രദേശത്ത് സൽക്കാര സൂപ്പർ മാർക്കറ്റിന് സമീപമുള്ള വളവിലെ വെള്ളക്കെട്ട് പ്രശ്നം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ് ഐ.ഡി: പി.ഡബ്ല്യൂ.ഡി./ആർ.ബി./ഇ.എസ്.ടി./9679/2025-5-1-1) വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) തിരൂർ-മലപ്പുറം ദേശീയ പാതയിൽ കോട്ടക്കൽ മണ്ഡലത്തിലെ പൊന്മള ഭാഗത്ത് (71-ബി/എൻ.കെ.എം. 21/320 to 21/470 ) സംരക്ഷണ ഭിത്തി കെട്ടുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ (പ്രൈഡ്.ഐ.ഡി: പി.ഡബ്ല്യൂ.ഡി./ആർ.ബി./ഇ.എസ്.ടി./16293/2025-5-1-1) സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) കോട്ടക്കൽ മാനദേവൻ രാജാ റോഡിന്റെ (കോവിലകം റോഡ്) സൈഡ് കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണം

3264 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) തുടർ നടപടികൾ വേഗത്തിലാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് (മൂന്നാം ഘട്ടം) നിർമ്മാണം

3265 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ആലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ

3266 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം മുതൽ ഇതുവരെയായി ആലപ്പുഴ മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബി.സി./എം.എസ്.എസ്. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ടെന്ന് റോഡിന്റെ പേര്, നവീകരിച്ച ഭാഗത്തിന്റെ നീളം, അനുവദിച്ച തുക എന്നിവ തിരിച്ച് വിശദമാക്കാമോ; പ്രസ്തുത മണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ എത്ര റോഡുകൾ ബി.എം.ബി.സി./ എം.എസ്.എസ്. നിലവാരത്തിലേയ്ക്ക് ഉയരാൻ ബാക്കിയുണ്ട് എന്നും റോഡിന്റെ പേര്, നീളം എന്നിവ സഹിതം അറിയിക്കാമോ;

(ബി) നിലവിൽ മണ്ഡലത്തിലെ എത്ര റോഡുകൾ നവീകരിക്കാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നുണ്ടെന്നും ഈ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ;

(സി) 2021 വർഷം മുതൽ ഇതുവരെയായി ആലപ്പുഴ മണ്ഡലത്തിൽ ബി.സി. ഓവർ ലേ നടത്തിയിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ, റോഡിന്റെ നീളം, അടങ്കൽ തുക എന്നിവ സഹിതം വിശദമാക്കുമോ?

## വയനാട് തുരങ്കപാതയുടെ നിർമ്മാണം

3267 **ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**

**ശ്രീ. സി.സി. മുകുന്ദൻ**

**ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജനതയുടെ ഏറെക്കാലത്തെ ആഗ്രഹമായ തുരങ്കപാതയുടെ നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) തുരങ്കപാതയുടെ നിർമ്മാണം ഏറ്റവും സുരക്ഷിതമായി പൂർത്തീകരിക്കുന്നതിനുള്ള ആധുനിക സാങ്കേതികവിദ്യ ഇതിനായി ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) നിർദിഷ്ട തുരങ്കപാതയുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വയനാട് തുരങ്കപാതയുടെ പൂർത്തീകരണത്തോടെ മലബാറിലെ വിനോദസഞ്ചാര മേഖലയിലുണ്ടാകുന്ന കുതിച്ചുചാട്ടം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>റോഡുകളുടെ ആയുർ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

3268 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾ തകരുന്നതിന്റെ ഒരു കാരണം നിർമ്മാണത്തിനുപയോഗിക്കുന്ന മെറ്റലിലെ അസിഡിറ്റി ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠന ഗവേഷണങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) റോഡുകൾ അപ്രകാരം തകരുന്നതിന് പരിഹാര മാർഗ്ഗം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അത് പ്രായോഗികമായി നടപ്പിൽ വരുത്തി റോഡുകളുടെ ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>സംസ്ഥാനത്തെ റോഡുകൾ മഴയിൽ തകരുന്ന അവസ്ഥ</u>

3269 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ മഴ പെയ്താൽ തകരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ പൊതുമരാമത്ത് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) പൊതുമരാമത്ത് റോഡുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിനും മെച്ചപ്പെട്ട ടാറിങ് നടത്തുന്നതിനും നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത സാങ്കേതികവിദ്യ മുഖേന മഴയത്തും ടാർ ചെയ്യാമെന്ന അവസ്ഥ ഒരുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ;

(സി) പൊതുമരാമത്ത് റോഡുകളിൽ ഉണ്ടായിരിക്കുന്ന കുഴികൾ അടയ്ക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; ഇത് ശാസ്ത്രീയമായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) അതിശക്തമായ മഴയിൽ ടാർ ഒലിച്ചു പോകുന്നതും റോഡിൽ കുഴിയുണ്ടാകുന്നതും തടയുന്നതിന് പൊതുമരാമത്ത് റിസർച്ച് വിഭാഗം എന്ത് കണ്ടുപിടിത്തമാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് (റോഡ്സ്) വിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ</u>**

3270 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ നടന്നു വരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ തൽസ്ഥിതിയും അറിയിക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രോപ്പോസലുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**<u>ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണം ഉണ്ടായ പ്രതിസന്ധികൾ</u>**

3271 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ ഇല്ലാത്തത് കാരണം ആശുപത്രികളിൽ എത്താൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ റോഡുകൾ നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**<u>തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസ് നിർമ്മാണം</u>**

3272 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കോഴിപ്പിള്ളി ന്യൂ ബൈപ്പാസിലെ രണ്ടാം റീച്ചിന്റെ നിർമ്മാണത്തിന്റെ നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>അമരവിള-കാരക്കോണം റോഡ്</u>**

3273 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കെ.ആർ.എഫ്.ബി.യുടെ മേൽനോട്ടത്തിൽ നിർമ്മാണം പുരോഗമിക്കുന്ന അമരവിള-കാരക്കോണം റോഡിൽ വീതി കൂട്ടിയപ്പോൾ റോഡിന് നടുവിലായി സ്ഥിതി ചെയ്യുന്ന ഇലക്ട്രിക് പോസ്റ്റുകൾ സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കാത്തത് കാരണം നിരവധി വാഹനാപകടങ്ങൾ ഉണ്ടാവുകയും രണ്ടു പേർ മരണപ്പെടുകയും യാത്രക്കാർക്ക് സുരക്ഷാ ഭീഷണി നേരിടുകയും ചെയ്യുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പോസ്റ്റുകൾ മാറ്റുന്നതിനായി കിഫ്ബി പണം അനുവദിച്ചുവെങ്കിലും നാളിതുവരെ കെ.ആർ.എഫ്.ബി. കെ.എസ്.ഇ.ബി.ക്ക് പണം ലഭ്യമാക്കാത്തത് കാരണം ഇലക്ട്രിക് പോസ്റ്റുകൾ സമയബന്ധിതമായി സുരക്ഷിത സ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിൽ വീഴ്ച സംഭവിച്ചത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പോസ്റ്റുകൾ സുരക്ഷിതസ്ഥാനത്തേയ്ക്ക് മാറ്റി സ്ഥാപിക്കാത്തതിനാൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിൽ പ്രതിദിനം സർക്കാരിന് എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഡി) കെ.ആർ.എഫ്.ബി. ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ പേരിലുള്ള ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പ്രസ്തുത പ്രവൃത്തിക്കായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഇ) യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടപടികൾ പൂർത്തിയാക്കി അമരവിള–കാരക്കോണം റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നുള്ള വിവരം വ്യക്തമാക്കാമോ?

## കൊയിലാണ്ടി മണ്ഡലത്തിലെ ചെങ്ങോട്ടുകാവ്-നന്തി റോഡ്

3274 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിലവിൽ ദേശീയപാതയുടെ ഭാഗമായ ചെങ്ങോട്ടുകാവ്-നന്തി റോഡ് ദേശീയപാതാ അതോറിറ്റിയുടെ കയ്യിൽ നിന്നും സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പരിപാലന ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ റോഡുകളുടെ നവീകരണം

3275 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനും തീരുമാനിച്ച റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം റോഡ് വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ഏതെങ്കിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ കോടതി വ്യവഹാരങ്ങൾ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് റോഡ്സ് വകുപ്പിന്റെ പ്രവൃത്തികൾ</u>**

3276 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം മുഖേന ഭരണാനുമതി ലഭിച്ചത്; ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഇനി ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

**<u>അഴിയൂർ-വെങ്ങളം റീച്ച് ദേശീയ പാത നിർമ്മാണ പ്രവൃത്തി</u>**

3277 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത നിർമ്മാണത്തിന്റെ ഭാഗമായി കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന അഴിയൂർ-വെങ്ങളം റീച്ച് പ്രവൃത്തിയുടെ ഉപകരാറെടുത്തിരിക്കുന്ന വാഗാഡ് എന്ന കമ്പനി പ്രസ്തുത നിർമ്മാണ പ്രവൃത്തി വളരെ മന്ദഗതിയിലാണ് നടത്തിവരുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റീച്ചിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അഴിയൂർ-വെങ്ങളം റീച്ച് നിർമ്മാണം പൂർത്തീകരിച്ച് എന്നേക്ക് പൂർണ്ണമായും ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

**<u>വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെയുള്ള ഔട്ടർ റിംഗ് റോഡ്</u>**

3278 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ മുതൽ മംഗലപുരം വരെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഔട്ടർ റിംഗ് റോഡിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കാനായി നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലത്തിന്റെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതെന്നാണെന്നും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് എപ്പോഴാണെന്നും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണം</u>**

3279 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മലയോര ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഇതുവരെ അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

**<u>കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ</u>**

3280 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കായുള്ള സ്ഥലമെടുപ്പും അനുബന്ധ നടപടിക്രമങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) കോഴിക്കോട് - പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻട്രി / എക്സിറ്റ് പോയിന്റുകൾ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആദ്യം നിർദേശിച്ച എൻട്രി /എക്സിറ്റ് പോയിന്റുകൾ പരിമിതപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദേശം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) പരിമിതപ്പെടുത്തുകയാണെങ്കിൽ വാഴയൂർ പഞ്ചായത്തിലെയും കോഴിക്കോട് വിമാനത്താവളത്തിലേക്ക് പ്രവേശിക്കുന്നതിനുള്ള ഇരുപ്പൻ തൊടുവിലെയും എൻട്രി പോയിന്റുകൾ നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>കുന്ന്യോറമലയിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി</u>**

3281 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ നിർമാണവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി മണ്ഡലത്തിലെ അഴിയൂർ-വെങ്ങളം റീച്ചിലുൾപ്പെടുന്ന നന്തി-ചെങ്ങോട്ടുകാവ് ബൈപ്പാസ് കടന്നു പോകുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കുന്ന്യോറമല അശാസ്ത്രീയമായ നിർമ്മാണ പ്രവൃത്തി കാരണം അപകട ഭീഷണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനാൽ കുന്ന്യോറമലയിൽ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ബൈപ്പാസ് പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്ന് കൊടുക്കുന്നതിന് കുന്ന്യോറമലയിലെ പ്രശ്നം പരിഹരിക്കേണ്ടത് അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>റോഡ് നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടി</u>**

3282 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിലെ അപാകതകൾ റോഡപകടങ്ങൾക്ക് പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) സ്ഥിരമായി അപകടം ഉണ്ടാകുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലങ്ങളിൽ അപകട മുന്നറിയിപ്പുകൾ നൽകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(സി) റോഡുകളിലെ അപകടകരമായ വളവുകൾ നേരെയാക്കുന്നതിനും വീതി കൂട്ടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിൽ ബി.എം. ആൻഡ് ബി.സി. ചെയ്ത് ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തിയ റോഡുകൾ</u>**

3283 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ എത്ര കിലോമീറ്റർ റോഡുകളുണ്ടെന്നും ഇതിൽ എത്ര കിലോമീറ്റർ ബി.എം. ആൻഡ് ബി.സി. ചെയ്ത് ഉന്നത നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

**<u>പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ - മണലി റോഡ് നവീകരണം</u>**

3284 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക (250 ലക്ഷം) നീക്കി വയ്ക്കുകയും ഭരണാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്ത പുതുക്കാട് മണ്ഡലത്തിലെ തൃക്കൂർ - മണലി റോഡ് നവീകരണ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഗതാഗതയോഗ്യമല്ലാതായ തൃക്കൂർ - മണലി റോഡ് നവീകരണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>തിരുവല്ല - മല്ലപ്പള്ളി - ചേലക്കൊമ്പ് റോഡ്</u>**

3285 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് കാലതാമസം നേരിടുന്നതിനാൽ നിർമ്മാണ പ്രവൃത്തികൾ നടക്കാത്ത തിരുവല്ല - മല്ലപ്പള്ളി - ചേലക്കൊമ്പ് റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സമീപന പാത നാലുവരിയാക്കാൻ നടപടി

3286 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കല്ലടി-മേപ്പാടി തുരങ്കപാതയുടെ സമീപന പാത നാലുവരിയായി വികസിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതിനായി അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## നെട്ടൂമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം

3287 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ നെട്ടൂമ്പ്രക്കാട് - വിളക്കുമരം പാലം നിർമ്മാണം പൂർത്തീകരിച്ചെങ്കിലും അപ്രോച്ച് റോഡ് തകർന്ന് കിടക്കുന്നതുമൂലം ഉദ്ഘാടനം നടക്കാതിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാലത്തിന്റെ ഒരു കര പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിലും മറുകര ഗ്രാമീണ റോഡും ആയതുകൊണ്ട് പുനർനിർമ്മാണം നടക്കാത്ത സാഹചര്യത്തിൽ ഗ്രാമീണ റോഡ് കൂടി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പാലത്തിലൂടെയുള്ള യാത്ര സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കണ്ണമ്പ്ര–മണപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി

3288 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജക മണ്ഡലത്തിലെ കണ്ണമ്പ്ര–മണപ്പാടം റോഡ് സൈഡ് പ്രൊട്ടക്ഷൻ (49 ലക്ഷം) പ്രവൃത്തി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കരമന–വെള്ളറട റോഡ് നിർമ്മാണം

3289 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദിഷ്ട കരമന-വെള്ളറട റോഡ് നിർമ്മാണ പ്രൊപ്പോസലിന് പകരമായി ബദൽ നിർദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## കണ്ണൂർ വിമാനത്താവളത്തോടനുബന്ധിച്ചുള്ള നാലുവരിപ്പാത

3290 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തോട് അനുബന്ധിച്ച് പ്രഖ്യാപിച്ച നാലുവരിപ്പാതകളുടെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## വൈപ്പിൻ - മുനമ്പം റോഡിലെ ഗതാഗത തടസ്സം

3291 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട്- മുനമ്പം പാലത്തിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടെ വൈപ്പിൻ മണ്ഡലത്തിലെ ഏക സംസ്ഥാന പാതയായ വൈപ്പിൻ - മുനമ്പം റോഡിൽ അഭിമുഖീകരിക്കേണ്ടി Loadingവരുന്ന രൂക്ഷമായ ഗതാഗത തടസ്സം പരിഹരിക്കുവാനായി പൊതുമരാമത്ത് വകുപ്പ് ബദൽ മാർഗ്ഗങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തീരദേശ ഹൈവേയുടെ ഭാഗമായി നിർമ്മിക്കപ്പെടുന്ന അഴീക്കോട്-മുനമ്പം പാലത്തിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി വൈപ്പിൻ കരയുടെ കിഴക്കുവശത്ത് കായലോര റോഡ്, കായലോര റോഡിൽ നിന്നും കണ്ടെയ്നർ റോഡിലേക്ക് നിർദേശിക്കപ്പെട്ടിട്ടുള്ള പൂക്കാട് പാലം, ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ എന്നിവ സംസ്ഥാന-കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എൽ.എൻ. ജി. ടെർമിനൽ, വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, ഡി. പി. വേൾഡ്, മുനമ്പം ഫിഷിംഗ് ഹാർബർ തുടങ്ങിയ സ്ഥാപനങ്ങളുടെ വ്യവസായിക പ്രാധാന്യവും അഴീക്കോട്-മുനമ്പം പാലവും തീരദേശ ഹൈവേയും യാഥാർത്ഥ്യമാകുന്നതോടെ ദ്വീപ് മണ്ഡലമായ വൈപ്പിൻകരയിൽ രൂപപ്പെടാവുന്ന ഗതാഗത തടസ്സവും കണക്കിലെടുത്ത് കായലോര റോഡ്, പൂക്കാട് പാലം, ഒന്നും മൂന്നും ഗോശ്രീ പാലങ്ങൾക്ക് സമാന്തരമായുള്ള പാലങ്ങൾ എന്നിവ സാഗർമാല പോലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസിലെ സൗകര്യങ്ങൾ

3292 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് പൊതുജനങ്ങൾക്കും ജീവനക്കാർക്കും ചെലവ് കുറഞ്ഞതും മികച്ചതുമായ താമസസൗകര്യം നൽകുന്നുണ്ടോ; ഇതു വഴി മെച്ചപ്പെട്ട വരുമാനം സർക്കാരിന് ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സൗകര്യങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ ആധുനിക ഡിജിറ്റൽ സംവിധാനം പ്രയോജനപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഏതൊക്കെ രീതിയിലാണെന്ന് വിശദമാക്കാമോ;

(സി) എല്ലാ റസ്റ്റ് ഹൗസിലും പാർക്കിംഗ് സൗകര്യം ലഭ്യമാണോ; വ്യക്തമാക്കാമോ;

(ഡി) വൈദ്യുത വാഹനങ്ങൾ വ്യാപകമായി ഉപയോഗിക്കുന്ന ഈ കാലഘട്ടത്തിൽ കെ. എസ്. ഇ. ബി.യുമായി സഹകരിച്ച് ചാർജിംഗ് സ്റ്റേഷനുകൾ നടപ്പിലാക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**<u>പൊതുമരാമത്ത് (കെട്ടിട) വിഭാഗം നടപ്പാക്കിയ പ്രവൃത്തികൾ</u>**

3293 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം മണ്ഡലത്തിൽ പൊതുമരാമത്ത് (കെട്ടിട) വിഭാഗം മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രോപ്പോസലുകൾ ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**<u>ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി</u>**

3294 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ നിർവഹണ ചുമതലയിലുള്ള വിവിധ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

**<u>ചാത്തന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ നവീകരണ പ്രവൃത്തികൾ</u>**

3295 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി (വിവിധ സർക്കാർ ഓഫീസുകളുടെ നവീകരണം) പൊതുമരാമത്ത് (ഇ) വകുപ്പിന്റെ 20/12/2024 ലെ സ.ഉ.(സാധാ) നം.1321/2024 നമ്പർ ഭരണാനുമതി ഉത്തരവിന്റെ തുടർനടപടി എന്ന നിലയിൽ സാങ്കേതികാനുമതി നൽകുന്നതിനും പ്രവൃത്തി ടെൻഡർ ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉത്തരവ് നിലവിൽ വന്ന് പത്തുമാസമായിട്ടും പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് സാങ്കേതികാനുമതി പോലും നല്കാൻ കഴിയാത്ത സാഹചര്യം എന്താണെന്ന് വിശദമാക്കാമോ;

(സി) വിദൂരങ്ങളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വിവിധ പ്രവൃത്തികൾക്ക് ഒറ്റ സാങ്കേതികാനുമതി നൽകി ഒന്നായി ടെൻഡർ ചെയ്യുന്നതുമൂലമുണ്ടാകുന്ന അസൗകര്യവും പ്രവൃത്തികളിലുണ്ടാകാവുന്ന കാലതാമസവും പരിഗണിച്ച് രണ്ട് സാങ്കേതികാനുമതികൾ നൽകി പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യണമെന്ന

ആവശ്യം പരിഗണിക്കാൻ ഭരണപരമായും നിയമപരമായും തടസങ്ങൾ ഉണ്ടോയെന്നും എങ്കിൽ അവ എന്തെല്ലാമെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തുടർന്ന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ

3296 **ശ്രീ എം എസ് അരുൺ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന മാവേലിക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയതും അനുവദിച്ചതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; അവയുടെ തൽസ്ഥിതി വ്യക്തമാക്കുമോ?

## ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രം കെട്ടിട നിർമ്മാണം

3297 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വിശ്രമ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ

3298 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമ കേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം പരിഷ്കരണങ്ങളിലൂടെ സർക്കാറിന് വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

## വിശ്രമകേന്ദ്രങ്ങളുടെ നവീകരണം

3299 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് വിശ്രമകേന്ദ്രങ്ങൾ നവീകരിക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്കുണ്ടായ നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സർക്കാറിന് വരുമാന വർദ്ധനവ് ഇത്തരം പരിഷ്കരണങ്ങളിലൂടെ ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ?

## ഞാറക്കൽ ഫിഷറീസ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണം

3300 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്രശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി 1.53 കോടി രൂപയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 1 കോടി രൂപയും അനുവദിച്ചിട്ടുള്ളതും പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയതുമായ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ ഫിഷറീസ് യു. പി. സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

## തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേനയുള്ള പ്രവൃത്തികൾ

3301 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തവനൂർ മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം മുഖേന ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭിച്ചതെന്നും ഓരോ പ്രവൃത്തിക്കും എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## തൃപ്പൂണിത്തുറ ഇരുമ്പ് പാലം

3302 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നഗരസഭയെയും കൊച്ചിൻ കോർപ്പറേഷനെയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം (ഇരുമ്പ് പാലം) ബലക്ഷയം മൂലം വർഷങ്ങളായി അടഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഈ പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(സി) ഈ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും വ്യവഹാരങ്ങൾ നിലവിലുണ്ടോ; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നും എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

## അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണം

3303 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണം ട്രൈബൽ കണക്ടിവിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിൽ വല്ലത്തായിക്കടവിലെ പാലം നിർമ്മാണം

3304 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വല്ലത്തായിക്കടവിൽ നിർമ്മിക്കുന്ന പാലം പ്രവൃത്തിയുടെ ഡിസൈനിൽ അവസാന ഘട്ടത്തിൽ മാറ്റം വന്നതിനാൽ പ്രസ്തുത പ്രവൃത്തി നിർത്തിവെക്കേണ്ടി വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുവദിച്ച തുകയിൽ മാറ്റമില്ലാത്തതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## തിരുവല്ല മണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങൾ

3305 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജകമണ്ഡലത്തിലെ പാറക്കടവ്, കോൺകോഡ് പാലങ്ങളുടെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## അഴീക്കോട് - മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ

3306 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ നിന്നും 154.625 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴീക്കോട് - മുനമ്പം പാലത്തിന്റെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് തടസമായിരുന്ന സ്ഥലമെടുപ്പ് സംബന്ധിച്ച കേസുകളുടെ വിധിയുടെ വിശദാംശം ലഭ്യമാക്കാമോ; വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പാലത്തിനായി ഏറ്റെടുക്കുന്ന പള്ളിപ്പുറം പഞ്ചായത്ത് വാങ്ങിയ സ്ഥലത്തിനും അവിടെയുള്ള കെട്ടിടത്തിനും നഷ്ടപരിഹാരതുക ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ഡി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മേൽപ്പാലം നിർമ്മാണം

3307 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മേൽപ്പാലവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

## പാലങ്ങളുടെ നിർമ്മാണം

3308 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ബലക്ഷയമുള്ളതും അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ പാലങ്ങൾ പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം വിവിധ ജില്ലകളിൽ നിന്നായി റിപ്പോർട്ട് ചെയ്യുന്ന പാലങ്ങളുടെ നിർമ്മാണത്തിനാവശ്യമായ ഫണ്ട് അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കോട്ടയം ജില്ലയിൽ നിന്നു മാത്രം ഇപ്രകാരം എത്ര പാലങ്ങളുടെ നിർമ്മാണഫണ്ടിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) പുതുപ്പള്ളി നിയോജകമണ്ഡലത്തിലെ എരുത്തുപുഴ പാലം, വാഴങ്കൽ പാലം, തോട്ടയ്ക്കാട് ചേലമറ്റംപടി പാലം എന്നിവയുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

## കുമ്പളം-തേവര പാലം നിർമ്മാണം

3309 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുമ്പളം-തേവര പാലം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തിക്കായി എത്ര രൂപയാണ് ചെലവ് കണക്കാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഭൂമി ഏറ്റെടുക്കേണ്ടതുണ്ടോയെന്നും; എങ്കിൽ ഇതിനായി എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടിവരുന്നതെന്നും ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പാരിസ്ഥിതിക ആഘാത പഠനം നടത്തേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത പഠനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്നും എന്നത്തേക്ക് പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണം

3310 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ മാലിപ്പുറം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പാലത്തിനായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ബജറ്റിൽ ഏഴ് കോടി രൂപ വകയിരുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുള്ള പതിനഞ്ച് കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് ഏഴ് കോടിയിൽ പരിമിതപ്പെടുത്തി സമർപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വള്ളിക്കപ്പറ്റപാലം എന്നിവയുടെ നിർമ്മാണം

3311 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ബജറ്റിൽ അടങ്കൽ തുകയുടെ 20 ശതമാനം വകയിരുത്തിയിട്ടുള്ള വെള്ളില ചോഴി പാലം നിർമ്മാണം, വള്ളിക്കപ്പറ്റപാലം നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ബജറ്റിൽ വകയിരുത്തിയ തുകയ്ക്ക് എസ്റ്റിമേറ്റ് നിജപ്പെടുത്തണമെന്ന് ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾക്ക് തുക വകയിരുത്തി ദീർഘനാളായിട്ടും ഭരണാനുമതി നൽകുന്നതിന് വകുപ്പിന് നാളിതുവരെ കഴിയാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത പാലം നിർമ്മാണ പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതി

3312 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിനെ മലപ്പുറം ജില്ലയുമായി ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതിക്കുള്ള നിർദേശം സർക്കാരിൽ

ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഇരു കരകളിലും ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാലം നിർമ്മിക്കാൻ ആവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പാലത്തിനുള്ള നിർദേശം കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നതിന് പരിഗണിക്കുമോ; വിശദമാക്കാമോ?

**നെട്ടൂർ മാർക്കറ്റ് റോഡ് പാലം, പുളയതോട് പാലം എന്നിവയുടെ നിർമ്മാണം**

3313 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരട് നഗരസഭയിലെ നെട്ടൂർ മാർക്കറ്റ് റോഡ് പാലം പുനർനിർമ്മിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഈ പദ്ധതിക്ക് വേണ്ടി ബജറ്റിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) ഈ പദ്ധതിക്കായി എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നും പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) എറണാകുളം ജില്ലയിലെ കുമ്പളം പഞ്ചായത്തിലെ ചേപ്പനം കരയും ചാത്തമ്മ കരയും തമ്മിൽ ബന്ധിപ്പിക്കുന്ന പുളയ തോട് പാലത്തിന് ബലക്ഷയം സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവിടെ പുതിയ പാലം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ഇ) ബജറ്റിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പദ്ധതി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**വർക്കല മണ്ഡലത്തിലെ മൂതല പാലം നവീകരണം**

3314 **ശ്രീ വി ജോയി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ മൂതല പാലം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം**

3315 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഇഞ്ചത്തൊട്ടിയിൽ പുതിയ പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പാലം യാഥാർത്ഥ്യമാക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ പാലം നിർമ്മാണം

3316 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ അപകടാവസ്ഥയിലുള്ള വട്ടുതല ആറ്റുപുറം റോഡിലെ മാഞ്ചിറ പാലം പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര പാലങ്ങൾ അപകടാവസ്ഥയിലുണ്ടെന്ന് വിശദമാക്കാമോ?

## കടുത്തുരുത്തി മണ്ഡലത്തിലെ പ്രളയത്തിൽ തകർന്ന പാലങ്ങളുടെ നിർമ്മാണാനുമതി

3317 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2018-ലെ പ്രളയത്തിൽ തകർന്ന കല്ലേലി (വെമ്പള്ളി-കല്ലാലി) പാലത്തിന്റെ പുനർനിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് ഏത് തീയതിയിൽ സമർപ്പിച്ചുവെന്നും ആയതിന്റെ പുരോഗതിയും അറിയിക്കാമോ;

(ബി) 05/05/2022-ൽ നടന്ന എ. എസ്. (ആന്വൽ സ്ട്രാറ്റജിക്ക്) കമ്മിറ്റി മീറ്റിങ്ങിൽ കല്ലേലി പാലത്തിന്റെ പ്രവൃത്തി പരിഗണിക്കപ്പെടാതെ പോയത് എന്തുകൊണ്ടാണ്; ആയത് പുനപരിശോധിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വയലാ-കോടിക്കുളം പാലത്തിന്റെ പുനർനിർമ്മാണം ഏത് പദ്ധതിയുടെ ഭാഗമായി പൂർത്തീകരിച്ചിരിക്കുന്നുവെന്ന് അറിയിക്കാമോ; വയലാ-കോടിക്കുളം പാലം പി. എം. ജി. എസ്. വൈ. (പ്രധാനമന്ത്രി ഗ്രാമ സഡക് യോജന ) പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കെ. ആർ. എഫ്. ബി. പദ്ധതി

3318 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലുള്ള കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ. എഫ്. ബി.) പദ്ധതിയുടെ വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## വടക്കാഞ്ചേരി ടൗൺ ബ്യൂട്ടിഫിക്കേഷൻ & നവീകരണ പ്രവൃത്തി

3319 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 - 26 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ വടക്കാഞ്ചേരി ടൗൺ ബ്യൂട്ടിഫിക്കേഷൻ & നവീകരണപ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പ് മുഖേന അഴീക്കോട് മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>**

3320 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അഴീക്കോട് മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച് വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കുമെന്നുമുള്ള വിശദ വിവരം ലഭ്യമാക്കാമോ?

**<u>പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

3321 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ ഇതേ വരെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയ്ക്കായി പൊതുമരാമത്ത് വകുപ്പ് ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ ആലപ്പുഴ ജില്ലയിൽ നിലവിൽ നടന്നു വരുന്ന പ്രവൃത്തികൾ മണ്ഡലം തിരിച്ച് അറിയിക്കുമോ?

**<u>നവകേരള സദസ്സ്</u>**

3322 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സഭയ്ക്കായി കരാറുകാരിൽ ഫണ്ട് സമാഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ആയതിൽ വകുപ്പ് മന്ത്രി ഇടപെടൽ നടത്തിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആരോപണം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം വകുപ്പ് തലത്തിൽ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ആരോപണം ഉന്നയിച്ചവർക്കെതിരെ എന്തെങ്കിലും നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ</u>**

3323 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പരിപാലനത്തിലെ അലംഭാവം, അഴിമതി, കൈക്കൂലി എന്നിവ സംബന്ധിച്ച് ഈ സർക്കാരിന്റെ കാലയളവിൽ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥർക്കെതിരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) എത്ര പരാതികളിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; എത്ര പരാതികളിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(സി) ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ലാത്ത എത്ര പരാതികൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

**<u>പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള പരാതികൾ</u>**

3324 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള ജനങ്ങളുടെ പരാതികൾ സ്വീകരിക്കുന്നതിന് സ്ഥാപിച്ചിരിക്കുന്ന ബോർഡുകളിൽ രേഖപ്പെടുത്തിയ ഫോൺ നമ്പറുകളിലേക്ക് വരുന്ന പരാതികൾക്ക് പരിഹാരം കാണുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിലൂടെ നാളിതുവരെ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചു; എത്ര പരാതികളിൽ അന്വേഷണം നടത്തി; എത്ര പരാതികളിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കാമോ?

**<u>പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ</u>**

3325 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന വിവിധ വികസന പ്രവൃത്തികൾ എന്തെല്ലാമാണ്; ആയതിന്റെ നിലവിലെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പുതുക്കാട് ആർ. ഒ. ബി., പുതുക്കാട്- മുപ്ലിയം- കോടാലി റോഡ്, കൊടകര–വെള്ളിക്കുളങ്ങര- കോടാലി റോഡ്, മലയോര ഹൈവേ, പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റീച്ച് തുടങ്ങിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

**<u>വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ</u>**

3326 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡിന്റെ (എൻ.എച്ച്. 866) നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾക്കായി സംസ്ഥാന സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാതയ്ക്കായി സംസ്ഥാനത്തിന്റെ വിഹിതം എത്രയാണ് മാറ്റിവച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## ദേശീയ പാത 66 അഴിയൂർ വെങ്ങളം റീച്ച്

3327 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 66ന്റെ അഴിയൂർ വെങ്ങളം റീച്ചിൽ സർവീസ് റോഡിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള ഡ്രൈനേജുകളുടെ കവറിംഗ് സ്ലാബുകൾക്ക് ഉറപ്പ് കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഉറപ്പ് കുറഞ്ഞ സ്ലാബുകൾ വാഹനങ്ങൾ കയറി തകർന്ന അവസ്ഥ പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## ദേശീയപാത 66-ന്റെ വികസന പുരോഗതി

3328 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസന പുരോഗതിയും ഏതെല്ലാം പ്രധാന പ്രവൃത്തികളാണ് പൂർത്തിയായതെന്നും വ്യക്തമാക്കാമോ; പുരോഗമിക്കുന്ന മറ്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ദേശീയപാത നിർമ്മാണത്തിനായി സംസ്ഥാനം കേന്ദ്രത്തിന് സാമ്പത്തിക വിഹിതം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ദേശീയപാത 66 പൂർണ്ണമായും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ പുരോഗമിക്കുന്ന മറ്റ് ദേശീയ പാതകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കോഴിക്കോട് മുത്തങ്ങ ദേശീയപാത നാല് വരിയാക്കുന്നതിന് നിർദേശമുണ്ടോ; നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

## നാഷണൽ ഹൈവേ നിർമ്മാണത്തിനായി എടുക്കുന്ന മണ്ണ്

3329 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ നിർമ്മാണവുമായി ബന്ധപ്പെട്ട് കേരളത്തിലെ പുഴകളിൽ നിന്നും ഡ്രെഡ്ജിംഗ് വഴി എടുക്കുന്ന മണ്ണിന്റെ കണക്ക് സർക്കാരിന്റെ കയ്യിലുണ്ടോ; വിശദമാക്കാമോ?

**കണ്ണൂർ-കൂട്ടുപുഴ (മടിക്കേരി) നാഷണൽ ഹൈവേ**

3330 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-കൂട്ടുപുഴ (മടിക്കേരി) നാഷണൽ ഹൈവേയുടെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നാഷണൽ ഹൈവേയുടെ പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

**എൻ. എച്ച്. എ. ഐ. യുടെ പ്രത്യേക അനുമതി**

3331 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേയിൽ ഫുട്പാത്ത് നിർമ്മാണം, ഹാന്റ് റെയിൽ സ്ഥാപിക്കൽ, ബസ്ബേ നിർമ്മിക്കൽ, ടൗണുകളിൽ വീതി കൂട്ടി നവീകരിക്കൽ തുടങ്ങിയ പ്രവൃത്തികൾ നടത്തുന്നതിന് എൻ. എച്ച്. എ. ഐ. യുടെ പ്രത്യേക അനുമതി ആവശ്യമുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) 2006-11 കാലഘട്ടത്തിൽ കൊടുവള്ളി ടൗൺ നവീകരണത്തിന് അനുവദിച്ച തുക ഉപയോഗപ്പെടുത്തി നടത്തിയ പ്രവൃത്തിക്ക് എൻ. എച്ച്. എ. ഐ. യുടെ പെർമിഷൻ വാങ്ങിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ?

**പെരുമ്പിള്ളിശ്ശേരി , പൂച്ചിന്നിപ്പാടം എന്നീ സെന്ററുകളിലെ ബസ് ഷെൽട്ടർ നിർമ്മാണം**

3332 **ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ - ഷൊർണ്ണൂർ പാതയിലെ പെരുമ്പിള്ളിശ്ശേരി, പൂച്ചിന്നിപ്പാടം സെന്ററുകളിൽ ബസ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഡി. പി. ആർ. തയ്യാറാക്കിയിരുന്നോ; വ്യക്തമാക്കാമോ;

(ബി) എം. എൽ. എ. ഫണ്ടിൽ നിന്നും നിർമ്മിക്കുന്ന ബസ് ഷെൽട്ടറുകളുടെ ഡി. പി. ആർ. -ൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ റൈറ്റ് ഓഫ് വേ ഉൾപ്പെടുത്തിയിരുന്നോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഡി. പി. ആർ. -ന് കെ. എസ്. ടി. പി. സമ്മതപത്രം നൽകാതിരുന്നിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) രണ്ട് വർഷത്തിനു ശേഷവും പ്രസ്തുത ബസ് ഷെൽട്ടറുകളുടെ നിർമ്മാണം

ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) എം. എൽ. എ. യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ കെ. എസ്. ടി. പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രൊജക്റ്റ്) യിൽ നിന്നും ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുമോയെന്ന് അറിയിക്കാമോ?

## ഡിസൈൻ പോളിസി

3333 **ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ആദ്യമായി പൊതുഇടങ്ങളിലെ നിർമ്മാണത്തിന് സമഗ്രമായ ഒരു ഡിസൈൻ നയം അംഗീകരിച്ച സംസ്ഥാനമായി മാറുന്നതിന് കേരളത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരവികസനവും ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മിതികൾ വിഭാവനം ചെയ്യാൻ ഡിസൈൻ പോളിസി കൊണ്ടുവന്നതിലൂടെ സാധിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നിർമ്മാണ മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങളാണ് ഡിസൈൻ പോളിസി കൊണ്ടുവന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ഡി) റോഡുകൾ സ്മാർട്ട് റോഡുകളാക്കുന്നതിനും ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ഡിസൈൻ പോളിസി എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദീകരിക്കുമോ?

## മണ്ണിന്റെ വില വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

3334 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി മണ്ണ് ലഭ്യമല്ലാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള വിലയെക്കാൾ ഉയർന്ന വില മാർക്കറ്റ് റേറ്റായി മണ്ണിന് നൽകേണ്ട സാഹചര്യത്തിൽ നിർമ്മാണങ്ങൾ (എർത്ത് ഫില്ലിംഗ് പ്രവൃത്തികൾ) മുടങ്ങിക്കിടക്കുന്നത് ഒഴിവാക്കുന്നതിനായി മണ്ണിന്റെ റേറ്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് നിർമ്മാണ ചുമതലയുള്ള ചെറപ്പൂക്കര പഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിന് മണ്ണ് ലഭിക്കാത്തതിനാൽ മുടങ്ങിക്കിടക്കുന്ന പ്രവൃത്തി പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ ?

## പൊതുമരാമത്ത് വകുപ്പ് കരാർ

3335 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് കരാറുകൾ അനുവദിക്കുന്ന നടപടിക്രമം സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ഏതൊക്കെ പ്രവൃത്തികളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ള ഓഡിറ്റ്, വിജിലൻസ് സംവിധാനങ്ങൾ പര്യാപ്തമാണെന്ന് വിലയിരുത്തുന്നുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിന് നടപടി**

3336 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക് നിലവിലുള്ള ലോക്കൽ മാർക്കറ്റ് റേറ്റ് എന്നാണ് പ്രാബല്യത്തിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ ഷെഡ്യൂൾഡ് റേറ്റിനേക്കാൾ കുറവായി ലോക്കൽ മാർക്കറ്റ് റേറ്റ് കാണുന്നത് കൊണ്ട് പല കരാറുകാരും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്നതും ടെൻഡറായ പ്രവൃത്തികൾക്ക് എഗ്രിമെന്റ് വെയ്ക്കുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എസ്റ്റിമേറ്റ് റേറ്റും ലോക്കൽ മാർക്കറ്റ് റേറ്റും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതിനും പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**പരസ്യത്തിനായി ചെലവഴിച്ച തുക**

3337 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ സഹിതം വ്യക്തമാക്കുമോ?

**കല്യാശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

3338 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്ല്യാശ്ശേരി മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>കേരളത്തെ വെൽനെസ് ടൂറിസം ഹബ്ബാക്കി മാറ്റാൻ നടപടി</u>**

3339 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വെൽനെസ്സ് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ആലോചിക്കുന്നത്; വിശദമാക്കാമോ;

(സി) വെൽനെസ്സ് കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**<u>തിരുവിതാംകൂർ പൈതൃക പദ്ധതി</u>**

3340 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളെ ഉൾപ്പെടുത്തി തിരുവിതാംകൂർ പൈതൃക പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലകളിലെ പ്രധാന പൈതൃക സ്മാരകങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) തിരുവിതാംകൂർ കാലഘട്ടത്തിലെ കലാ-സാംസ്കാരിക പൈതൃകം എങ്ങനെയാണ് ടൂറിസത്തിന്റെ ഭാഗമായി സംരക്ഷിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) തിരുവിതാംകൂർ പൈതൃക പദ്ധതിയിൽ പരമ്പരാഗത കൈത്തറി വ്യവസായത്തെ പരിഗണിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) തിരുവിതാംകൂറിന്റെ രാജകീയ പൈതൃകത്തെക്കുറിച്ച് ഡോക്യുമെന്റേഷൻ നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

**<u>ട്രാവൽ ലിറ്റററി ഫെസ്റ്റിവൽ വ്യാപിപ്പിക്കാൻ നടപടി</u>**

3341 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന ട്രാവൽ ലിറ്റററി ഫെസ്റ്റിവൽ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ കേരളത്തിലെ സാഹിത്യകാരന്മാരെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

## ടൂറിസം മേഖലയിൽ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ

3342 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ ആവശ്യമായ പരിശീലനം ലഭ്യമാക്കുന്നതിനായി നടത്തുന്ന പ്രത്യേക സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിദേശഭാഷാ പരിജ്ഞാനം, ട്രാവൽ ഗൈഡ്, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് മുതലായ മേഖലകളിൽ യുവജനങ്ങളെ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം മേഖലയിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ-സ്വകാര്യ പങ്കാളിത്തത്തിലൂടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഹോം സ്റ്റേ, കലാ-സാംസ്കാരിക പരിപാടികൾ, പ്രാദേശിക ഭക്ഷ്യോല്പന്ന വിപണനം തുടങ്ങിയവ വഴി ഗ്രാമീണ മേഖലകളിൽ തൊഴിൽ സൃഷ്ടിക്കാനുള്ള പദ്ധതികൾ വിശദമാക്കാമോ?

## കൊല്ലം ജില്ലയിലെ ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട്

3343 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പ്രഖ്യാപിച്ച ജൈവ വൈവിധ്യ വിനോദസഞ്ചാര സർക്യൂട്ട് പദ്ധതിയിലുൾപ്പെടുത്തി പുനലൂർ നിയോജക മണ്ഡലത്തിൽ ഒന്നും രണ്ടും ഘട്ടങ്ങളിലായി മലമേൽ ടൂറിസം, തെന്മല ഇക്കോടൂറിസം എന്നീ പദ്ധതിപ്രദേശങ്ങളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഓരോ ഘട്ടത്തിനും എത്ര തുകയാണ് അനുവദിച്ചതെന്നും പ്രസ്തുത ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള തുടർനടപടികളെക്കുറിച്ചും വിശദമാക്കാമോ;

(സി) മേൽ വിഷയത്തിൽ ഇൻഫ്രാസ്ട്രക്ചറൽ ഡവലപ്മെന്റ് കോർപറേഷൻ (കർണാടക) ലിമിറ്റഡ് (ഐഡെക്) എന്തൊക്കെ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) തെന്മല ഇക്കോടൂറിസം പദ്ധതിയ്ക്കായി 2024 മുതൽ സംസ്ഥാന ബജറ്റുകളിൽ ആകെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നതുൾപ്പെടെ വകയിരുത്തിയ തുകയുടെ

ഉപയോഗസ്ഥിതി, നടപ്പിലാക്കിയ ഘടകങ്ങൾ, ശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

## <u>വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗതസൗകര്യം</u>

3344 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരം റോഡുകളുടെ ശോചനീയാവസ്ഥ വയനാട് ഉൾപ്പെടെയുള്ള വിനോദ സഞ്ചാരകേന്ദ്രങ്ങളുടെ സാധ്യതകളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ഇക്കോ ടൂറിസം കേന്ദ്രങ്ങൾ</u>

3345 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങൾ വർഷത്തിൽ നിരവധി ദിവസം അടഞ്ഞുകിടക്കുന്നത് മേഖലയിലെ ടൂറിസം സാധ്യതകളെ ദോഷകരമായി ബാധിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ജില്ലയിലെ ഓരോ ഇക്കോ ടൂറിസം കേന്ദ്രങ്ങളും അടച്ചിട്ട ദിവസങ്ങളുടെ എണ്ണം വ്യക്തമാക്കുമോ;

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങൾ കൂടുതൽ ദിവസം സഞ്ചാരികൾക്ക് തുറന്നു കൊടുക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ളുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതി</u>

3346 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ളുങ്ങാംപാറ ഇക്കോ ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## <u>ഡി.റ്റി.പി.സി. യുടെ മലമ്പുഴ ഗാർഡനിലെ എച്ച് ആർ തൊഴിലാളികൾ</u>

3347 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.റ്റി.പി.സി.യുടെ മലമ്പുഴ ഗാർഡനിൽ എച്ച്. ആർ. തൊഴിലാളികളായി ജോലി ചെയ്യുന്നവരിൽ 60 വയസ്സ് പൂർത്തിയായവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരം പിരിച്ചുവിടുന്നവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; പി. എഫ്., ഇ. എസ്. ഐ. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഇത്തരം ജീവനക്കാരെ യാതൊരു ആനുകൂല്യങ്ങളും നൽകാതെ പിരിച്ചുവിടുന്ന നടപടി ഒഴിവാക്കുമോ; വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞവരിൽ ആരോഗ്യമുള്ള തൊഴിലാളികളെ 70 വയസ്സുവരെ ജോലിയിൽ തുടരുന്നതിനും ആരോഗ്യപരമായി തൊഴിൽ ചെയ്യാൻ കഴിയാത്തവർക്ക് സ്വയം വിരമിക്കുന്നതിനും അവസരം നൽകുമോ; ഇപ്രകാരം സ്വയം വിരമിക്കുന്നവർക്ക് ന്യായമായ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞ തൊഴിലാളികൾക്ക് പി. എഫ്., ഇ. എസ്. ഐ. എന്നിവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തുമ്പൂർമുഴി ശലഭോദ്യാനത്തിന്റെ സൗന്ദര്യവൽക്കരണം

3348 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തുമ്പൂർമുഴി ശലഭോദ്യാനത്തിൽ സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 2017-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രവൃത്തിയുടെ നിർവഹണ ചുമതല നൽകിയത് ഏത് ഏജൻസിക്കായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രവൃത്തിയുടെ നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഇ) പ്രവൃത്തിയുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരങ്ങളുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

## തീരദേശ ഹൈവേയുടെ വികസനവും ടൂറിസം മേഖലയും

3349 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വികസനത്തിലൂടെ തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനും സഹായിക്കുമോ; വിശദമാക്കുമോ;

(സി) ഡെസ്റ്റിനേഷൻ ടൂറിസം, സൈക്കിൾ ടൂറിസം എന്നീ മേഖലകളുടെ പുരോഗതിക്ക് തീരദേശ ഹൈവേയുടെ പൂർത്തീകരണം സഹായിക്കുമോ; വിശദമാക്കുമോ?

## കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതി

3350 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ ടോക്കൺ പ്രൊവിഷൻ അനുവദിച്ച് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷമെങ്കിലും രണ്ടാം ഘട്ട പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കാമോ?

## അതിരപ്പിള്ളി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം

3351 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി വെള്ളച്ചാട്ടത്തിനു സമീപം ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് മൊബിലൈസേഷൻ അഡ്വാൻസായി ഭവനനിർമ്മാണ ബോർഡിന് അനുവദിച്ച തുക എത്രയെന്നും അനുവദിച്ചത് എന്നാണെന്നും അറിയിക്കാമോ;

(ബി) മൊബിലൈസേഷൻ അഡ്വാൻസായി തുക അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച്ച വരുത്തിയതിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) മൊബിലൈസേഷൻ അഡ്വാൻസായി നൽകിയ തുക ഭവനനിർമ്മാണ ബോർഡിൽ നിന്നും തിരികെ ഈടാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) ഭവനനിർമ്മാണ ബോർഡിൽ നിന്ന് തുക തിരികെ ഈടാക്കി മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെന്മാറ നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതകൾ

3352 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ ടൂറിസം സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കണ്ടെത്തിയ സ്ഥലങ്ങളിൽ ടൂറിസം വികസനത്തിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പ്രവൃത്തികൾ

3353 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ വിനോദസഞ്ചാര വകുപ്പ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ 2021 മുതൽ 2025 വരെ ബജറ്റിൽ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം

3354 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ കല്ല്യാശ്ശേരി മണ്ഡലത്തിൽ വിനോദസഞ്ചാരമേഖലയുടെ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ എത്ര തൊഴിലവസരങ്ങൾ ഉണ്ടായിട്ടുണ്ട്; വിശദാംശം നൽകാമോ?

## ബ്ലൂ ഫ്ലാഗ് ലഭിച്ചിട്ടുള്ള അഴീക്കൽ ചാൽ ബീച്ച്

3355 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലൂ ഫ്ലാഗ് അംഗീകാരം ലഭിച്ചിട്ടുള്ള അഴീക്കൽ ചാൽ ബീച്ചിൽ ടൂറിസം വകുപ്പിനു വികസന പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ബീച്ച് നവീകരിക്കുന്നതിന് പ്രത്യേക പാക്കേജ് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## തുറവൂർ വേ-സൈഡ് പാർക്ക് പുനരുദ്ധാരണത്തിന് നടപടി

3356 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുറവൂർ വേ-സൈഡ് പാർക്ക് കാടുപിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം പാർക്കിന്റെ പുരുദ്ധാരണത്തിനായി ടൂറിസം വകുപ്പ് എത്ര രൂപ ചെലവാക്കി എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാർക്ക് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേനയുള്ള പ്രവൃത്തികൾ

3357 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 - 17 മുതൽ മാവേലിക്കര മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശവും അവയുടെ തൽസ്ഥിതി വിവരവും ലഭ്യമാക്കുമോ?

## വിനോദസഞ്ചാര വകുപ്പ് പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

3358 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും(2016 - 21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തികളുടെ തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) അമ്പൂരി കുമ്പിച്ചൽകടവ് പാലത്തിൽ വി-പാർക്ക് നിർമ്മിക്കുന്നതിനും പാലത്തിന്റെ പ്രവേശന ഭാഗത്തെ ഭിത്തികളിൽ ഗോത്ര സംസ്കാരത്തെയും സാംസ്കാരിക പൈതൃകത്തെയും സൂചിപ്പിക്കുന്ന ആർട്ടീരിയ മാതൃകയിൽ ചുമർ ചിത്രങ്ങൾ തയ്യാറാക്കുന്നതിനും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) അരുവിപ്പുറം മഠം കേന്ദ്രമാക്കി ടൂറിസം അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ഡി) പാറശാല മണ്ഡലത്തിൽ ടൂറിസം വകുപ്പ് പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

## കൂരാച്ചുണ്ട് നമ്പിക്കുളം ടൂറിസം പദ്ധതി

3359 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ നമ്പിക്കുളം ടൂറിസം പദ്ധതിയുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

## ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി

3360 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ ബാവിക്കര ടൂറിസം പദ്ധതി എത്ര ഘട്ടങ്ങളിലായാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## കുണ്ടറയിലെ ടൂറിസം പദ്ധതികൾ

3361 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി കുണ്ടറ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ പുതിയ ടൂറിസം പദ്ധതികൾ

3362 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2023-25 കാലയളവിൽ ആരംഭിച്ച പുതിയ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

## എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി

3363 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രസ്തുത പദ്ധതിക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

## പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ

3364 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പയ്യന്നൂർ മണ്ഡല പരിധിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ചിത്രകുളം നവീകരണം

3365 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ചിത്രകുളം നവീകരിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതി ശിപാർശയും ആയതിന്റ ഡി.പി.ആർ.-ഉം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികൾ

3366 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മുൻസർക്കാരിന്റെ കാലത്തും(2016-21) ഈ സർക്കാരിന്റെ കാലയളവിലും വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>**വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകളുടെ സൗന്ദര്യവത്ക്കരണം**</u>

3367 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മൈതാനം അണ്ടർ പാസേജിന്റെ ചുമരുകൾ സൗന്ദര്യവത്ക്കരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി ടൂറിസം വകുപ്പിന് നൽകിയിട്ടുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഭരണാനുമതിയ്ക്കുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

<u>**പൊതു വിനോദസഞ്ചാര കേന്ദ്രം**</u>

3368 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നടയറ പാലത്തിന് കീഴിലുള്ള സ്ഥലം ഓപ്പൺ ജിം, കുട്ടികളുടെ പാർക്ക് തുടങ്ങിയ സൗകര്യങ്ങളുള്ള പൊതു വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുന്നതിന് ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും സർവേ സ്കെച്ചും എൻ. ഒ. സി. യും ലഭിക്കുന്നതിന് ഏത് വകുപ്പിനാണ് കത്തയച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പൊതുമരാമത്ത്, റവന്യൂ വകുപ്പുകൾക്ക് കത്തയച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>**വർക്കല കായൽ ടൂറിസം പദ്ധതികൾ**</u>

3369 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിലെ ഹരിഹരപുരം, കാപ്പിൽ പ്രദേശങ്ങളിൽ കായൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ഭൂമി സംബന്ധിച്ച രേഖകൾ ലഭ്യമാക്കുന്നതിന് ഏത് വകുപ്പിനോടാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച വിവരങ്ങൾ നൽകാമോ?

<u>**ടൂറിസം മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ്**</u>

3370 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എടുക്കുന്നതിനും പുതുക്കുന്നതിനുമുള്ള നടപടികൾ ഏകീകരിച്ച് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം സംബന്ധമായ കോഴ്സുകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ആരംഭിക്കുന്നത് ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ടൂറിസം സാധ്യതകൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിനും സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യസംസ്കരണം

3371 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും വലിച്ചെറിയുന്നതും വിവിധ മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, ഇൻസിനറേറ്ററുകൾ മുതലായവ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

## വാമനപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് പദ്ധതികൾ

3372 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വാമനപുരം മണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്നും അതിനായി ചെലവഴിച്ച തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) മണ്ഡലത്തിൽ പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ ടൂറിസം വികസനം

3373 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നടപടി

3374 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്കുള്ള വിദേശ സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി വിപുലമായ വിനോദസഞ്ചാര വിപണന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ;

(ബി) അന്താരാഷ്ട്ര തലത്തിൽ കേരള ടൂറിസത്തിന്റെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിന് ആധുനിക ഡിജിറ്റൽ വിപണന തന്ത്രങ്ങൾ എത്രത്തോളം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) അന്താരാഷ്ട്ര ടൂറിസം മേഖലയിൽ കേരളത്തിന്റെ പരമ്പരാഗത ടൂറിസം ഉല്പന്നങ്ങൾക്കുപരിയായി എന്തെല്ലാം നൂതന ഉല്പന്നങ്ങൾ ലോകസഞ്ചാരികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) അന്താരാഷ്ട്ര ടൂറിസം മേഖലയിൽ കാലത്തിനനുയോജ്യമായ ഉല്പന്നങ്ങളിലൂടെ മികച്ച പ്രകടനം കാഴ്ചവെക്കുന്നതിനും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും കേരള ടൂറിസത്തിന് കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാനുള്ള നടപടികൾ

3375 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## അഴീക്കോട് ചാൽ ബീച്ച് ഫെസ്റ്റിവൽ

3376 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ചാൽ ബീച്ച് ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നുവെന്ന ആരോപണം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫെസ്റ്റിവലിന്റെ നടത്തിപ്പിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ഫെസ്റ്റിവലുമായി ബന്ധപ്പെട്ട് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തൊക്കെ ചുമതലകളാണ് നിർവഹിച്ചിട്ടുള്ളത്; വിനോദസഞ്ചാര വകുപ്പിൽ നിന്നും ഫെസ്റ്റിവലിന് പണം അനുവദിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര വകുപ്പ് ഈ വിഷയത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണ്; ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ

3377 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഉത്തരവാദിത്ത ടൂറിസം മിഷന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുക വഴി ടൂറിസം രംഗത്തുണ്ടായിട്ടുള്ള മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി സംസ്ഥാനത്താകെ എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ; സംസ്ഥാനത്ത് നടപ്പാക്കിയ അനുഭവ പരിചയ ടൂർ പാക്കേജുകളുടെ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത മിഷന്റെ ഭാഗമായി ആരംഭിച്ച വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ ടൂറിസം രംഗത്ത് എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്; ഇതിലൂടെ എത്ര കുടുംബങ്ങളാണ് നേരിട്ട് ടൂറിസം രംഗത്തേക്ക് കടന്നു വന്നിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി നടപ്പാക്കിയ വില്ലേജ് പ്ലാൻ - പീപ്പിൾസ് റെസ്പോൺസിബിൾ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കാമോ?

**<u>ടൂറിസം മേഖലയിലെ പ്രചാരണ പ്രവർത്തനങ്ങൾ</u>**

3378 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയിലെ പ്രചരണ പ്രവർത്തനങ്ങൾ, മാർക്കറ്റിംഗ്, ബ്രാൻഡിംഗ്, ക്യാമ്പയിനുകൾ എന്നിവ ആഭ്യന്തര-വിദേശ ടൂറിസ്റ്റുകളുടെ വരവ് വർദ്ധിപ്പിക്കാൻ എപ്രകാരം സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) വിദേശി ടൂറിസ്റ്റുകളുടെ വരവും ആഭ്യന്തര ടൂറിസ്റ്റുകളുടെ വർദ്ധനവും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയിലും തൊഴിൽ അവസരങ്ങളിലും ഉണ്ടാക്കിയ മാറ്റങ്ങൾ വിശകലനം ചെയ്യാമോ;

(സി) കേരള ടൂറിസം വകുപ്പിന്റെ പുതിയ പദ്ധതികളായ ആർ. ടി. മിഷൻ, അഡ്വഞ്ചർ ടൂറിസം, കലാ മേളകൾ എന്നിവ സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലും സാംസ്കാരിക ഇടങ്ങളിലും എന്തെല്ലാം മാറ്റങ്ങൾ സൃഷ്ടിച്ചു എന്ന് വിശദമാക്കാമോ;

(ഡി) ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായി കേരളം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ ടൂറിസം നേരിടേണ്ടി വരുന്ന വെല്ലുവിളികളും അവയെ മറികടക്കാൻ സ്വീകരിക്കുന്ന നടപടികളും വിശദമാക്കാമോ?

## വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പരസ്യത്തിനായി ചെലവഴിച്ച തുക

3379 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാറിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്, ഈ കാലയളവിൽ പരസ്യ ഇനത്തിൽ ചെലവഴിച്ച ആകെ തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കാമോ?

## ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ

3380 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹോംസ്റ്റേകളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കി ക്ലാസ്സിഫിക്കേഷൻ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഹോംസ്റ്റേകൾ രജിസ്റ്റർ ചെയ്യുന്നതിനും ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്താൻ നടപടി

3381 **ശ്രീ വി ജോയി**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ദേശീയോത്സവമായ ഓണത്തെ ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ആസൂത്രണം ചെയ്ത കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നടപടികളുടെ ഭാഗമായി എത്ര വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

## വിദ്യാഭ്യാസ നിലവാര സർവേ

3382 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. കെ. പ്രേംകുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിദ്യാഭ്യാസ നിലവാര സർവേയിൽ സംസ്ഥാനത്തിന് മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംസ്ഥാനത്ത് കൈക്കൊണ്ട പ്രത്യേക നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ദേശീയ പാഠ്യപദ്ധതി സർവേയിൽ സംസ്ഥാനത്തെ വിദ്യാർത്ഥികൾ നേടിയ മുന്നേറ്റം സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണെന്ന് വിശദമാക്കുമോ;

(ഡി) വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മാ പുരോഗതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ആസൂത്രണം ചെയ്യുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച തുക

3383 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ 2025 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച തുക എത്രയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) 2016 മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് ജില്ല, വർഷം തിരിച്ച് ലഭ്യമാക്കുമോ?

## പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

3384 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ ഈ അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) കുട്ടികൾ കുറയുന്നതുമൂലം അദ്ധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## പുതിയ സ്കൂൾ കെട്ടിടങ്ങൾ

3385 **ശ്രീ ആന്റണി രാജു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ അനുമതി നൽകി

തുക അനുവദിച്ചത്;

(ബി) ഇവയിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത സ്കൂൾ കെട്ടിട നിർമ്മാണങ്ങൾ ഉടൻ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

## <u>ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം</u>

3386 **ഡോ. കെ. ടി. ജലീൽ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി ഇൻക്ലൂസീവ് വിദ്യാഭ്യാസം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പഠനത്തിന് സഹായകമാവുന്ന സൗജന്യ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപകരെ ഇൻക്ലൂസീവ് വിദ്യാഭ്യാസത്തിൽ പരിശീലിപ്പിക്കുന്നതിനായി പ്രത്യേക പരിപാടികൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) ഭിന്നശേഷിയുള്ള കുട്ടികൾക്ക് ഗൃഹാധിഷ്ഠിത പഠനവും റീഹാബിലിറ്റേഷൻ സഹായവും നൽകുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഇൻക്ലൂസീവ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ സ്കൂളുകളിൽ സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി ഒരു ഏകീകൃത പാഠ്യപദ്ധതി</u>

3387 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് മതിയായ പ്രാധാന്യം നല്കാതെ അവഗണിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ഈ മേഖലയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വിശദമാക്കുമോ;

(ബി) ഒരു ഏകീകൃതമായ പാഠ്യപദ്ധതി പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനായി രൂപീകരിച്ച് അദ്ധ്യാപകർക്ക് സമയബന്ധിതമായി പരിശീലന ക്ലാസുകൾ നൽകുന്നതിനും ഈ മേഖലയിൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ഈ മേഖലയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഗവ. സ്കൂളുകളിലെ പ്രീപ്രൈമറി അദ്ധ്യാപകരുടെ നിയമനം പി. എസ്. സി. യ്ക്ക് വിടുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ

വിശദമാക്കുമോ?

**കാസർഗോഡ് ഡയറ്റിലെ ജീവനക്കാരുടെ ശമ്പളവും മറ്റ് അനുകൂല്യങ്ങളും**

3388 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഡയറ്റിൽ (ഡിസ്ട്രിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ ട്രെയിനിംഗ്) എത്ര സ്ഥിരം ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡയറ്റിലെ ഉദ്യോഗസ്ഥർക്ക് ശമ്പളവും ആനുകൂല്യങ്ങളും കൃത്യമായി ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ ശമ്പളമാണ് കുടിശിക ആയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) ശമ്പളവും ആനുകൂല്യവും ലഭിക്കാത്തത് കാരണം ജീവനക്കാർക്ക് ഉണ്ടായ പ്രയാസങ്ങളും മാനസിക സംഘർഷങ്ങളും സർക്കാർ വിലയിരുത്തുമോ; ശമ്പളവും ആനുകൂല്യങ്ങളും പുനസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

**സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ**

3389 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സ്കൂൾ വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധനക്കായി വകുപ്പിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും പ്രസ്തുത പരിശോധനകൾ കൃത്യമായി നടക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷയുമായി ബന്ധപ്പെട്ടുള്ള എന്തെങ്കിലും അപകടങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ഡി) സ്കൂൾ കുട്ടികളുടെ യാത്ര സുരക്ഷിതമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ട്രെയിനിങ് നല്കി വരുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) സ്കൂളുകളിൽ നിന്നും വിനോദ യാത്രകൾ പോകുന്നതിനു പാലിക്കേണ്ട നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണ് വിനോദ യാത്രകൾ സംഘടിപ്പിക്കപ്പെടുന്നതെന്ന് ഉറപ്പാക്കാൻ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ;

(എഫ്) സ്കൂൾ കെട്ടിടങ്ങളുടെയും വാഹനങ്ങളുടെയും സുരക്ഷ ഉറപ്പാക്കാൻ ഭാവിയിൽ എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് ആസൂത്രണം ചെയ്യുന്നത്; വിശദാംശം നൽകാമോ?

**എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പുകളുടെ വിതരണം**

3390 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. എസ്. എസ്., യു. എസ്. എസ്. സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര വർഷത്തെ കുടിശിക നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുടങ്ങിയ തുക എപ്പോൾ വിതരണം ചെയ്യുമെന്ന് വിശദമാക്കുമോ?

**<u>പൊതുവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ</u>**

3391 **ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പൊതുവിദ്യാഭ്യാസ രംഗത്ത് മൂല്യനിർണ്ണയത്തിലടക്കം നടപ്പാക്കിയ മാറ്റങ്ങളെന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ ക്ലാസ് മുറികളിൽ ലഭ്യമാക്കിയിട്ടുള്ള സാങ്കേതിക സൗകര്യങ്ങളും സംവിധാനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാലയങ്ങളിൽ പ്രവേശനം നേടാത്തവർ, പഠനത്തിനിടയിൽ സ്കൂളിൽ നിന്ന് കൊഴിഞ്ഞുപോയവർ എന്നിവരെ കണ്ടെത്തി പൊതുവിദ്യാലയങ്ങളിലേക്കെത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(ഡി) പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികളെ രാജ്യത്തെ മികച്ച ഉന്നതപഠന കേന്ദ്രങ്ങളിൽ പ്രവേശനം ലഭിക്കത്തക്ക വിധത്തിൽ പ്രാപ്തരാക്കാൻ നടപ്പിലാക്കിയ കർമ്മപദ്ധതി വിശദമാക്കാമോ?

**<u>സൗജന്യ യൂണിഫോം വിതരണത്തിന് നൽകാനുള്ള തുക</u>**

3392 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2022-2023, 2023-2024 എന്നീ അദ്ധ്യയന വർഷങ്ങളിൽ വിദ്യാർത്ഥികൾക്ക് സൗജന്യമായി നൽകുന്ന യൂണിഫോം വിതരണത്തിനുള്ള തുക സർക്കാർ നൽകിയിട്ടുണ്ടോ; ഇനി നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

**<u>പൊതുവിദ്യാഭ്യാസ വകുപ്പ് ജീവനക്കാർ നേടിയിട്ടുള്ള അനുകൂല കോടതി വിധികളിൽ സ്വീകരിച്ച നടപടി</u>**

3393 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമനാംഗീകാരം, ശമ്പള കുടിശിക, മറ്റ് സർവീസ് പ്രശ്നങ്ങൾ തുടങ്ങിയവയിൽ അനുകൂല കോടതി വിധി സമ്പാദിച്ചിട്ടുള്ള, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും

ഫയലുകളിൽ സർക്കാരും വിദ്യാഭ്യാസ വകുപ്പിലെ മറ്റ് സ്ഥാപനങ്ങളും തീർപ്പാക്കാനുള്ളവയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുടെ എണ്ണവും അവ ആരുടേതെല്ലാമാണെന്നും ഏതു വിഷയത്തിലാണെന്നും ഉള്ള വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫയലുകളിൽ കോടതിയലക്ഷ്യ ഉത്തരവ് ലഭിച്ചവയുടെ എണ്ണവും അവ ആരുടേതെല്ലാമാണെന്നും ഏതു വിഷയത്തിലാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തവയുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് കോടതി നിർദേശിച്ച സമയപരിധി കഴിഞ്ഞിട്ടും തീർപ്പാക്കാത്തതിനും കോടതിയലക്ഷ്യ നടപടികളിലേക്ക് എത്തിക്കുന്നതിനും കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ 2021 മുതൽ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

**കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ**

3394 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ കോങ്ങാട് മണ്ഡലത്തിലെ സ്കൂളുകളിൽ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകൾ**

3395 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നടത്തിയ ഇടപെടലിനെ തുടർന്ന് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും എണ്ണം, പഠന മികവ് എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണുണ്ടായതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 2016 - 17 അക്കാദമിക വർഷം മുതൽ 2025 - 26 അക്കാദമിക വർഷം വരെ ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ പഠനം നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം അക്കാദമിക വർഷം തിരിച്ച് എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗം എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രധാന അധ്യാപകർ, പ്രിൻസിപ്പൽ എന്നിവരില്ലാത്ത എത്ര സ്കൂളുകളുണ്ടെന്നുള്ള കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലേക്ക് 2:1 എന്ന അനുപാതത്തിൽ ഹൈസ്കൂൾ എച്ച്. എം. / വൈസ് പ്രിൻസിപ്പൽ പ്രമോഷൻ നിയമനം പുന:പരിശോധിക്കുന്നതിന് കേരള ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്നിവിടങ്ങളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള നിർദേശങ്ങളോ ഉത്തരവുകളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പും അതിൽ സ്വീകരിച്ചിരിക്കുന്ന നടപടികളുടെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(ഇ) ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അനുവദിച്ചിരിക്കുന്ന സ്ഥിരം ബാച്ചുകളിൽ അംഗീകാരം ലഭിക്കാത്ത അദ്ധ്യാപക തസ്തികകൾ ഉണ്ടെങ്കിൽ അത്തരം തസ്തികകൾ എത്രയാണെന്ന് വിഷയം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്തെ ഗവ. ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറവായതിന്റെയോ ഇല്ലാതായതിന്റെയോ അടിസ്ഥാനത്തിൽ മലബാർ മേഖലയിലേക്ക് ട്രാൻസ്ഫർ ചെയ്ത ഹയർ സെക്കണ്ടറി ബാച്ചുകളുടെ അദ്ധ്യാപക തസ്തികകളും അവിടേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അത്തരം ബാച്ചുകളിലെ അദ്ധ്യാപക തസ്തികകൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

3396 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട ഉളിയനാട് ഗവ. എച്ച്. എസ്സിനും നെടുങ്ങോലം ഗവ. എച്ച്. എസ്. എസ്സിനും ചാത്തന്നൂർ കോയിപ്പാട് ഗവ. എൽ. പി.എസ്സിനും കിഫ്ബിയിൽ നിന്നും ഒരു കോടി മുപ്പത് ലക്ഷം രൂപ വീതം വിനിയോഗിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളിലെ നിലവിലെ സ്ഥിതി ഓരോ സ്കൂളും വേർതിരിച്ച് അറിയിക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച സ്കൂളുകളിൽ പ്രവൃത്തി ഇടയ്ക്ക് നിലച്ചുപോയത് പുനരാരംഭിക്കാൻ കഴിയാതെ നീണ്ടുപോകുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം

3397 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര സാഹചര്യങ്ങളിൽ സ്കൂളുകളിൽ പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള പരിശീലനം വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) കുട്ടികൾക്ക് സുരക്ഷാ മുന്നറിയിപ്പുകൾ, അടിയന്തര സാഹചര്യങ്ങളിൽ ഇടപെടേണ്ട രീതികൾ എന്നിവ സംബന്ധിച്ച് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## പൊതുവിദ്യാലയങ്ങളിലെ കായിക വിദ്യാഭ്യാസം

3398 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കായിക വിദ്യാഭ്യാസത്തിന് വേണ്ട പ്രാധാന്യം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ മതിയായ എണ്ണം കായികാധ്യാപകരുടെ തസ്തികകൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കായികാധ്യാപകരുടെ കുറവുമൂലം ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലങ്ങളിൽ കായിക വിദ്യാഭ്യാസം വേണ്ട രീതിയിൽ നടത്താനാവാത്ത സാഹചര്യമുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) സ്കൂളുകളിൽ കായിക വിദ്യാഭ്യാസം തടസ്സരഹിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ അധ്യാപക തസ്തികൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഹൈടെക് ക്ലാസ് മുറികൾ</u>

3399 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സർക്കാർ സ്കൂളുകളിൽ നാളിതുവരെ എത്ര ക്ലാസ് മുറികൾ ഹൈടെക് ആക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) വാമനപുരം മണ്ഡലത്തിൽ സർക്കാർ എയിഡഡ് വിദ്യാലയങ്ങളിൽ നാളിതുവരെ ഹൈടെക് ആക്കി മാറ്റിയ ക്ലാസ് മുറികൾ എത്രയാണെന്ന് എൽ. പി., യു. പി., ഹൈസ്കൂൾ, ഹയർസെക്കണ്ടറി തിരിച്ച് നൽകാമോ;

(സി) എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ ക്ലാസ് മുറികളെ അപേക്ഷിച്ച് ഹൈടെക് ക്ലാസ് മുറികളിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>പാറശ്ശാല മണ്ഡലത്തിലെ സ്കൂളുകളിലെ വർണ്ണക്കൂടാരം പദ്ധതി</u>

3400 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് വർണ്ണക്കൂടാരം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പദ്ധതി പ്രകാരം പ്രസ്തുത സ്കൂളുകൾക്ക് അനുവദിച്ച തുകയും വർഷവും പദ്ധതിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പൊതു വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് പാറശാല മണ്ഡലത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും തൽസ്ഥിതി എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ പൊതു വിദ്യാഭ്യാസ വകുപ്പ് നേരിട്ട് പാറശാല നിയോജക മണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, മറ്റ്

അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിശദാംശം സ്കൂൾ തിരിച്ച് ലഭ്യമാക്കുമോ?

**<u>സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി</u>**

3401 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്ലാൻ ഫണ്ട് ഉപയോഗിച്ച് അഴീക്കോട് മണ്ഡലത്തിലെ എതെല്ലാം സ്കൂളുകൾക്കാണ് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) അതിന്റെ നിലവിലെ സ്ഥിതി, വകയിരുത്തിയ തുക തുടങ്ങിയ വിശദാംശങ്ങൾ നൽകാമോ?

**<u>വർണക്കൂടാരം പദ്ധതി</u>**

3402 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്ര സ്കൂളുകളിലാണ് വർണക്കൂടാരം പദ്ധതി നടപ്പിലാക്കിയത്; വിശദമാക്കുമോ?

**<u>കല്യാശ്ശേരി മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ</u>**

3403 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21, 2021-25 കാലയളവുകളിൽ കല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പിന്തുണ</u>**

3404 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികളെ ശാസ്ത്രീയവും പ്രായോഗികവുമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുകയും ആവശ്യമായ പിന്തുണ നൽകി പ്രസ്തുത അവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിച്ച് പഠനം മുന്നോട്ടുകൊണ്ടുപോകുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

**<u>നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുന്നതിനുള്ള നടപടി</u>**

3405 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നീന്തൽ പരിശീലനം കരിക്കുലം പദ്ധതിയുടെ ഭാഗമാക്കുമെന്ന് പ്രഖ്യാപിച്ചതിന്റെ ഭാഗമായി എന്തൊക്കെ തുടർപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്കൂൾ അവധിക്കാലത്തുൾപ്പെടെ മുങ്ങിമരണങ്ങൾ ധാരാളം റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ കുട്ടികൾക്ക് സ്കൂളുകളിൽ നീന്തൽ പരിശീലനം ഏർപ്പെടുത്തുന്നത് ഉചിതമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

**ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ**

3406 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യം**

3407 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കുന്ന സബ്ജക്ട് മിനിമം പദ്ധതിയുടെ ലക്ഷ്യമെന്താണെന്ന് വിശദമാക്കാമോ;

(ബി) സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് നൽകപ്പെടുന്ന അക്കാദമിക സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ കുട്ടികളിലെ പഠന നിലവാരം ഉയരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സബ്ജക്ട് മിനിമം പദ്ധതിയുടെ ഭാഗമായി അദ്ധ്യാപകരുടെ പരിശീലനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഇ) ഗ്രാമീണ- നഗര മേഖലകളിലെ വിദ്യാർത്ഥികൾക്ക് സമാനമായി പ്രയോജനപ്പെടുന്ന തരത്തിൽ പ്രത്യേക പിന്തുണ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**ഉദുമ മണ്ഡലത്തിൽ ചാലഞ്ച് ഫണ്ടിൽ നിന്ന് തുക അനുവദിച്ച സ്കൂളുകൾ**

3408 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തികവർഷം മുതൽ നാളിതുവരെ ഉദുമ മണ്ഡലത്തിൽ ചാലഞ്ച് ഫണ്ട് പദ്ധതിയിൽ നിന്ന് ഏതൊക്കെ സ്കൂളുകൾക്കാണ് ഫണ്ട്

അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി</u>**

3409 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പ്രസ്തുത യോഗത്തിൽ നിർദേശിച്ച് നാളിതുവരെയായിട്ടും പ്രവൃത്തികൾ ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ലഭിച്ച ഫണ്ടുകൾ</u>**

3410 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മട്ടന്നൂർ മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ലഭിച്ച ഫണ്ടുകളുടെയും പ്രവൃത്തികളുടേയും വിശദാംശം ലഭ്യമാക്കാമോ?

**<u>കാട്ടാക്കട മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ</u>**

3411 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കീഴിൽ അനുമതി ലഭ്യമായതും പൂർത്തിയായതുമായ വികസന പ്രവർത്തനങ്ങൾ സ്കൂളുകൾ തിരിച്ച് വിശദമാക്കാമോ;

(ബി) വർണ്ണക്കൂടാരം, ഡിജിറ്റൽ ക്ലാസ് റൂം, കെട്ടിട നിർമ്മാണം എന്നിവ തരംതിരിച്ച് ഓരോ സ്കൂളിനും അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

**<u>സർവശിക്ഷാ അഭിയാൻ കേരളയ്ക്ക് അനുവദിച്ച വിഹിതം</u>**

3412 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ സർവശിക്ഷാ അഭിയാൻ കേരള (എസ്.എസ്. കെ.)യ്ക്ക് അനുവദിച്ച കേന്ദ്രവിഹിതം, സംസ്ഥാന വിഹിതം എന്നിവ വർഷാടിസ്ഥാനത്തിൽ

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ശമ്പളം അനുവദിക്കുന്ന എത്ര ജീവനക്കാരാണ് 2016 മുതൽ എസ്.എസ്. കെ.-യിൽ ജോലി ചെയ്തുവരുന്നതെന്നും ജീവനക്കാരുടെ നിയമനരീതി (അന്യത്ര സേവനം, കരാർ നിയമനം, ദിവസവേതനം) ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) എസ്. എസ്. കെ.-യിൽ 2016 മുതൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമിതരായവർ, കരാർ നിയമനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ, ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ എന്നിവർക്ക് 2016 മുതൽ വേതനം അനുവദിക്കുന്നതിനുള്ള ചെലവ് വിശദമാക്കാമോ;

(ഡി) എസ്.എസ്.കെ.-യിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരുടെ ശമ്പളം കഴിച്ചുള്ള തുക 2016 മുതൽ എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ?

## പരീക്ഷാ സമ്പ്രദായത്തിൽ സമഗ്രമാറ്റം

3413 **ശ്രീ. സി.സി. മുകുന്ദൻ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ പഠന രീതികളിലും പാഠ പുസ്തകങ്ങളിലും വന്ന മാറ്റത്തോടൊപ്പം പഠനത്തെ വിലയിരുത്തുന്ന രീതിയിലും മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഓരോ വിദ്യാർത്ഥിയും ഭയരഹിതമായി പരീക്ഷയെയും പഠനത്തെയും സമീപിക്കുന്നതിന് സഹായിക്കുന്ന തരത്തിലുള്ള മാറ്റം മൂല്യനിർണയ സമ്പ്രദായത്തിലും കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പരീക്ഷാ സമ്പ്രദായത്തിനൊപ്പം ചോദ്യങ്ങളുടെ സ്വഭാവവും രീതിയും കാലാനുസൃതമായ പരിഷ്കരണത്തിന് വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പുതിയകാല മത്സര പരീക്ഷകളിൽ മികച്ച വിജയം കൈവരിക്കുന്നതിനുള്ള പ്രാരംഭ പരിശീലനം എന്ന നിലയിലേക്ക് ക്ലാസ് പരീക്ഷകളെ പരിവർത്തിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പ്ലാൻ ഫണ്ടുകൾ അനുവദിച്ച സ്കൂളുകൾ

3414 **ശ്രീ. പി.വി. ശ്രീനിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഏതെല്ലാം സ്കൂളുകൾക്ക് പ്ലാൻ ഫണ്ട്, മറ്റ് ഫണ്ടുകൾ അടക്കം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്ലാൻ ഫണ്ടിൽ വിവിധ സ്കൂളുകൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് സ്കൂളുകളുടെ പേരുകൾ സഹിതം വ്യക്തമാക്കാമോ;

(സി) പ്ലാൻ ഫണ്ട് അനുവദിച്ച സ്കൂളുകളുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് കിഫ്ബി, നബാർഡ് ഫണ്ടുകൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും സ്കൂളുകളുടെ പേര് സഹിതം വ്യക്തമാക്കാമോ?

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

3415 **ശ്രീ. പ്രമോദ് നാരായൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കലാ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) കലാ വിദ്യാഭ്യാസത്തിനുള്ള ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പ്രവൃത്തികൾ

3416 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

## പാഠപുസ്തക പരിഷ്കരണത്തിൽ പങ്കാളിത്തമുള്ളവരുടെ സമീപനം

3417 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാഠപുസ്തകങ്ങളുടെ പരിഷ്കരണത്തിൽ പങ്കാളിത്തമുള്ള അദ്ധ്യാപകരുടെയും വിദ്യാഭ്യാസ വിദഗ്ദ്ധരുടെയും മക്കൾ പൊതുവിദ്യാലയത്തിലാണ് പഠിക്കുന്നത് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## നെന്മിനി ജി.എം.യു.പി. സ്കൂളിന് പുതിയ കെട്ടിടം

3418 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ നെന്മിനി ജി.എം.യു.പി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്കൂൾ ഹെഡ്മാസ്റ്ററും പി. ടി. എ പ്രസിഡണ്ടും 17/09/2025-ന് പൊതുവിദ്യാഭ്യസ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ പരിഗണിച്ച് സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കോഴിക്കോട് നോർത്ത് ഈസ്റ്റ്ഹിൽ ഗവൺമെൻറ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണം

3419 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഈസ്റ്റ്ഹിൽ ഹയർസെക്കൻഡറി സ്കൂൾ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി പുതുക്കി നൽകുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## ഹയർ സെക്കണ്ടറിയിലെ താത്കാലിക ബാച്ചുകൾ

3420 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകളുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതമാണെന്നും ആയത് പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ;

(ബി) 2021 മുതൽ മലബാർ മേഖലയിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ അനുവദിച്ച താത്കാലിക ബാച്ചുകൾ എത്രയാണെന്നും പ്രസ്തുത ബാച്ചുകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അവരുടെ എണ്ണവും അറിയിക്കാമോ;

(സി) അനുവദിച്ച അധിക ബാച്ചുകളിൽ സ്ഥിര അദ്ധ്യാപകരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ തസ്തിക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## പ്ലസ് വൺ സയൻസ് പ്രവേശനം

3421 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2025-26 അദ്ധ്യയന വർഷത്തിൽ പ്ലസ് വൺ സയൻസ് വിഷയത്തിൽ എത്ര വിദ്യാർത്ഥികൾ പ്രവേശനം നേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടിയവർക്കുള്ള ധനസഹായം

3422 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി വിദ്യാർത്ഥികൾക്കായി 2024 ഒക്ടോബർ മാസം കണ്ണൂരിൽ വച്ച് നടന്ന സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) ' എ' ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് നൽകേണ്ട പ്രൈസ് മണിയായ ആയിരം രൂപ നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇനിയെത്ര പേർക്ക് പ്രൈസ് മണി ലഭ്യമാക്കാൻ ഉണ്ട് എന്ന വിവരം അറിയിക്കാമോ;

(ഡി) നാളിതുവരെയും പ്രൈസ് മണി ലഭ്യമാക്കിയിട്ടില്ലെങ്കിൽ അതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാന സ്പെഷ്യൽ സ്കൂൾ കലോത്സവത്തിൽ പങ്കെടുത്ത് 'എ' ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് പ്രൈസ് മണിയായ ആയിരം രൂപ ഇതുവരെ നൽകിയിട്ടില്ലെങ്കിൽ സമയബന്ധിതമായി നൽകുമോയെന്നും എന്നത്തേക്ക് അത് നൽകി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ അവസാനിപ്പിക്കുമെന്നും അറിയിക്കാമോ?

## സ്കൂളുകളിൽ ആവശ്യമായ കളിസ്ഥലം

3423 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ വളർച്ചയ്ക്ക് ആവശ്യമായ കളിസ്ഥലങ്ങൾ സ്കൂളുകളിൽ ഉണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഓരോ സ്കൂളിനും വേണ്ട കളിസ്ഥലങ്ങളുടെ വിസ്തീർണ്ണം എത്രയെന്ന് നിശ്ചയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ആവശ്യമായ കളിസ്ഥലം ഒരുക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കളിസ്ഥലമില്ലാത്ത പൊതുവിദ്യാലയങ്ങൾ

3424 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ കളിസ്ഥലമില്ലാത്ത പൊതു വിദ്യാലയങ്ങളുടെ പട്ടിക നൽകാമോ;

(ബി) കളിസ്ഥലങ്ങളുള്ളതും എന്നാൽ കായികാദ്ധ്യാപകർ ഇല്ലാത്തതുമായ സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കാമോ?

## സ്കൂളുകളിലെ സ്ഥിരം കായിക അദ്ധ്യാപകർ

3425 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ, പ്രൈമറി വിഭാഗങ്ങളിലായി എത്ര സ്ഥിരം കായികാദ്ധ്യാപകരാണ് സേവനമനുഷ്ഠിച്ച് വരുന്നതെന്ന് ഗവൺമെന്റ്/എയ്ഡഡ് സ്കൂൾ തിരിച്ചുള്ള വിവരം നൽകാമോ;

(ബി) നിലവിൽ സ്ഥിരം കായികാദ്ധ്യാപകർ ഇല്ലാത്ത എത്ര അപ്പർ പ്രൈമറി, ഹൈസ്കൂളുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) അത്തരം സ്കൂളുകളിൽ കായിക പഠനം നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സ്കൂളുകളിൽ കായിക പഠനത്തിന് സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; നിശ്ചയിച്ച മാനദണ്ഡങ്ങളുള്ള എത്ര സ്കൂളുകളിലാണ്

നിലവിൽ സ്ഥിരം കായികാദ്ധ്യാപകർ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ;

(ഇ) സ്കൂൾ കായിക മേള, ഉപജില്ല കായിക മേള, ജില്ല കായിക മേള എന്നിവയുടെ സംഘാടനത്തിന് ആവശ്യമായ കായികാദ്ധ്യാപകരുടെ ദൗർലഭ്യം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പൊതുവിദ്യാഭ്യാസ രംഗത്ത് എ.ഐ. അധിഷ്ഠിത പരിശീലനം

3426 **ശ്രീ ആന്റണി രാജു** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ രംഗത്ത് ശക്തമായ ഒരു ഡിജിറ്റൽ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് കൈറ്റ് മുഖേന എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) എ. ഐ. അധിഷ്ഠിതമായ പരിശീലനത്തിൽ ശ്രദ്ധചെലുത്തുന്നതിന്റെ ഭാഗമായി നടത്തുന്ന പുതിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സ്കൂൾ പാഠ്യപദ്ധതിയിൽ എ. ഐ. ഉൾപ്പെടുത്തുന്ന ആദ്യ സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) പ്രത്യേക എ. ഐ. എഞ്ചിൻ വികസിപ്പിക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഇ) എ. ഐ. റോബോട്ടിക്സ് ഉൾപ്പടെയുള്ള നൂതന സാങ്കേതികവിദ്യകളെ സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കുന്നതിന് കൈറ്റ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർലാബുകളും സയൻസ് ലാബുകളും സജ്ജമാക്കുന്നതിന് ഫണ്ട്

3427 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ എന്നിവ സജ്ജമാക്കുന്നതിന് പ്ലാൻ ഫണ്ടിൽ നിന്ന് എത്ര തുകയാണ് ചെലവഴിച്ചതെന്നും ഏതൊക്കെ സ്കൂളുകൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ലാബുകളിൽ ഇ-ലൈബ്രറി സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള വ്യവസ്ഥകൾ

3428 **ശ്രീ . മുഹമ്മദ് മുഹസിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഇതിലേക്ക് നിശ്ചയിച്ചിട്ടുള്ള സ്പെസിഫിക്കേഷൻ വിവരങ്ങൾ നൽകുമോ;

(സി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന തരത്തിൽ ഇൻഫർമേഷൻ കേരള മിഷൻ നൽകിയ സ്പെസിഫിക്കേഷൻ അനുസരിച്ച വാങ്ങൽ നടത്തുന്നത് നിയമ വിധേയമാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള സ്പെസിഫിക്കേഷനെക്കാൾ ഉയർന്ന വിലയുള്ള സാധന സാമഗ്രികൾ ഇൻഫർമേഷൻ കേരള മിഷന്റെ നിർദേശാനുസരണം വാങ്ങിയത് സംബന്ധിച്ച് സംസ്ഥാന ഓഡിറ്റ് വകുപ്പ് വിദ്യാഭ്യാസ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ;

(ഇ) പൊതുവിദ്യാലയങ്ങളിൽ എം. എൽ. എ. ഫണ്ട് ഉപയോഗിച്ച് സാധന സാമഗ്രികൾ വാങ്ങി നൽകുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് നൽകാമോ?

## കക്കാട് ഗവൺമെൻറ് എൽ. പി. സ്കൂൾ കെട്ടിടനിർമ്മാണം

3429 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം ഉപജില്ലയിലെ കക്കാട് ഗവൺമെൻറ് എൽ. പി. സ്കൂൾ കെട്ടിടനിർമ്മാണത്തിന് പ്ലാൻ ഫണ്ട് അനുവദിച്ച് ഭരണാനുമതി ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ നടപടി

3430 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീവാസുദേവാശ്രമം ഹയർ സെക്കണ്ടറി സ്കൂൾ ഏറ്റെടുക്കൽ പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ആഗസ്റ്റ്-6 ന് ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗത്തിന്റെ തീരുമാനമനുസരിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; പ്രസ്തുത യോഗനടപടികളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ സ്കൂളിലെ പ്രധാന അദ്ധ്യാപിക (ഇൻ-ചാർജ്) യുടെ അംഗീകാരവുമായി ബന്ധപ്പെട്ട് L3/188/24 നമ്പർ ഫയൽ ഹിയറിംഗ് കഴിഞ്ഞ് മാസങ്ങളായിട്ടും തീരുമാനമാകാതെയിരിക്കുന്നത് ശ്രദ്ധസർക്കാർ യിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഫയൽ ഉത്തരവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ഡി.ഡി.ഒ. കോഡ് മാറ്റുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതികൾ**

3431 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

**ബാലുശ്ശേരി മണ്ഡലത്തിലെ വിദ്യാലയങ്ങളുടെ ലയനം**

3432 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ഒരു മതിലിനാൽ വേർതിരിക്കപ്പെട്ട ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളും ബാലുശ്ശേരി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളും ലയിപ്പിച്ച് ഒരു വിദ്യാലയമാക്കണമെന്ന ദീർഘകാലത്തെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾ ലയിപ്പിച്ചാൽ രണ്ട് വിദ്യാലയങ്ങളിലും പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അത് പ്രയോജനം ചെയ്യുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്കൂളുകളുടെ ലയനം സംബന്ധിച്ച ഫയലുകളിൽ അന്തിമ തീരുമാനമുണ്ടാകുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

**റേഷ്യോ പ്രമോഷൻ കിട്ടിയ വൊക്കേഷണൽ ഇൻസ്ട്രക്ടറുടെ ശമ്പള കുടിശിക**

3433 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കൻഡറിയിൽ ലാബ് ടെക്നിക്കൽ അസിസ്റ്റന്റിൽ നിന്നും റേഷ്യോ പ്രമോഷൻ വഴി വൊക്കേഷണൽ ഇൻസ്ട്രക്ടറായി എത്രപേർക്ക് പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഇപ്രകാരം പ്രൊമോഷൻ ലഭിച്ചവരിൽ എത്രപേർക്ക് ധനവകുപ്പിന്റെ 08.09.2023 ലെ സ.ഉ. (എം.എസ്) 133/2023 (40) നമ്പർ ഉത്തരവുപ്രകാരം ശമ്പള പുനർനിർണയം നടത്തി ശമ്പള കുടിശിക അനുവദിച്ചിട്ടുണ്ട്; ഇവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(സി) ധനവകുപ്പിന്റെ 08.09.2023 ലെ സ.ഉ ( എം എസ് ) നം. 133/2023 (40) ഉത്തരവിന്റെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പിൽ ലാബ് ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിൽ നിന്നും റേഷ്യോ പ്രമോഷൻ കിട്ടി വൊക്കേഷണൽ ഇൻസ്ട്രക്ടറായ എത്രപേർക്കാണ് ശമ്പള പുനർനിർണയം നടത്തി ശമ്പള കുടിശിക അനുവദിച്ചിട്ടില്ലായെന്നത് വ്യക്തമാക്കുമോ ; ഇവരുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ഡി) ഇവർക്ക് ശമ്പള പരിഷ്കരണവും കുടിശികയും അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) ലാബ് ടെക്നിക്കൽ അസിസ്റ്റന്റുമാരിൽ നിന്നും പ്രമോഷൻ നേടി വൊക്കേഷണൽ ഇൻസ്ട്രക്ടർ ആയ എത്രപേർക്ക് ഓപ്ഷൻ പുന:ക്രമീകരിച്ച് പുതുക്കിയ ശമ്പളവും അരിയറും അനുവദിച്ചുവെന്നത് വിശദമാക്കുമോ;

(എഫ്) ഇനിയും ഓപ്ഷൻ പുന:ക്രമീകരിച്ച് അരിയർ കൊടുക്കാത്ത എത്ര പേർ ഉണ്ട്; ഇവർക്ക് എന്തുകൊണ്ടാണ് അനുവദിക്കാത്തത് എന്ന് വ്യക്തമാക്കാമോ;

(ജി) വി.എച്ച്.എസ്.സി./3225/2024-ഇ6 പ്രകാരം ശമ്പള കുടിശികയ്ക്ക് അർഹതയുണ്ടായിട്ടും ഇൻസ്ട്രക്ടർക്ക് കുടിശിക നൽകാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

## 43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സർക്കാർ ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തി നൽകാൻ നടപടി

3434 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയല എൻ. ഡി. എം. യു. പി. സ്കൂളിലെ പാർട്ട് ടൈം ഹിന്ദി ലാംഗ്വേജ് ടീച്ചർ ശ്രീമതി രാജി രാജുവിന്റെ നിയമനം അംഗീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടും ആയത് അംഗീകരിച്ച് സ്കെയിൽ ഓഫ് പേയും ശമ്പള കുടിശിക ആനുകൂല്യങ്ങളും നൽകുന്നതിന് പകരം അടൂർ എ. ഇ. ഓ. ഓഫീസ് ചട്ടവിരുദ്ധമായി താത്ക്കാലിക നിയമനം നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) സർക്കാർ ഉത്തരവ് പരിഗണിച്ച് 43 ക്ലെയ്മെന്റ് ആയ ടീച്ചറുടെ നിയമനം സ്ഥിരപ്പെടുത്തി നൽകാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) മതിയായ കാരണംകൂടാതെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനം അംഗീകരിച്ച നൽകാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ അച്ചടക്ക നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) ശ്രീമതി രാജി രാജുവിന്റെ നിയമനം സർക്കാർ അംഗീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അംഗീകാരം നൽകാതിരുന്നത് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇത്തരം കേസുകളിൽ പരാതി ഉന്നയിക്കുന്ന മാനേജ്മെന്റ്, പ്രഥമ അദ്ധ്യാപകർ, അധ്യാപകർ മുതലായവരെ വകുപ്പിലെ ഉദ്യോഗസ്ഥർ ഭീഷണിപ്പെടുത്താറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ;

(എഫ്) ശ്രീമതി രാജി രാജു വിന്റെ നിയമനം സർക്കാർ അംഗീകരിച്ച ദിനം മുതൽ നാളിതുവരെയുള്ള കുടിശിക ആനുകൂല്യങ്ങളുടെ പലിശ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ജി) എയ്ഡഡ് സ്കൂൾ നിയമനങ്ങൾ അപേക്ഷ ലഭിച്ച മൂന്ന മാസത്തിനകം അംഗീകരിച്ച നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; അപ്രകാരം

അകാരണമായി അംഗീകരിച്ച നൽകാതെ അഴിമതിക്ക് വഴിയൊരുക്കുന്ന ഉദ്യോഗസ്ഥരെ ഉടനടി പിരിച്ചു വിടാൻ നടപടി സ്വീകരിക്കുമോ?

**ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ**

3435 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് എന്തൊക്കെ മാനദണ്ഡങ്ങൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഹയർസെക്കണ്ടറി അദ്ധ്യാപകർക്ക് സ്ഥലംമാറ്റം നൽകുന്ന മാതൃകയിൽ എൽ.പി, യു.പി., ഹൈസ്കൂൾ അദ്ധ്യാപകർക്കും സ്ഥലം മാറ്റം നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നതെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ?

**പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ നിയമനാംഗീകാരം**

3436 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിലുണ്ടായ റിട്ടയർമെന്റ് ഒഴിവുകൾ ഗവൺമെന്റ് /എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നീ വിഭാഗങ്ങളിലായി വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഗവൺമെന്റ് വിദ്യാലയങ്ങളിൽ 2016 മുതൽ റിട്ടയർമെന്റ് കാരണമായി ഒഴിവുവന്ന തസ്തികകളിൽ പി. എസ്. സി. വഴി നിയമിതരായ അദ്ധ്യാപകരുടെ എണ്ണം ലോവർ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) എയ്ഡഡ് വിദ്യാലയങ്ങളിൽ 2016 മുതൽ റിട്ടയർമെന്റ് കാരണമായി ഒഴിവുവന്ന തസ്തികകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ എണ്ണം പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ തരം തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിതരായ അദ്ധ്യാപകരിൽ എത്ര പേർക്ക് നിയമനാംഗീകാരം നൽകിയെസർക്കാർന്ന് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ തരം തിരിച്ച് വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഇ) 2016 മുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിതരാവുകയും നിയമനാംഗീകാരം നൽകുകയും ചെയ്ത എത്ര അദ്ധ്യാപകർക്കാണ് ശമ്പള സ്കെയിലും ആനുകൂല്യങ്ങളും അനുവദിച്ചതെന്ന് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) 2016 മുതൽ എയ്ഡഡ് സ്കൂളുകളിൽ നിയമനാംഗീകാരം നൽകിയ അദ്ധ്യാപകർക്ക് ശമ്പള സ്കെയിൽ അനുസരിച്ചുള്ള ശമ്പളവും ആനുകൂല്യങ്ങളും തടയപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രപേർക്കാണെന്നുള്ളത്

പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിഭാഗങ്ങളായി തരം തിരിച്ച് നൽകാമോ;

(ജി) 2016 മുതൽ എയ്ഡഡ് സ്കൂളുകളിൽ നിയമിതരായി നിയമനാംഗീകാരം നേടിയ അദ്ധ്യാപകർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ശമ്പള സ്കെയിൽ അനുസരിച്ച് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ നടപടി

3437 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ യഥാസമയം അംഗീകരിക്കാൻ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാലും ആയതു നടപ്പാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) എയ്ഡഡ് സ്കൂളുകളിലെ നിയമനം യഥാസമയം അംഗീകരിച്ചു നൽകാത്ത ഉദ്യോഗസ്ഥരിൽനിന്നും പ്രസ്തുത കാലയളവിലെ ആനുകൂല്യത്തിന്മേൽ 12 ശതമാനം പലിശ ഈടാക്കി ബന്ധപ്പെട്ടവർക്ക് നൽകാൻ ശക്തമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## എയിഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപക -അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

3438 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയിഡഡ് വിദ്യാലയങ്ങളിൽ ഏരിയ ഇന്റെൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട സ്കൂളുകൾ ഉൾപ്പെടെ ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിൽ വർഷങ്ങളായി നിയമനാംഗീകാരം ലഭിക്കാത്ത അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടേയും ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയിഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇത് മൂലം നിയമനാംഗീകാരത്തിനുള്ള കാലതാമസം വർദ്ധിച്ചു എന്നതിനാൽ ഇക്കാര്യത്തിൽ നടപടികൾ വേഗത്തിലാക്കുന്നതിനും ഭിന്നശേഷി തസ്തികകൾ കൃത്യമായി മാറ്റിവെച്ച് മറ്റ് നിയമനങ്ങൾ നടത്തുന്ന സ്കൂളുകളിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിനും സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുമോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ നിരവധി സർക്കാർ ഉത്തരവുകളും ഡി.ജി.ഇ. സർക്കുലറുകളും പുറപ്പെടുവിച്ചിട്ടും സംസ്ഥനത്തെ മിക്ക വിദ്യാഭ്യാസ ഓഫീസർമാരും നിയമന അംഗീകാര ഫയലുകൾ മതിയായ കാരണങ്ങളില്ലാതെ നിരസിക്കുകയും തീർപ്പു കൽപ്പിക്കാതെ കാലതാമസം വരുത്തുകയും ചെയ്യുന്നതിനാൽ ഫയലുകൾ നിരസിക്കുന്ന പ്രവണത ഒഴിവാക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് കർശന നിർദേശം നൽകുന്നതോടൊപ്പം വേണ്ടത്ര പരിചയമില്ലാത്തവർക്ക് പ്രത്യേക പരിശീലനം നൽകുവാനും നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ എയിഡഡ് സ്കൂളുകൾ, എ. ഐ. പി. സ്കൂളുകൾ ഉൾപ്പെടെ വിദ്യാലയങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ ദിവസവേതന/ സ്ഥിരം നിയമനങ്ങൾക്ക് ഭിന്നശേഷി സംവരണ നിയമനം, അധിക തസ്തിക ഇവയുടെ പേരിലുള്ള തടസ്സങ്ങൾ പരിഹരിച്ച് വേഗത്തിൽ അംഗീകാരം നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>ഹയർ സെക്കണ്ടറി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കാൻ നടപടി</u>

3439 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തുടർച്ചയായ 3 അദ്ധ്യയന വർഷം അൻപതിലധികം വിദ്യാർത്ഥികൾ അഡ്മിഷൻ നേടിയ താൽക്കാലിക ബാച്ചുകൾ ഏതൊക്കെ; ഇത്തരം ബാച്ചുകളിൽ സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ;

(ബി) തെക്കൻ ജില്ലകളിലെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുട്ടികൾ കുറവായതിനാൽ വെട്ടിക്കുറച്ച അദ്ധ്യാപക തസ്തികകൾ, തുടർച്ചയായ അദ്ധ്യയന വർഷങ്ങളിൽ 60 കുട്ടികൾ അഡ്മിഷൻ നേടിയ താൽക്കാലിക ബാച്ചുകളിലേക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് ഷിഫ്റ്റ് ചെയ്ത് അനുവദിച്ച സ്ഥിരം ബാച്ചുകളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ എം. ആർ. എസ്. സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഈ സ്കൂളുകളിലെ പോസ്റ്റ് ക്രിയേഷൻ പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; ഇതിന്മേലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

## <u>അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം</u>

3440 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ചട്ടങ്ങൾ പ്രകാരം അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർകോട് ജില്ലയിലെ പല സ്കൂളുകളിലും മലയാളം മീഡിയത്തോടൊപ്പം കന്നഡ മീഡിയവും നിലനിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക നിർണ്ണയിക്കുമ്പോൾ മലയാളം മീഡിയം വിദ്യാർത്ഥികളുടെ എണ്ണത്തെ മാത്രം പരിഗണിക്കുന്നതിനാൽ കന്നഡ മീഡിയം വിദ്യാർത്ഥികൾക്ക് മതിയായ ഇംഗ്ലീഷ് അദ്ധ്യാപകരുടെ സേവനം ലഭ്യമാകാതെ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇംഗ്ലീഷ് അദ്ധ്യാപക തസ്തിക നിർണ്ണയത്തിൽ കന്നഡ മീഡിയം വിദ്യാർത്ഥികളുടെ എണ്ണവും കൂടി ഉൾപ്പെടുത്തി അവർക്കും സമാനമായ സൗകര്യം ലഭ്യമാക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എൽ. പി. എസ്. റ്റി. നിയമനം

3441 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.റ്റി. നിയമനവുമായി ബന്ധപ്പെട്ട സ്കൂൾ ഏകീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റ് ഇറങ്ങി നാലുമാസം പിന്നിട്ടിട്ടും നിലവിലെ എൽ.പി.എസ്.റ്റി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾക്ക് വേണ്ടത്ര നിയമനം ലഭിക്കാത്ത സാഹചര്യമാണുള്ളത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാറ്റഗറി നമ്പർ 709/2023 എൽ.പി. സ്കൂൾ അസിസ്റ്റൻറ് റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിൽ വന്നിട്ട് മൂന്നുമാസം കഴിഞ്ഞിട്ടും നാളിതുവരെയും ആർക്കും അഡ്വൈസ് പോയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുൻകാലങ്ങളെ അപേക്ഷിച്ച് നിയമനങ്ങളിൽ ഇത്രത്തോളം കുറവ് വരുന്നതിനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകളിലെ നിയമനവുമായി ബന്ധപ്പെട്ട ഒഴിവുകൾ പി. എസ്. സി. യ്ക്ക് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യുന്നുണ്ടോ എന്ന കാര്യം പരിശോധിക്കാറുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) പ്രൈമറി തലത്തിലെ എച്ച്. എം. പ്രമോഷൻ തസ്തികയായ പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർ എന്ന തസ്തിക അടിയന്തരമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി അദ്ധ്യാപകസംവരണം

3442 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകനിയമനങ്ങളിൽ ഭിന്നശേഷി സംവരണം ഉറപ്പുവരുത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ;

(ബി) ജില്ലകളിൽ ഇതിനായി രൂപീകരിച്ച സമിതികളുടെ ഘടനയും പ്രവർത്തനരീതിയും വിശദമാക്കാമോ;

(സി) സംവരണതത്വം പാലിച്ച് ഭിന്നശേഷി അദ്ധ്യാപകനിയമനം പൂർത്തീകരിക്കുവാൻ

നടപടി സ്വീകരിക്കുമോ?

**<u>ഭിന്നശേഷി സംവരണം പാലിച്ച് നടത്തിയ നിയമനങ്ങൾ</u>**

3443 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണം പാലിച്ച് ഭിന്നശേഷി ഉദ്യോഗാർത്ഥികളെ നിയമിച്ച എയ്ഡഡ് സ്കൂളുകളുടെ എണ്ണം അറിയിക്കാമോ; ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിൽ ആകെ നിയമനം നടന്ന തസ്തികകളുടെ എണ്ണം വ്യക്തമാക്കാമോ; ആയതിൽ നിയമനത്തിനായി അവശേഷിക്കുന്ന തസ്തികകളുടെ എണ്ണം അറിയിക്കുമോ;

(ബി) റീജിയണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഭിന്നശേഷിക്കാർക്കായി മാറ്റിവച്ച തസ്തികകളിലേയ്ക്ക് നടത്തിയ നിയമനങ്ങളുടെ എണ്ണം അറിയിക്കുമോ; ജില്ലാ സമിതികൾ മുഖേന നിയമനം നടന്നിട്ടുണ്ടോ; എങ്കിൽ എത്ര; ഓരോന്നും വിശദമാക്കാമോ;

(സി) ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി തസ്തിക മാറ്റിവെച്ചാൽ മറ്റു നിയമനങ്ങൾക്ക് അംഗീകാരം നൽകാമെന്ന ബഹു: സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതു ഉത്തരവ് ഇറക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; ആയതിന് നിയമപരമായി തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

**<u>നോഷണലായി നിയമനാംഗീകാരം നേടിയ അദ്ധ്യാപകർ</u>**

3444 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 06.02.2021 ലെ സ.ഉ (അച്ചടി) 4/2021 പൊ.വി.വ പ്രകാരം കേരളത്തിൽ ആകെ എത്ര അദ്ധ്യാപകരാണ് നോഷണലായി നിയമനാംഗീകാരം നേടിയതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമനാംഗീകാരം നേടിയ അദ്ധ്യാപകരുടെയും അവർ ജോലി ചെയ്തുവരുന്ന വിദ്യാലയങ്ങളുടെയും പേര് ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അദ്ധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർ ശമ്പളം വാങ്ങിത്തുടങ്ങിയ ദിവസം വരെയുള്ള കാലദൈർഘ്യം എത്രയാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപകരെ നോഷണലായി നിയമിച്ചപ്പോൾ സർക്കാരിനുണ്ടായ ഉണ്ടായ സാമ്പത്തിക ലാഭം എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട ഓരോ അദ്ധ്യാപകരുടെയും നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ അവർക്ക് ശമ്പളം നൽകുമോയെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം നോഷണലായി നിയമിക്കപ്പെട്ട അധ്യാപകരിൽ കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയമന തീയതി മുതൽ സ്കെയിൽ ഓഫ് പേയിൽ ശമ്പളം വാങ്ങിയിട്ടുള്ള അധ്യാപകരുടെ വിവരം ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് അടച്ചുപൂട്ടിയ സ്കൂളുകൾ

3445 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരം മണ്ഡലം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ അടച്ചു പൂട്ടിയതുവരെയുള്ള അധ്യയനവർഷം ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും സർക്കാർ ചെലവഴിച്ച തുക അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(സി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന സ്കൂളുകളിൽ അനാദായകരമായ സ്കൂളുകൾ ലയിപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിവരം മണ്ഡലം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതു വിദ്യാലയങ്ങളിൽ 50-ൽ താഴെ മാത്രം കുട്ടികൾ പഠിക്കുന്ന സർക്കാർ എയ്ഡഡ് സ്കൂളുകളുടെ വിവരം 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ചും മണ്ഡലം തിരിച്ചും പ്രത്യേകം ലഭ്യമാക്കാമോ?

## എയ്ഡഡ് വിദ്യാലയങ്ങളിലെ നിയമന അംഗീകാരം

3446 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ വിവിധ എയ്ഡഡ് വിദ്യാലയങ്ങളിൽ എത്ര പേർക്ക് നിയമന അംഗീകാരം നൽകുവാൻ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാർ നിയമന അംഗീകാര അപേക്ഷകൾ മതിയായ കാരണങ്ങൾ ഇല്ലാതെ നിരസിക്കുന്നതായും തീർപ്പുകൽപ്പിക്കാതെ കാലതാമസം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കെ. ഇ. ആർ. അധ്യായം XIV ചട്ടം 8(2) പ്രകാരം 30 ദിവസത്തിനകം തീരുമാനമെടുക്കാത്ത എത്ര നിയമന അംഗീകാര ഫയലുകൾ തൃശ്ശൂർ ജില്ലയിൽ ഉണ്ടെന്ന് ഉപജില്ല തിരിച്ച് വ്യക്തമാക്കാമോ?

## നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്.) പരീക്ഷ

3447 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 അധ്യയന വർഷത്തിൽ കേരളത്തിൽ നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് (എൻ. എം. എം. എസ്.) പരീക്ഷയ്ക്ക് വേണ്ടി അപേക്ഷിച്ചിരുന്ന കുട്ടികൾ എത്രയെന്നും അവരിൽ പരീക്ഷ എഴുതിയവരുടെ എണ്ണവും സ്കോളർഷിപ്പിന് അർഹത നേടിയവരുടെ ജില്ല തിരിച്ചുള്ള എണ്ണവും ലഭ്യമാക്കുമോ;

(ബി) 2024-25 അധ്യയന വർഷത്തിലെ എൻ. എം. എം. എസ്. പരീക്ഷയുടെ ജില്ല തിരിച്ചുള്ള വിവിധ വിഭാഗങ്ങളുടെ കട്ട് ഓഫ് മാർക്ക് തരം തിരിച്ച് നൽകാമോ;

(സി) 2024-25 അധ്യയന വർഷത്തിൽ എൻ. എം. എം. എസ്. പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ ഓരോ ജില്ലയിലെയും ആദ്യ 15 വിദ്യാർത്ഥികളുടെ പേരും അവരുടെ സ്കൂളിന്റെ പേരും ഇവരുടെ എസ്.എ.റ്റി., എം.എ.റ്റി എന്നിവയുടെ മാർക്കും വിശദമാക്കുമോ;

(ഡി) 2024-25 അധ്യയന വർഷം ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ എൻ. എം. എം. എസ്. പരീക്ഷയ്ക്കിരുത്തിയ ഓരോ ജില്ലയിലെയും 20 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഇ) 2024-25 അധ്യയന വർഷത്തിൽ എൻ. എം. എം. എസ്. പരീക്ഷ വിജയിച്ചവരുടെയും (Qualified), സ്കോളർഷിപ്പിന് അർഹത നേടിയവരുടെയും (Eligible) അടിസ്ഥാനത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഉള്ള ഓരോ ജില്ലയിലെയും ആദ്യത്തെ 20 സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നൽകാമോ;

(എഫ്) സംസ്ഥാന തലത്തിൽ എൻ. എം. എം. എസ്. സ്കോളർഷിപ്പിന് അർഹത (Eligible) നേടിയതും, സ്കോളർഷിപ്പ് പരീക്ഷ വിജയിച്ചതും (Qualified) ആയ ആദ്യ പത്ത് സ്കൂളുകളുടെ പേര്, വിജയിച്ച കുട്ടികളുടെ എണ്ണം, അപേക്ഷിച്ച കുട്ടികളുടെ എണ്ണം എന്നിവയുടെ വിവരം നൽകാമോ?

## പഠന നിലവാരം വിലയിരുത്താൻ പദ്ധതി

3448 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം വിലയിരുത്താൻ പദ്ധതി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ടെക്നിക്കൽ ഹൈസ്കൂളുകളിലെ സ്പെഷ്യൽ ട്രേഡുകളിൽ വിദ്യാർത്ഥികളുടെ എണ്ണം നിജപ്പെടുത്തിയ മാനദണ്ഡം

3449 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നിക്കൽ ഹൈസ്കൂളുകളിൽ ഈ അധ്യയനവർഷം ഒൻപതാം ക്ലാസിലെ സ്പെഷ്യൽ ട്രേഡുകളിൽ കുറഞ്ഞത് 15 വിദ്യാർത്ഥികൾ ഉണ്ടാകണമെന്ന മാനദണ്ഡം കാരണം സംസ്ഥാനത്തെ വിവിധ ടെക്നിക്കൽ സ്കൂളുകളിൽ എട്ടാം ക്ലാസിൽ നിന്നും ജയിച്ചുവന്ന നിരവധി വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള ട്രേഡുകൾ ലഭിക്കാത്ത സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിനായി സ്പെഷ്യൽ ട്രേഡുകളിൽ കുറഞ്ഞത് 15 വിദ്യാർത്ഥികൾ ഉണ്ടാകണമെന്ന മാനദണ്ഡത്തിൽ ഇളവ് വരുത്തിക്കൊണ്ട് മുഴുവൻ വിദ്യാർത്ഥികൾക്കും താല്പര്യമുള്ള ട്രേഡുകൾ പഠിക്കുന്നതിന് അവസരം നൽകുമോ; ഇതിനായി ടെക്നിക്കൽ സ്കൂളുകൾക്ക് പ്രത്യേക അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

## ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

3450 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകൾ നിലവിലുണ്ടെന്ന് വിദ്യാഭ്യാസ ജില്ല തിരിച്ച് വിശദമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുക

3451 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിലെ സർക്കാർ സ്കൂളുകൾക്ക് മെയിന്റനൻസ് ഇനത്തിൽ അനുവദിച്ച തുകയും പദ്ധതി സംബന്ധിച്ച വിവരങ്ങളും സ്കൂളിന്റെ പേര്, അനുവദിച്ച തുക, വർഷം എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

## എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം

3452 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് വൺ പ്രവേശനത്തിന് അതത് സ്കൂളുകളിൽ പഠിച്ച് എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ കുട്ടികൾക്ക് ബോണസ് മാർക്ക് നൽകുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒരു പഞ്ചായത്തിൽ ശരാശരി ഒരു ഹയർ സെക്കൻഡറി സ്കൂൾ മാത്രമാണ് ഉള്ളത് എന്നതിനാൽ ബോണസ് മാർക്ക് നൽകുന്ന സംവിധാനം ഫ്ലക്സുകളിലും മറ്റും പ്രദർശിപ്പിച്ച് വിവിധ എയ്ഡഡ് സ്കൂളുകൾ സർക്കാർ ഹൈസ്കൂളുകളിൽ പഠിക്കുന്ന

വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും ആശങ്ക സൃഷ്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതത് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഹയർ സെക്കൻഡറിപ്രവേശനത്തിന് ബോണസ് മാർക്ക് നൽകുന്നത് പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

3453 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## പുതിയ ഹയർ സെക്കൻഡറി സ്കൂൾ തുടങ്ങാൻ നടപടി

3454 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2026-27 അധ്യയന വർഷം പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇത് സംബന്ധിച്ച് ഏതെങ്കിലും നടപടി ക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) കാസർകോട് ജില്ലയിൽ സർക്കാർ മേഖലയിൽ പുതിയ ഹയർ സെക്കൻഡറി സ്കൂൾ, ബാച്ച് എന്നിവ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

## കല്യാശ്ശേരി മണ്ഡലത്തിലെ സ്കൂളുകളുടെ ബലക്ഷമത

3455 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്കൂളുകളുടെ ബലക്ഷമതാ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ ഏതൊക്ക സ്കൂളുകൾക്കാണ് ഫിറ്റ്നസ് ലഭിക്കാത്തതെന്ന് വിശദമാക്കാമോ?

## പൊതുവിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശം

3456 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിവരം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത

നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക വ്യക്തമാക്കാമോ?

## പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം

3457 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ മാതിരപ്പള്ളി ജി.വി.എച്ച്. എസ്. സ്കൂളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി വിട്ടു നൽകുന്നത് സംബന്ധിച്ച നടപടി നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹോസ്റ്റൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമം വേഗത്തിൽ പൂർത്തീകരിക്കുമോ; വ്യക്തമാക്കാമോ?

## സ്കോൾ-കേരള

3458 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ - കേരളയിൽ നിലവിലുള്ള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിന് വേണ്ടി സർക്കാർ സെലക്ട് കമ്മിറ്റി രൂപീകരിച്ചത് എന്നാണെന്ന് ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റി എത്ര യോഗങ്ങൾ ചേർന്നുവെന്നും പ്രസ്തുത യോഗങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പുകളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത കമ്മിറ്റി നടത്തിയ അഭിമുഖത്തിൽ പങ്കെടുത്ത എല്ലാ ഉദ്യോഗാർത്ഥികളുടെയും പേരും വിലാസവും യോഗ്യതകളും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കമ്മിറ്റി എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനത്തിന് തയ്യാറാക്കിയ സെലക്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റിന്റെ പകർപ്പ്, നിയമനപ്രക്രിയ വഴി തിരഞ്ഞെടുത്ത എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എച്ച്.ഡി. യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാമോ?

## ഡയറ്റിലെ ലക്ചറർ തസ്തിക

3459 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ, സീനിയർ ലക്ചറർ, പ്രിൻസിപ്പൽ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് വിഷയം തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഉത്തരവുകൾ പ്രകാരം എത്ര ലക്ചറർ ഒഴിവുകളാണ് പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ നിന്നും

വിലക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഡയറ്റുകളിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികയിൽ സ്ഥാനക്കയറ്റം നൽകാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) ഡയറ്റുകളിലുള്ള ലക്ചറർ തസ്തികകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിയിൽ തുടരുന്നവർ നൽകിയ കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കാനും അവരെ മാതൃവകുപ്പിലേയ്ക്ക് തിരിച്ചയക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യ വികസന പദ്ധതികൾ</u>

3460 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കുന്നതിനും അക്കാദമിക മികവിന് പ്രാധാന്യം നൽകുന്നതിനും എന്തെല്ലാം പദ്ധതികളാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇത്തരം ഗുണപരമായ മാറ്റത്തെ ഉൾക്കൊണ്ടുകൊണ്ട് എത്ര വിദ്യാർത്ഥികളാണ് പുതുതായി പൊതുവിദ്യാലയങ്ങളിൽ കടന്ന് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>വിരമിച്ച അദ്ധ്യാപകന്റെ പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ നടപടി</u>

3461 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വണ്ടൂർ എ.ഇ.ഒ. യുടെ കീഴിൽ വരുന്ന ഉതിരംപൊയിൽ ജി.എം.എൽ.പി. സ്കൂളിലെ അദ്ധ്യാപകനായിരുന്ന ശ്രീ റോയ് എം. മാത്യുവിന് ഡി.സി.ആർ.ജി. ലഭിക്കുന്നതിന് ബാധ്യതാരഹിത പത്രം (എൻ.എൽ.സി. ) നൽകുന്നതിൽ വണ്ടൂർ എ.ഇ.ഒ. ഓഫീസിൽ നിന്നും വരുത്തുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ചില ഉദ്യോഗസ്ഥരിൽ നിന്നും ഉണ്ടായിട്ടുള്ളതായി പറയുന്ന കൃത്യവിലോപം മൂലം ടിയാൻ അനുഭവിക്കുന്ന പ്രയാസങ്ങൾ അടിയന്തരമായി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എൻ.എൽ.സി. നൽകുന്നതിൽ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>യു.പി.എസ്.ടി. അദ്ധ്യാപികയുടെ നിയമനം</u>

3462 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റ് മേരീസ് എച്ച്.എസ്. ചെങ്ങാലൂരിലെ യു.പി.എസ്.ടി. അദ്ധ്യാപിക ശ്രീമതി അനുഷ മാത്യൂസിന്റെ നിയമനം അർഹമായ ഇളവുകൾ നൽകി അംഗീകരിക്കണമെന്ന അപേക്ഷയിലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിൽ 5 വർഷക്കാലം ഗസ്റ്റ് ലക്ചററായി സേവനം അനുഷ്ഠിച്ചതിനുശേഷം യു.പി.എസ്.ടി. യായി സെന്റ് മേരീസ് എച്ച്.എസ്. ചെങ്ങാലൂരിലേയ്ക്ക് നിയമനം ലഭിച്ച് 4 വർഷം പിന്നിട്ട ശ്രീമതി അനുഷയ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം

3463 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം പുറപ്പെടുവിച്ച 5-8-2025-ലെ (ഡി. ജി. ഇ. /13618/2025) സർക്കുലറിന്റെ അടിസ്ഥാനത്തിൽ ജില്ലാതല സമിതികൾ രൂപീകരിച്ച് ഭിന്നശേഷി സംവരണ നിയമത്തിനുള്ള കാറ്റഗറി ഒന്നു മുതൽ ഏഴ് വരെയുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം റാങ്ക് ലിസ്റ്റിലുള്ളവർക്ക് 2025 സെപ്റ്റംബർ 12 -നകം നിയമന ശിപാർശ ജില്ലാതല സമിതികൾ നൽകേണ്ടതുമായതിനാൽ ഇതുവരെ എത്ര നിയമന ശിപാർശകൾ ജില്ലാതല സമിതികൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണത്തിനായി മാറ്റിവെച്ചിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത ഒഴിവുകളിൽ എത്രയെണ്ണം ഇതുവരെ നികത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാ സമിതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതിന് കാലതാമസം നേരിടുന്നതെന്നും പ്രസ്തുത വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

## ജില്ലാ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) ലക്ചറർ തസ്തിക

3464 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിലെ (ഡയറ്റ്) വിവിധ വിഷയങ്ങളിലുള്ള ലക്ചറർ തസ്തികയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനായി എത്ര തസ്തികയിൽ ചുരുക്ക പട്ടിക പ്രസിദ്ധീകരിച്ചുവെന്നും എത്ര തസ്തികയിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്നും അറിയിക്കാമോ;

(ബി) റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച ജില്ലാ അധ്യാപക പരിശീലന കേന്ദ്രങ്ങളിൽ (ഡയറ്റ്) ലക്ചറർ തസ്തികയിൽ നിയമന ശിപാർശ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികയിൽ എത്രയെണ്ണം വീതം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) 17.06.2025-ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ അസ്സെസ്സ്മെന്റ് ആന്റ് ഇവാല്യുവേഷൻ (ബൈ ട്രാൻസ്ഫർ), 25.06.2025 -ൽ പ്രസിദ്ധീകരിച്ച ലക്ചറർ ഇൻ അസ്സെസ്സ്മെന്റ് ആന്റ് ഇവാല്യുവേഷൻ (ഡയറ്റ്) തസ്തികകളിൽ പി.എസ്.സി. നിയമന ശിപാർശ നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## വൊക്കേഷണൽ ഹയർ സെക്കൻഡറിയിലെ ടൈപ്പിസ്റ്റുകളുടെ റേഷ്യോ പ്രമോഷൻ

3465 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിലെ ടൈപ്പിസ്റ്റുകൾക്ക് 1996 മുതൽ 2020 വരെ വിവിധ ശമ്പള പരിഷ്കരണങ്ങളിൽ അനുവദിച്ച റേഷ്യോ പ്രമോഷൻ സർക്കാർ കൃത്യമായി അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) റേഷ്യോ പ്രമോഷൻ അനുവദിച്ച് നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ; എപ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## യു.പി. സ്കൂൾ അസിസ്റ്റന്റ് തിരുവനന്തപുരം ജില്ലാ റാങ്ക് ലിസ്റ്റ്

3466 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ യു.പി.സ്കൂൾ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) നിലവിൽ പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകളുണ്ട്; ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ടൈപ്പിസ്റ്റുമാർക്കുള്ള റേഷ്യോ പ്രൊമോഷൻ

3467 **ഡോ. കെ. ടി. ജലീൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ടൈപ്പിസ്റ്റുമാർക്ക് വിവിധ ശമ്പളപരിഷ്കരണങ്ങളിൽ അനുവദിച്ച റേഷ്യോ പ്രൊമോഷൻ അനുവദിച്ചു കിട്ടുന്നതിന് കോടതിയിൽ കേസ് നിലവിലുണ്ടോ;

(ബി) കേസ് നിലവിൽ വന്നതിനുശേഷം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയോ പ്രൊമോഷൻ നൽകുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

## അന്തർജില്ലാ സ്ഥലംമാറ്റ അപേക്ഷകൾ

3468 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിലെ ഗവൺമെന്റ് വി.എച്ച്. എസ്.എസ്. അച്ചൻകോവിൽ, ഗവൺമെന്റ് ടി.സി.എൻ. എം.എച്ച്.എസ്.എസ്. നെടുമ്പാറ, ഗവൺമെന്റ് എച്ച്. എസ്. വലിയകാവ്, ഗവൺമെന്റ് യു.പി.എസ്. റോസ്‌മല എന്നീ സ്കൂളുകളിൽ അന്തർജില്ലാ സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ ഇളവുകളുപയോഗിച്ച് സ്ഥലം മാറ്റം ലഭിക്കുന്നതിന് അദ്ധ്യാപകരുടെ അപേക്ഷകൾ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം പുറപ്പെടുവിച്ച 26-11-2024 ലെ നം. ഡി.ജി.ഇ/24296/2024-എ1- സർക്കുലർ പ്രകാരം അനുബന്ധമായി ചേർത്തിട്ടുള്ള ദുർഘടം പിടിച്ച/ ചെന്നെത്താൻ പ്രയാസമുള്ള/വനപ്രദേശങ്ങൾ ഉൾപ്പെടുന്ന സ്കൂളുകളുടെ പട്ടികയിൽ നിയോജക മണ്ഡലത്തിലെ മേൽ സൂചിപ്പിച്ചിട്ടുള്ള സ്കൂളുകൾ ഉൾപ്പെട്ടുവരാത്തതിനാൽ അദ്ധ്യാപകർക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ആയത് പരിഹരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## എയ്ഡഡ് സ്കൂളുകളിലെ ആശ്രിത നിയമനം

3469 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും ജീവനക്കാർക്കുമുള്ള ആശ്രിത നിയമന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## യു. പി. വിഭാഗത്തിൽ അധിക തസ്തികകൾ

3470 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അദ്ധ്യായന വർഷത്തെ തസ്തിക നിർണ്ണയത്തിൽ കോട്ടയം ജില്ലയിൽ സർക്കാർ സ്കൂളുകളിൽ യു.പി.വിഭാഗത്തിൽ അധിക തസ്തികയുള്ള സ്കൂളുകൾ ഏതൊക്കെയാണെന്നും പ്രസ്തുത തസ്തികയുടെ എണ്ണം എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2025-26 അദ്ധ്യായന വർഷം യു. ഐ. ഡി. പ്രശ്നം കാരണം തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും വ്യക്തമാക്കാമോ;

(സി) 2025-26 അദ്ധ്യായന വർഷത്തിൽ അന്തർജില്ലാ സ്ഥലം മാറ്റത്തിന് വേണ്ടി മാറ്റിയിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) 2025-26 അധ്യായന വർഷം ബൈട്രാൻഫൻസ്ഫർ പ്രമോഷന് വേണ്ടി ഒഴിച്ചിട്ടിരിക്കുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2024-25 അധ്യായന വർഷത്തെ ബൈട്രാൻസ്ഫർ പ്രമോഷനായി ഒഴിവുകൾ മാറ്റിയിട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ഒഴിവുകളെന്നും വ്യക്തമാക്കാമോ;

(എഫ്) കൈറ്റ്, ഡയറ്റ് എന്നീ സ്ഥാപനങ്ങളിലേക്ക് ഡെപ്യൂട്ടേഷനിൽ പോയ സർക്കാർ യു.പി.എസ്.റ്റി.അദ്ധ്യാപകർ ഉണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര പേരെന്നും അറിയിക്കുമോ; അവർക്ക് പകരം നിയമിച്ചവരുടെ വിവരങ്ങൾ നല്കാമോ?

## ഭാഷാദ്ധ്യാപക തസ്തിക നിർണയം

3471 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള ലോവർ പ്രൈമറി ചേർന്നുള്ള അപ്പർ പ്രൈമറി സ്കൂളിലെ ഒന്നു മുതൽ നാല് വരെ ക്ലാസുകളിലെ അറബി ഭാഷാ അദ്ധ്യാപകരെ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) എന്ന അദ്ധ്യാപക തസ്തികയിൽ നിയമനാംഗീകാരം ലഭിച്ച് ശമ്പളം കൈപ്പറ്റുന്ന ഒരു അദ്ധ്യാപകന്റെ / അദ്ധ്യാപികയുടെ തസ്തികയുടെ പേര് അടുത്തവർഷം അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുമ്പോൾ ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) (യു. പി) എന്നായി മാറുകയും ആകെ 20 പീരിയഡ് ജോലിവരികയും ചെയ്യുമെങ്കിലും രണ്ടാമത് ഒരു അറബിക് ടീച്ചർ തസ്തിക ഉണ്ടാകുന്നില്ലെന്നിരിക്കെ അഞ്ചാം ക്ലാസിൽ അറബി പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനുമുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) ഇത്തരം സ്കൂളുകളിൽ അഞ്ചാം തരത്തിൽ അറബിക് പഠനം ആരംഭിക്കുവാനും ഒരു അറബിക് ഡിവിഷൻ അനുവദിക്കാനും തസ്തിക നിർണ്ണയത്തിലെ അനുബന്ധം III പൂരിപ്പിച്ച് വിദ്യാഭ്യാസ ഓഫീസർ സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിക്കേണ്ടതുണ്ടോ; വിശദമാക്കുമോ; ഇപ്രകാരം അനുബന്ധം III ശിപാർശ സർക്കാരിലേക്ക് അയയ്ക്കുന്ന മുറക്ക് നിലവിലുള്ള ലോവർ പ്രൈമറി തസ്തിക നഷ്ടപ്പെടുമോ; പ്രസ്തുത എൽ. പി. അദ്ധ്യാപകൻ സംരക്ഷ ആനുകൂല്യമില്ലാത്തയാളും യു. പിയിൽ പഠിപ്പിക്കാൻ യോഗ്യതയുള്ളയാളുമാണെങ്കിൽ സർവീസിൽ നിന്നും പിരിച്ചുവിടപ്പെടുമോ;

(സി) അത്തരം സാഹചര്യത്തിൽ പുതിയ തസ്തിക അനുവദിച്ചു കിട്ടുന്നതുവരെ ആ വിദ്യാലയത്തിൽ 1 മുതൽ 5 വരെ ക്ലാസുകളിൽ അറബിക് പഠിപ്പിക്കാനുള്ള സംവിധാനമെന്താണ്; കുട്ടികളുടെ ക്ലാസ് കയറ്റത്തിലൂടെ അവർ പഠിച്ചു കൊണ്ടിരിക്കുന്ന ഭാഷാപഠനം യു.പി ക്ലാസിൽ എത്തുന്നതു കാരണം നഷ്ടപ്പെടുകയും തസ്തിക നഷ്ടപ്പെടുന്നതുമൂലം ആ വിദ്യാലയത്തിൽ അറബി പഠിക്കുവാൻ പകരം സംവിധാനം ഇല്ലാതിരിക്കുന്നതും കുട്ടികളുടെ അവകാശനിഷേധം അല്ലേയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഒരു വിദ്യാലയത്തിൽ പുതിയ ഡിവിഷൻ വന്നതുമൂലം പുതിയ പോസ്റ്റ് സൃഷ്ടിക്കപ്പെടുന്നില്ലെങ്കിൽ ആ വിദ്യാലയത്തിൽ തസ്തിക നിർണയം നടത്താൻ വിദ്യാഭ്യാസ ഓഫീസറുടെ സർപ്രൈസ് വിസിറ്റും വെരിഫിക്കേഷനും ആവശ്യമുണ്ടോ; ജൂനിയർ ലാംഗ്വേജ് ടീച്ചർ അറബിക് (എൽ.പി.) തസ്തിക ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) യു.പി. തസ്തികയായി മാറുമ്പോൾ അവിടെ തസ്തികയുടെ കാറ്റഗറി മാറുന്നുണ്ടോ;

(ഇ) കെ.ഇ.ആർ. ചാപ്റ്റർ 23 റൂൾ 6(2) പ്രകാരമുള്ള വിദ്യാലയത്തിൽ ഒരേ സമയത്ത് തന്നെ ഒന്നാം തരത്തിലും അഞ്ചാം തരത്തിലും അറബിക് ഭാഷാപഠനം

ആരംഭിക്കുന്നതിന് നിയമതടസ്സമുണ്ടോ; എങ്കിൽ ആ വിദ്യാലയത്തിൽ അഞ്ചാംതരത്തിൽ ചേരുന്ന പുതിയ വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ഹയർ സെക്കണ്ടറി ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിലെ ഒഴിവുകൾ

3472 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ഇംഗ്ലീഷ് അദ്ധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഒഴിവുകളുടെ മുഴുവൻ വിശദാംശവും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2024, 2025, 2026 വർഷങ്ങളിൽ മേൽപ്പറഞ്ഞ തസ്തികയിൽ വിരമിക്കൽ കാരണം എത്ര ഒഴിവുകളാണ് ഉണ്ടാകുന്നത്; വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ തസ്തികയിലെ എത്ര ഒഴിവുകൾ നിലവിൽ പി. എസ്. സി. റിക്രൂട്ട്മെന്റിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തികകൾ റിപ്പോർട്ട് ചെയ്യുന്നതിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള മുഴുവൻ ഒഴിവുകളും അടിയന്തരമായി പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ ടൈപ്പിസ്റ്റുമാർ

3473 **ഡോ. കെ. ടി. ജലീൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 10 വർഷത്തിലധികമായി എൻട്രി കേഡറിൽ തന്നെ ജോലിചെയ്യുന്ന എൽ. ഡി. ടൈപ്പിസ്റ്റുമാരുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ അവരുടെ പേര് വിവരങ്ങൾ ജോയിനിംഗ് തീയതി, വിദ്യാഭ്യാസ യോഗ്യത, ടെസ്റ്റ് യോഗ്യത, മറ്റ് സ്ഥാപന തൊഴിൽ പരിചയം എന്നിവ സഹിതം വിശദമാക്കാമോ?

## അദ്ധ്യാപക യോഗ്യതയെ സംബന്ധിച്ച സുപ്രീം കോടതി വിധി

3474 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 സെപ്റ്റംബർ ഒന്നിലെ അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹു.സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ബഹു.സുപ്രീം കോടതിയുടെ ഈ വിധിയിൽ കെ-ടെറ്റ്-ന് പകരമായി സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്), നെറ്റ് (നാഷ്ണൽ എലിജിബിലിറ്റി ടെസ്റ്റ് ) എന്നീ യോഗ്യതകൾ നേടിയ അദ്ധ്യാപകർക്ക് ഇത് ബാധിക്കുമോ; സെറ്റ്, നെറ്റ് എന്നീ

യോഗ്യതാ പരീക്ഷകൾ ടെറ്റ്-ന് പകരമല്ല എന്ന് ഈ വിധിയിൽ പറയുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) കെ-ടെറ്റ്-ന് തത്തുല്യ യോഗ്യതകളായി സർക്കാർ അംഗീകരിച്ച പി.എച്ച്.ഡി., എം.ഫിൽ., എം.എഡ്. എന്നിവ അദ്ധ്യാപക യോഗ്യതാ പരീക്ഷയ്ക്ക് തുല്യമല്ല എന്ന് ഈ വിധിയിൽ പറയുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ഹയർസെക്കൻഡറി തലത്തിലുള്ള അധ്യാപകരെ ബഹു.സുപ്രീംകോടതിയുടെ ഈ വിധി എപ്രകാരം ബാധിക്കുമെന്ന് വിശദമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ സ്കൂൾ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ 9, 10, 11, 12 ക്ലാസുകളിലെ അദ്ധ്യാപകരെ ഈ വിധി ബാധിക്കുമോയെന്ന് വിശദമാക്കാമോ;

(എഫ്) ഹൈസ്കൂൾ തലത്തിൽ 10 വർഷം സർവീസ് പൂർത്തിയാക്കിയ അദ്ധ്യാപകരെ യോഗ്യത പരീക്ഷകൾ നേടാതെ ഹയർസെക്കൻഡറിയിലേക്ക് നിയമിക്കാമെന്ന സംസ്ഥാന സർക്കാർ ഉത്തരവിനെ പ്രസ്തുത വിധി ബാധിക്കുമോ; മുൻകാല പ്രാബല്യത്തോടെ ഈ വിധി നടപ്പിലാക്കുകയാണെങ്കിൽ ഇത്തരത്തിൽ പ്രമോഷൻ നൽകിയ അദ്ധ്യാപകരെ എങ്ങനെ ബാധിക്കുമെന്ന് വിശദമാക്കാമോ;

(ജി) നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി നിയമിക്കപ്പെട്ട അദ്ധ്യാപകരെ പുതിയ നിയമം വരുമ്പോൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>വിദ്യാഭ്യാസ വകുപ്പിലെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ</u>

3475 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം, അദ്ധ്യാപകരുടെ അനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചു നൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ ജീവനക്കാർ</u>

3476 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്, 2022-23 കാലയളവിനുശേഷം നാളിതുവരെ ലഭിക്കാത്ത വിവരം

സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പി. എഫ്. ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, മേഖലാ ഓഫീസുകൾ തുടങ്ങിയവയിൽ 5 വർഷത്തിലധികം സ്ഥിരമായി ജോലി ചെയ്യുന്നവരെ മാറ്റി നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2025-26 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഈ വർഷം നഷ്ടപ്പെട്ട എത്ര അധ്യാപക തസ്തികയുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കുമോ; അവരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പൊതുവിദ്യാലയങ്ങളിലെ ഭിന്നശേഷി നിയമനം</u>

3477 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ വിവിധ തസ്തികകളിൽ ഭിന്നശേഷി വിഭാഗത്തിൽപെട്ടവരുടെ നിയമനം നടപ്പിലാക്കുന്നതിനായി ബഹു. സുപ്രീം കോടതിയുടെ എസ്.എൽ.പി.സി.(നം)9566/2023 നമ്പർ ഹർജിയിലേയും ബന്ധപ്പെട്ട കേസുകളിലേയും 30/10/2023, 27/01/2025 എന്നീ തീയതികളിലെ ഉത്തരവുകൾ പ്രകാരം ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എന്നാൽ പ്രസ്തുത തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികൾ നിലവിൽ ലഭ്യമല്ലാത്ത പക്ഷം, സ്കൂളുകളിൽ ഇപ്പോൾ ഒഴിവുള്ള മറ്റ് തസ്തികകളിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം നടത്തുന്നതിനായി ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക തടസ്സം നിലനിൽക്കുന്നുണ്ടോയെന്ന വ്യക്തമാക്കുമോ?

## <u>പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം</u>

3478 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം വർധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രീപ്രൈമറി അദ്ധ്യാപകരുടെ ഓണറേറിയം മുടങ്ങിക്കിടക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഓണറേറിയം വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രീപ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയത്തിന് പകരം ശമ്പളം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## <u>മലബാറിലെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ</u>

3479 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വിവിധ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ എത്ര അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടുണ്ടെന്നും അഡീഷണൽ ബാച്ചുകളിലേക്ക് എത്ര അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സ്ഥിരം അദ്ധ്യാപകർ ഇല്ലാത്തത് കാരണം മലബാറിലെ സ്കൂളുകളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നാലുവർഷം പൂർത്തിയായ 71 താൽക്കാലിക ബാച്ചുകളിലേക്ക് അദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) നിയമനം

3480 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019 -ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനായുള്ള എല്ലാ ഒഴിവുകളും പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നറിയിക്കാമോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ അപ്ഗ്രേഡ് ചെയ്ത ഇടമലക്കുടി സ്കൂളിലെ ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഇപ്പോൾ നിലവിലുള്ള 517 /2019-ാം നമ്പർ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത ഒഴിവുകളിൽ നിയമനം ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഇടുക്കി ജില്ലയിൽ അന്തർജില്ലാ സ്ഥലംമാറ്റം നിയമാനുസൃതം നടപ്പിലാക്കി ഇതുമൂലമുണ്ടാകുന്ന ഒഴിവുകൾ 2025 ഒക്ടോബർ 9-ന് കാലാവധി അവസാനിക്കുന്ന 517/2019 -ാം നമ്പർ യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) റാങ്ക് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശമായ അക്കാദമിക മോണിറ്ററിങ്ങിനായി പഞ്ചായത്ത് എജ്യൂക്കേഷൻ ഓഫീസർമാരെ നിയമിക്കുന്നതിനും തന്മൂലം ഉണ്ടാകുന്ന ഒഴിവുകൾ പി. എസ്. സി. യ്ക്ക് റിപ്പോർട്ടു ചെയ്ത് 517/2019-ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഇ) ഇടുക്കി ജില്ല യു. പി. സ്കൂൾ ടീച്ചർ (മലയാളം മീഡിയം) 517/2019 -ാം നമ്പർ റാങ്ക് ലിസ്റ്റിൽ നിന്നും 20 ശതമാനത്തിൽ താഴെ മാത്രം നിയമനമാണ് നടന്നിരിക്കുന്നതെന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറുമാസത്തേക്ക് കൂടി നീട്ടി നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ തൊഴിൽ സമരങ്ങൾ

3481 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന ശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര തൊഴിൽ സമരങ്ങൾ നടന്നിട്ടുണ്ടെന്നുള്ളതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ വർഷവും ഉണ്ടായിട്ടുള്ള തൊഴിൽ നഷ്ടം എത്ര വീതമാണെന്ന് വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ തൊഴിൽ സമരങ്ങൾ കാരണം ആകെ ഉല്പ്പാദനത്തിൽ എത്ര ശതമാനം കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് തൊഴിലാളി സമരങ്ങൾ മൂലം പൂട്ടിപ്പോയ വ്യവസായ സ്ഥാപനങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

## <u>പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. യിലെ ട്രേഡുകൾ</u>

3482 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.യിൽ നിലവിൽ എത്ര ട്രേഡുകളാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## <u>തൊഴിലാളി ക്ഷേമനിധി പെൻഷൻ കുടിശിക</u>

3483 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെയും അക്കൗണ്ടിൽ എത്ര തുകയുണ്ടെന്നും നിലവിൽ വിതരണം ചെയ്യേണ്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര മാസത്തെ കുടിശികയുണ്ടെന്നും എത്ര തുകയാണ് കുടിശ്ശികയിനത്തിൽ നല്കാനുള്ളതെന്നും വിവരം ലഭ്യമാക്കാമോ?

## <u>ക്ഷേമനിധി ബോർഡുകൾ</u>

3484 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും വേണ്ടി സ്ഥാപിച്ചിട്ടുള്ള വിവിധ ക്ഷേമനിധി ബോർഡുകൾ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വിവിധ തൊഴിൽ മേഖലകളിൽ തൊഴിലെടുക്കുന്ന തൊഴിലാളികളെ പൂർണ്ണമായും ക്ഷേമനിധിയുടെ സംരക്ഷണയിൽ കൊണ്ടുവരുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) ക്ഷേമനിധി ബോർഡുകൾ വഴി നൽകുന്ന സേവനങ്ങൾ പരമാവധി ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) വിവര സാങ്കേതികവിദ്യയുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം?

## കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സ്ഥിരപ്പെടുത്തൽ

3485 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 293 പേരെ സ്ഥിരപ്പെടുത്താൻ തീരുമാനം എടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ നടപടി ഹൈക്കോടതി താത്കാലികമായി സ്റ്റേ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) കുടിശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി നൽകിയതിനുശേഷം മാത്രം സ്ഥിരപ്പെടുത്തൽ നടപടി മതിയെന്ന് ഹൈക്കോടതി നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഈ കാര്യത്തിൽ സ്വീകരിക്കുന്ന തുടർനടപടി വ്യക്തമാക്കുമോ?

## കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ മുടങ്ങിയ സാഹചര്യം

3486 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടനിർമ്മാണ തൊഴിലാളികൾക്ക് ക്ഷേമപെൻഷനും മറ്റാനുകൂല്യങ്ങളും 16 മാസമായി മുടങ്ങിയിരിക്കുകയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) കുടിശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി കൊടുത്തു തീർക്കാൻ ഹൈക്കോടതി നിർദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഹൈക്കോടതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ കുടിശികയായ പെൻഷനും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി കൊടുക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ക്ഷേമനിധി ബോർഡുകളിൽ നിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

3487 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലെ ക്ഷേമനിധി ബോർഡുകളിൽ അംഗങ്ങളുടെ എത്ര മാസത്തെ ആനുകൂല്യങ്ങളാണ് കുടിശികയായിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത ബോർഡുകളുടെ മിച്ച ഫണ്ടുകൾ ട്രഷറിയിലേക്ക് മാറ്റിയിട്ടുണ്ടോ; ഇത് ബോർഡുകളുടെ പ്രവർത്തനത്തെ എങ്ങനെ ബാധിക്കുന്നു; വ്യക്തമാക്കാമോ;

(സി) ആധാർ ലിങ്കിംഗ് നിർബന്ധമാക്കുന്നത് അംഗങ്ങൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ എങ്ങനെ തടസ്സം സൃഷ്ടിക്കുന്നു വ്യക്തമാക്കാമോ;

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്രമാസത്തെ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് കുടിശികയായതെന്ന് വ്യക്തമാക്കുമോ; എത്ര തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ഇനിയും ലഭിക്കാനുണ്ട് എന്നത് വ്യക്തമാക്കാമോ?

## <u>ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധന</u>

3488 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തിൽ സംസ്ഥാനത്ത് ലേബർ ഇൻസ്പെക്ടർമാർ നടത്തിയ പരിശോധനകളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതിൽ പാലക്കാട് ജില്ലയിൽ ഏതെല്ലാം റിപ്പോർട്ടിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര വിഷയങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

## <u>കൊരട്ടി വൈഗ ത്രെഡ്സ് കമ്പനി ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ</u>

3489 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗ ത്രെഡ്സ് കമ്പനിയുടെ സമാപ്തീകരണ നടപടികളുടെയും ഇത് സംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങളുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) സമാപ്തീകരണ നടപടികൾ വേഗത്തിലാക്കി തൊഴിലാളികൾക്ക് പുനരധിവാസവും നഷ്ടപരിഹാരവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## <u>ഓട്ടോറിക്ഷ തൊഴിലാളികളുടെ ക്ഷേമനിധി</u>

3490 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓട്ടോറിക്ഷ തൊഴിലാളികളിൽ നിന്നും ക്ഷേമനിധി വിഹിതമായി പ്രതിമാസം എത്ര രൂപയാണ് ബോർഡിലേക്ക് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത തുക എന്തെല്ലാം

ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്ന് അക്കൗണ്ട് ഹെഡ് ഉൾപ്പെടെ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ക്ഷേമനിധി ബോർഡിൽ നിന്നും പുറത്താക്കിയ ഓട്ടോറിക്ഷ തൊഴിലാളികളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) മൂന്നുമാസം അംശദായം അടയ്ക്കാത്ത തൊഴിലാളികൾ ക്ഷേമനിധിയിൽ നിന്നും പുറത്തായാൽ തിരികെ ക്ഷേമനിധിയിൽ പ്രവേശിപ്പിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ക്ഷേമനിധിയിൽ നിന്നും ആനുകൂല്യങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകുന്ന അപേക്ഷകൾ തീർപ്പാക്കുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) 2021 മുതൽ നാളിതുവരെ ലഭിച്ച അപേക്ഷയിൽ ഇനിയും ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുള്ളവ എത്രയെന്ന് അറിയിക്കാമോ?

## ഐ.ടി. അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നവരുടെ മാനസിക സമ്മർദം

3491 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ആര്യാടൻ ഷൗക്കത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. അടക്കമുള്ള നിരവധി മേഖലകളിൽ ജോലി ചെയ്യുന്നവർ കടുത്ത മാനസിക സമ്മർദം അനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഐ. ടി. മേഖലയിലടക്കമുള്ള തൊഴിൽ മേഖലകളിൽ നടക്കുന്നതായി തൊഴിൽ ചൂഷണം നേരിടാൻ എന്തൊക്കെ നിയമങ്ങളാണ് നിലവിലുള്ളതെന്നും അതെല്ലാം പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ?

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട്

3492 **ശ്രീ. പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കെട്ടിട നിർമ്മാതാക്കളിൽ നിന്നും ക്ഷേമനിധി സെസ്സ് ആയി എത്ര തുകയാണ് നാളിതു വരെ പിരിച്ചെടുത്തത്; ജില്ല തിരിച്ച് വിശദാംശം നൽകാമോ;

(ബി) നിലവിൽ പ്രസ്തുത ക്ഷേമനിധിയിൽ എത്ര അംഗങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത തൊഴിലാളികളുടെ പെൻഷൻ കുടിശിക തീർത്ത് കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ഡി) ഇപ്പോൾ പ്രസ്തുത സെസ്സ് തുക പിരിച്ചെടുക്കുന്നതിൽ വലിയ കാലതാമസം നേരിടുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക കാലതാമസം കൂടാതെ പിരിച്ചെടുക്കുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

## കെട്ടിട നിർമാണത്തൊഴിലാളി ക്ഷേമനിധി സെസ്സ്

3493 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദശാബ്ദങ്ങൾക്ക് മുൻപ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങളുടെ ഉടമകൾക്ക് കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി സെസ്സ് ഒടുക്കുന്നതിന് നോട്ടീസ് നൽകി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കെട്ടിടങ്ങൾക്കാണ് സെസ്സ് ഒടുക്കുന്നതിന് നോട്ടീസ് നൽകുന്നത്; വ്യക്തമാക്കുമോ;

(ബി) കെട്ടിടം നിർമ്മിച്ച് ദശാബ്ദങ്ങൾ കഴിഞ്ഞതിനാൽ കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് സംബന്ധിച്ച രേഖകൾ ഒന്നും ഹാജരാക്കാൻ കഴിയാത്ത ഉടമസ്ഥർക്ക് സെസ്സ് നിർണ്ണയം സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭീമമായ തുക ഒടുക്കേണ്ടി വരുന്ന കെട്ടിട ഉടമകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകളോ സാവകാശമോ നൽകി വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) നോട്ടീസ് ലഭിച്ച് യഥാസമയം തുക ഒടുക്കാൻ സാധിക്കാത്തവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്;

(ഡി) സെസ്സ് നിർണ്ണയിച്ച് നോട്ടീസ് നൽകുന്നതിൽ വകുപ്പ് അഭൂതപൂർവമായ കാലതാമസം വരുത്തിയിട്ടുള്ള കേസുകളിൽ കെട്ടിട ഉടമസ്ഥർക്ക് ഉണ്ടാകുന്ന ആക്ഷേപങ്ങളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള തൊഴിലാളികളെയും ഈറ്റ തൊഴിലാളികളുടെയും ആനുകൂല്യങ്ങൾ

3494 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള ഈറ്റ തൊഴിലാളികളെയും പരമ്പരാഗത തൊഴിൽ മേഖലയിൽ ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോ?

## തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ഇരിപ്പിടം ലഭ്യമാക്കാൻ നടപടി

3495 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്ത്രീകൾക്ക് ഇരിപ്പിടം നൽകണമെന്ന നിയമം പ്രാബല്യത്തിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മണലൂർ മണ്ഡലത്തിൽ പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) മണലൂർ മണ്ഡലത്തിൽ പ്രസ്തുത നിയമം നടപ്പിലാക്കാത്ത തൊഴിലുടമകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

## ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ

3496 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗിഗ് തൊഴിലാളികളുടെ തൊഴിലവകാശങ്ങൾ സംരക്ഷിക്കുന്നതിനായി കർണ്ണാടക, തെലുങ്കാന മാതൃകയിൽ നിയമനിർമ്മാണം നടത്താൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ;

(ബി) ഗിഗ് തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ പഠിക്കുന്നതിനും തൊഴിൽ മേഖലയിലെ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## പുനലൂർ ആർ. പി. എൽ. ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിയ്ക്കുന്നതിനുള്ള നടപടി

3497 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ റബ്ബർ വ്യവസായ സാധ്യതകൾ കണക്കിലെടുത്ത്, പുനലൂർ മണ്ഡലത്തിലെ റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഭൂമിയിൽ റബ്ബർ ഇൻഡസ്ട്രിയൽ പാർക്ക് രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പുനലൂർ മണ്ഡലത്തിൽ റബ്ബർ അധിഷ്ഠിത വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുന്നതിന് റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള അനുയോജ്യമായ 40 സെന്റ് സ്ഥലം അനുവദിക്കുന്നതിന് വ്യവസായ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ, താലൂക്ക് വ്യവസായ കേന്ദ്രം തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിന്മേൽ ആർ. പി. എൽ. തുടർനടപടികളെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?;

(സി) പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി ലഭ്യമാക്കുന്നതു സംബന്ധിച്ച് റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് വഴി അനുകൂലമായ തീരുമാനം സ്വീകരിക്കുന്നത്തിനുള്ള നടപടികളെടുക്കുമോ; വിശദമാക്കാമോ?

## തൊഴിൽ വകുപ്പുമുഖേന പരസ്യത്തിനായി ചെലവഴിച്ച തുക

3498 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, ഓരോ പരസ്യത്തിനുമായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തിരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത്

ഈ കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ?

**തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കര**

3499 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനും വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾ, തൊഴിൽ അന്വേഷകർ, തൊഴിലുടമകൾ, തൊഴിലവസരങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തൊഴിലാളികൾക്ക് സർക്കാർ ലഭ്യമാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികളുടെ ഗുണഫലങ്ങൾ വേഗത്തിലും കാര്യക്ഷമമായും അവരിലേക്കെത്തിക്കുന്നതിന് തൊഴിൽ മേഖലയുടെ ഡിജിറ്റൽവൽക്കരണം എത്രത്തോളം സഹായകമായിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) വിദഗ്ദ്ധ -അവിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതയിൽ പ്രാദേശികമായി നേരിടുന്ന അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനും തൊഴിലാളികളുടെ സംസ്ഥാനാന്തരപ്രയാണം വ്യവസ്ഥാപിതമായ നിലയിലേക്ക് കൊണ്ടുവരുന്നതിനും വിവര സാങ്കേതികവിദ്യയുടെ സഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഐ.ടി. മേഖലയിലെ ജീവനക്കാരുടെ ജോലി സ്ഥിരത ഉറപ്പാക്കാൻ നടപടി**

3500 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ .ടി. കമ്പനികളിൽ നിന്നും തൊഴിൽ നിയമങ്ങൾ പാലിക്കാതെ ജീവനക്കാരെ പിരിച്ചുവിടുന്ന പ്രവണത വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവപൂർവ്വം വീക്ഷിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തു നിന്നും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഐ. ടി. മേഖലയിൽ വർഷങ്ങളായി ജോലി ചെയ്യുന്ന ജീവനക്കാരെ കമ്പനികളിൽ നിന്നും പിരിച്ചുവിടുന്ന പ്രവണത ഇല്ലാതാക്കാനും ജോലി സ്ഥിരത ഉറപ്പാക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**പയ്യന്നൂർ കരിയർ ഡവലപ്മെന്റ് സെന്ററിന് കെട്ടിടം**

3501 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കരിയർ ഡവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) പയ്യന്നൂർ കരിയർ ഡവലപ്മെന്റ് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## തൊഴിൽ വകുപ്പിലെ കാഷ്വൽ സ്വീപ്പർമാരുടെ വേതനം

3502 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീമതി ശ്രീകല, സായന്തനം, പ്ലാമൂട്, പെരിങ്ങമല എന്ന വ്യക്തി 2023 ആഗസ്റ്റ് മാസം മുതൽ 2024 ജനവരി മാസം വരെ (6 മാസക്കാലം) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പാലോട് ട്രൈബൽ എംപ്ലോയ്മെന്റ് &സി.ഡി.സി യിൽ കുടുംബശ്രീ മുഖാന്തിരം കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്നോ; എങ്കിൽ ടിയാൾക്ക് പ്രസ്തുത കാലയളവിൽ അർഹതപ്പെട്ട വേതനം നൽകിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ രണ്ടു വർഷക്കാലയളവിൽ ലേബർ വകുപ്പിന് കീഴിൽ കാഷ്വൽ സ്വീപ്പർമാരുടെ ഒഴിവുകൾ എവിടെയെല്ലാമാണ് ഉണ്ടായിട്ടുള്ളത് ; പ്രസ്തുത ഒഴിവുകളിൽ നിയമിതരായവർക്ക് എപ്രകാരമാണ് വേതനം അനുവദിച്ചത് ; വിശദമാക്കാമോ?

## ഐ. ടി. മേഖലയിലെ പ്രതിസന്ധി

3503 **ശ്രീ പി എസ് സുപാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ വി ശശി**
**ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള തലത്തിൽ അമേരിക്ക ഉൾപ്പടെയുള്ള രാജ്യങ്ങളിലെ തൊഴിൽ വിസ നിയന്ത്രണങ്ങളും വാണിജ്യ നയങ്ങളും കേരളത്തിലെ ഐ. ടി. മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് എത്രത്തോളം പ്രതിസന്ധി ഉണ്ടാക്കുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഐ. ടി. മേഖലയിൽ നിർമ്മിത ബുദ്ധിയുടെ ഉപയോഗം വർധിക്കുന്നതോടെ കൂടുതൽ പേർക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനുള്ള സാധ്യതകൾ നിലനിൽക്കുന്നുണ്ടോ; ആയത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഐ. ടി. മേഖലയിൽ നിന്ന് പിരിച്ചുവിടപ്പെടുന്ന ജീവനക്കാർക്ക് നിയമപരമായ ആനുകൂല്യങ്ങളും പുനരധിവാസവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ ഐ. ടി. മേഖലയിൽ തൊഴിലെടുക്കുന്ന ജീവനക്കാർ നേരിടുന്ന വിവിധ പ്രതിസന്ധികളെ സംബന്ധിച്ച് സമഗ്ര പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

**ഐ. ടി. ഐ. കളിലെ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) ഒഴിവുകൾ**

3504 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ. ടി. ഐ. കളിൽ ജൂനിയർ ഇൻസ്ട്രക്ടർ (സിവിൽ) എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏതെല്ലാം ഐ. ടി. ഐ. കളിലാണ് ഒഴിവുകൾ ഉള്ളതെന്ന് വിശദമാക്കാമോ;

(സി) ഒഴിവുകൾ നികത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ. ടി. ഐ.**

3505 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ പൈവളിഗെയിൽ പുതിയ ഐ. ടി. ഐ. തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഐ. ടി. ഐ. എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള തൊഴിൽ ലഭ്യത**

3506 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 2021 മുതൽ നാളിതുവരെയായി എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെയായി കോഴിക്കോട് ജില്ലയിലെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ബിരുദ കോഴ്സുകൾ കഴിഞ്ഞ എത്രപേർക്ക് തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഈ വിഭാഗങ്ങളിൽ ഏതു കാലയളവിൽ വരെ അപേക്ഷിച്ചവർക്കാണ് തൊഴിൽ ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

3507 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. നജീബ് കാന്തപുരം**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിൽ വ്യാപകമായി നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി. എസ്. സി. ക്ക് വിടാത്ത എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി നികത്തണമെന്ന വ്യവസ്ഥ പാലിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

**<u>കോട്ടയം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനങ്ങൾ</u>**

3508 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്നുള്ള വിശദവിവരങ്ങൾ നൽകാമോ?

**<u>വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.റ്റി./1383/2024-A2 നമ്പർ ഫയൽ</u>**

3509 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ആശ്രിതരുള്ള സർക്കാർ ജീവനക്കാർക്ക് സ്ഥലംമാറ്റത്തിൽ പരിഗണന നൽകണമെന്ന നിവേദനം സംബന്ധിച്ച് വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ ഡി.റ്റി/1383/2024-A2 എന്ന നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതിയും നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെയും കറണ്ട് ഫയലിന്റെയും പകർപ്പുകൾ നൽകാമോ;

(ബി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കേണ്ടത് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ആകയാൽ ആവശ്യമായ തുടർനടപടികൾക്കായി പ്രസ്തുത ഫയലിൽ നിന്നും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കത്ത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിവേദനം സംബന്ധിച്ച് വ്യവസായ പരിശീലന വകുപ്പ് ഡയറക്ടറേറ്റിലെ മേൽപ്പറഞ്ഞ ഫയലിൽ നിന്നും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലേക്ക് ശിപാർശ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

**<u>കോഴിക്കോട് ജില്ലയിലെ ഇ. എസ്. ഐ ഡിസ്പൻസറി ജീവനക്കാരുടെ സ്ഥലം മാറ്റം</u>**

3510 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് വകുപ്പിൽ കോഴിക്കോട് ജില്ലയിൽ ഫറോക്ക് ആശുപത്രിയുടെ 15 കിലോമീറ്റർ ചുറ്റളവിൽ എത്ര ഇ. എസ്. ഐ ഡിസ്പൻസറികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച 25.02.2017-ലെ സ.ഉ(പി)നം. 3/2017/ഉഭപവ. നമ്പർ ഉത്തരവ് നിലനിൽക്കുന്നതിനാൽ ഫറോക്ക് ഇ. എസ്. ഐ ആശുപത്രിയിലെ ജീവനക്കാർക്ക് കോഴിക്കോട് ജില്ലയിൽ ഒഴിവ് നിലവിലുള്ള മറ്റ് ഇ. എസ്. ഐ ഡിസ്പൻസറികളിൽ ട്രാൻസ്ഫർ പോകാൻ കഴിയാത്ത സാഹചര്യമുണ്ട് എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## റവന്യൂ കാർഡ്

3511 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുതുതായി റവന്യൂ കാർഡ് പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതലാണ് ഇത് നിലവിൽ വരുന്നത്; വിശദാംശം നൽകാമോ;

(ബി) പുതുതായി പുറത്തിറക്കുന്ന റവന്യൂ കാർഡിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്നും എവിടെയാണ് ഇതിന് അപേക്ഷിക്കേണ്ടതെന്നും വിശദമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

3512 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഇരിക്കൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമെന്നും ആയതിന് അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

## പോക്കുവരവിനുള്ള കാലതാമസം

3513 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ആധാരം രജിസ്റ്റർ ചെയ്തതിനുശേഷം ഓൺലൈൻ വഴി പോക്കുവരവിനായി വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന പ്രസ്തുത അപേക്ഷകൾ മുൻഗണനാപ്രകാരമാണോ തീർപ്പാക്കുന്നതെന്നും; അല്ലെങ്കിൽ ഈ അപേക്ഷകൾ മുൻഗണനാ പ്രകാരം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## എന്റെ ഭൂമി പോർട്ടൽ

3514 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. എം. എം. മണി**
**ശ്രീമതി ശാന്തകുമാരി കെ.**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പോർട്ടൽ സുതാര്യവും പൊതുജനങ്ങൾക്ക് സൗകര്യപ്രദവുമാകുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പോർട്ടൽ ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് എങ്ങനെ സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഡിജിറ്റൽ ഡാറ്റ അപ്ഡേറ്റിൽ പ്രസ്തുത പോർട്ടൽ എങ്ങനെയാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഭൂമി തരം മാറ്റൽ</u>**

3515 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷയുടെ നടപടിക്രമങ്ങൾ ലഘൂകരിച്ച് അപേക്ഷകന് സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിന്മേൽ നടപടി</u>**

3516 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്നത്തിന് പരിഹാരം കാണുന്നതിന് 10.09.2024-ന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നൽകിയ കത്തിൻ പ്രകാരം എൽ.ആർ. (ജെ)7/9025/24 നമ്പർ ഫയലിൽ റവന്യൂ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) മേൽ വിഷയം സംബന്ധിച്ച് 12.02.2025-ലെ 1476-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് വകുപ്പുമന്ത്രി നൽകിയ മറുപടി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാൻഡ് റവന്യൂ കമ്മീഷണർ ഈ വിഷയത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ജില്ലാ കളക്ടറടക്കമുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, തഹസിൽദാർ, മറ്റ് റവന്യൂ അധികാരികൾ ഉൾപ്പെടെ സ്ഥലം സന്ദർശനം നടത്തിയിട്ടും വിഷയത്തിൽ അനുകൂലമായോ പ്രതികൂലമായോ ഉള്ള മറുപടി നാളിതുവരെയായി നൽകാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) ജനകീയ വിഷയങ്ങളിൽ ഉത്തരവാദിത്തപ്പെട്ട ജനപ്രതിനിധികൾ രേഖാമൂലം നൽകുന്ന വിഷയത്തിൽ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ തീരുമാനം

കൈക്കൊള്ളാതെ താഴെത്തട്ടിൽ നിന്ന് റിപ്പോർട്ട് തേടുന്ന പ്രവണത തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഇ) ഓരോ ഫയലും ഒരു ജീവിതമാണെന്നും എല്ലാ സംവിധാനവും സുതാര്യമാണെന്ന സർക്കാർ നിലപാട് നിലനിൽക്കെ പൊതുജനത്തിന്റെ ജീവനെ ബാധിക്കുന്ന വിഷയത്തിന് പരിഹാരം കാണുന്നതിനായി നൽകിയ പ്രസ്തുത അപേക്ഷയിൽ വകുപ്പിൽ നിന്നും മറുപടി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഈ വിഷയത്തിൽ കമ്മീഷണർക്ക് നൽകിയ കത്ത് ബഹു.വകുപ്പുമന്ത്രി പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;?

## കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിന് കിട്ടിയ ഭൂമിയുടെ കൈവശാവകാശം

3517 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സാലയം സ്ഥാപിക്കുന്നതിനായി മാവൂർ ഗ്രാമപഞ്ചായത്തിൽ തെങ്ങിലക്കടവിൽ സർക്കാരിന് സൗജന്യമായി കിട്ടിയ ഭൂമി നിലവിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമി ജില്ലാപഞ്ചായത്തിന് കൈമാറുന്നതിന് നൽകിയ നിർദ്ദേശത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ജില്ലാ കളക്ടറോട് റിപ്പോർട്ട് ചോദിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; ആയതിന്മേൽ എന്ത് മറുപടിയാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## വില്ലേജ് ഓഫീസുകളിൽ വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള കാലതാമസം

3518 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിന്നുള്ള പൊസഷൻ, ലൊക്കേഷൻ, തണ്ടപ്പേർ വിശദാംശം തുടങ്ങിയ വിവിധതരം സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്ത് ലഭിക്കാത്തതുമൂലം പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ബാങ്ക് ലോണുകൾ ലഭിക്കാതെ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സേവനങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കാവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഓൺലൈൻ മുഖേന ലഭ്യമല്ലാത്ത സേവനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്ന് കൈപ്പറ്റ് രസീത് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സേവനങ്ങൾ മുൻഗണനാ പ്രകാരമാണോ തീർപ്പ് കല്പിക്കുന്നതെന്ന് വിശദമാക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ പദ്ധതികൾ

3519 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ റവന്യൂ വകുപ്പ് മുഖേന കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന്

വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിലെ വിവാദമായ സർവേ**

3520 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ താലൂക്കിൽ കോട്ടത്തറ വില്ലേജിലെ വിവാദമായ 1819, 1275 എന്നീ സർവേ നമ്പരുകളിൽ നിലവിൽ ആരുടെയെല്ലാം പേരിൽ എത്ര ഏക്കർ വീതം ഭൂമിയുണ്ടെന്നും വില്ലേജിൽ നികുതി അടയ്ക്കുന്നത് ആരെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വില്ലേജിലെ വിവാദമായ 1819, 524, 620, 762, 403, 404, 1275 എന്നീ സർവേ നമ്പരുകളിൽ സെറ്റിൽമെൻറ് രജിസ്റ്റർ പ്രകാരം ആദിവാസികൾക്ക് ഓരോ സർവേ നമ്പരിലും എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വിശദമാക്കാമോ;

(സി) ആദിവാസി ഭൂമി സംബന്ധിച്ച പരാതി ലഭിക്കുമ്പോൾ വില്ലേജ് ഓഫീസറും തഹസിൽദാരും സെറ്റിൽമെൻറ് രജിസ്റ്റർ പരിശോധിക്കാതെ റിപ്പോർട്ട് നൽകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവേ നമ്പരുകളിലെ സെറ്റിൽമെൻറ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

3521 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

**ഭൂമി തരം മാറ്റൽ നടപടി**

3522 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നികത്തപ്പെട്ട ഭൂമി വേഗത്തിൽ തരം മാറ്റി ലഭിക്കുവാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

## മഞ്ചേശ്വരം താലൂക്കിലെ സർക്കാർ ഭൂമി

3523 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ സ്ഥാപിക്കുന്നതിനും മറ്റു വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതുമായ സർക്കാർ ഭൂമിയുടെ വിശദവിവരങ്ങൾ വില്ലേജ് തിരിച്ച് സർവേ നമ്പർ, വിസ്തീർണ്ണം എന്നിവ സഹിതം ലഭ്യമാക്കാമോ?

## ഭൂനികുതി അടയ്ക്കുന്നതിനുള്ള തടസ്സം മാറ്റാൻ നടപടി

3524 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കംപ്യൂട്ടറൈസേഷന്റെ ഭാഗമായി ആധാറുമായി ലിങ്ക് ചെയ്ത് ഭൂമിയുടെ നികുതി അടക്കാൻ വില്ലേജുകളിലെത്തുമ്പോൾ കൈവശമുള്ള ഭൂമിയുടെ യഥാർഥ അളവ് വില്ലേജുകളിലെ ഡിജിറ്റൽ രേഖകളിൽ ഇല്ലെന്ന് ചൂണ്ടിക്കാട്ടി നികുതി അടക്കാനാകാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ കൈവശമുള്ള ഭൂമിയുടെ കൃത്യമായ അളവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന നടപടികൾക്ക് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കാമോ?

## എറണാകുളം ജില്ലയിൽ പട്ടയം ലഭിച്ചിട്ടും ഭൂമി കൈമാറ്റം ചെയ്യാൻ തടസം നേരിട്ടത് സംബന്ധിച്ച പരാതി

3525 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ മണിയന്തടം പട്ടികജാതി നഗറിൽ പട്ടയം ലഭിച്ച് 40 വർഷം കഴിഞ്ഞിട്ടും ഭൂമി കൈമാറ്റം ചെയ്യുന്നതിനു തടസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) ക്രയവിക്രയ സ്വാതന്ത്ര്യമില്ലാത്ത ഭൂമി ആയതിനാൽ പ്രസ്തുത ഭൂമിയുടെ വിപണി മൂല്യം കുറവാണെന്ന് കാണിച്ചു ബാങ്കുകൾ വായ്പ നിഷേധിക്കുന്നതായും അതു മൂലം പ്രസ്തുത ഉന്നതിയിലെ അന്തേവാസികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കോ ഭവന നിർമ്മാണത്തിനോ വായ്പ ലഭിക്കുന്നില്ലായെന്നുമുള്ള പരാതി ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതി പരിഗണിച്ച് ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള തടസം നീക്കി ക്രയവിക്രയ സ്വാതന്ത്ര്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## അപകടാവസ്ഥയിലുള്ള മൺതിട്ട ഇടിച്ച് മാറ്റുന്നതിന് നടപടി

3526 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര കണയന്നൂർ താലൂക്കിലെ തൃക്കാക്കര നോർത്ത് വില്ലേജിൽ പുതിയ റോഡിന് സമീപമുള്ള ഉന്നതികളിൽ ഉൾപ്പെട്ട സ്ഥലത്ത് ഏകദേശം 20 വർഷങ്ങൾക്ക് മുമ്പ് വീടുവയ്ക്കുന്നതിന്റെ ഭാഗമായി അശാസ്ത്രീയമായ രീതിയിൽ മണ്ണെടുത്തതുമൂലമുണ്ടായ കുത്തനെയുള്ള മൺതിട്ടയിൽ വീണ്ടും മണ്ണിടിയാൻ സാധ്യതയുള്ളതിനാൽ ഈ പ്രദേശത്ത് താമസം അഭികാമ്യമല്ല എന്നത് സംബന്ധിച്ച് അസിസ്റ്റന്റ് ജിയോളജിസ്റ്റ്, ഹൈഡ്രോളജിസ്റ്റ്, മണ്ണ് സംരക്ഷണ ഓഫീസർ എന്നിവർ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) റവന്യൂ പുറമ്പോക്കിൽ സ്ഥിതി ചെയ്യുന്ന പ്രസ്തുത മൺതിട്ടയിലെ മരങ്ങൾ വെട്ടി മാറ്റിയശേഷം ഏകദേശം 1150 ഘനമീറ്റർ മണ്ണ് നീക്കം ചെയ്താൽ മണ്ണിടിച്ചിൽ ഭീഷണി ഒഴിവാകുമെന്നും പ്രസ്തുത മണ്ണ് ഏതെങ്കിലും വാർഷിക പദ്ധതിക്ക് ആവശ്യമുള്ളപക്ഷം നീക്കം ചെയ്യാമെന്നും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(സി) തൃക്കാക്കരയിലെ നിരവധി പ്രദേശങ്ങളിൽ സർക്കാർ പദ്ധതിക്കായി മണ്ണിന്റെ ആവശ്യമുള്ളതിനാൽ പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അപകടാവസ്ഥയിലുള്ള മൺതിട്ട അടിയന്തരമായി ഇടിച്ച് മാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ലെനിൻ രാജേന്ദ്രൻ സ്മാരക സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ

3527 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ലെനിൻ രാജേന്ദ്രൻ സ്മാരകനിലയത്തിന്റെയും തീയറ്റർ കോംപ്ലക്സിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കാമോ?

## ഭൂപതിവ് ചട്ടങ്ങളിലെ ഭേദഗതി

3528 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) താമസത്തിനും കൃഷിക്കുമായി പതിച്ചു നൽകിയ ഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മുൻപ് ഭൂമി ലഭിച്ചവരിൽ, ചട്ടം പാലിക്കാതെ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചവരിൽ നിന്നും ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ എത്ര ഭൂമി തിരികെ ഏറ്റെടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഭൂപതിവ് ചട്ടങ്ങളിൽ മാറ്റം വരുത്തുമ്പോൾ ഇത്തരത്തിൽ ഏറ്റെടുത്ത ഭൂമി തിരികെ നൽകുന്നത് പരിഗണിക്കുമോ; വിശദമാക്കുമോ?

## ആർ .ഡി ഓഫീസുകളിലെ ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

3529 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആർ. ഡി. ഓഫീസുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഭൂമി തരംമാറ്റം സംബന്ധിച്ച അപേക്ഷകളുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## വർക്കല മണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ

3530 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വർക്കല മണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകൾ എത്രയെന്നും പദ്ധതികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

## ഡിജിറ്റൽ റവന്യൂ കാർഡ്

3531 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങൾക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നിരന്തരം ആവശ്യമുള്ള രേഖകൾ ഒറ്റ ചിപ്പിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ റവന്യൂ കാർഡ് പദ്ധതിയുടെ പ്രാഥമിക ഘട്ടത്തിൽ ഏതെല്ലാം വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) റവന്യൂ വകുപ്പിൽ നിന്നുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനും മികച്ച ലാന്റ് മാനേജ്മെൻറ് സംവിധാനങ്ങളും ഭൂവുടമകളുടെ വിവരശേഖരണവും ഉറപ്പാക്കുന്നതിനും ഡിജിറ്റൽ റവന്യൂ കാർഡ് സഹായകമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) റവന്യൂ വകുപ്പ് ലഭ്യമാക്കുന്ന ഏതെല്ലാം സർട്ടിഫിക്കറ്റുകൾക്ക് പകരമായി പ്രസ്തുത കാർഡ് ഉപയോഗപ്പെടുത്തുന്നതിന് കഴിയുമെന്ന് വിശദമാക്കാമോ;

(ഇ) കൂടുതൽ വകുപ്പുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ കൂടി പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനി സിവിൽസ്റ്റേഷൻ

3532 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി മിനിസിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് കെട്ടിട വിഭാഗം 23.05.2025 ലെ സി.ഇ./ബി.എൽ./ പി.എൽ.2/ഇ.കെ.എം./14331/2024 5.1.1 നമ്പർ ഫയലിൽ രണ്ട് കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കി നാലു മാസം കഴിഞ്ഞിട്ടും ലാൻഡ് റവന്യൂ കമ്മീഷണർ ആയത് അംഗീകരിച്ച് ബന്ധപ്പെട്ടവർക്ക് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ; നിലവിൽ പ്രസ്തുത ഫയലിന്റെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തിയുടെ ഫയലുകൾ പോലും വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഫെയർ വാല്യൂ

3533 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ എടച്ചേരിയിലെ എടച്ചേരി നോർത്ത്-കച്ചേരി ഭാഗത്തും കവിലുംപാറയിലും ഫെയർ വാല്യൂ കൂടിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതു പരിഹരിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് പറയാമോ; വിശദമാക്കാമോ?

## വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

3534 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് ഏറ്റവും കൂടുതൽ സേവനം നൽകുന്ന വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വില്ലേജ് ഓഫീസുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകൾ നൽകിവരുന്ന സേവനങ്ങളുടെ നിലവിലെ കാലദൈർഘ്യം കുറയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇ ഓഫീസ് സംവിധാനം നിലവിൽവന്ന സാഹചര്യത്തിൽ അപേക്ഷിക്കുമ്പോൾ തന്നെ സേവനം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

3535 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റവന്യൂ വകുപ്പ് മുഖേന വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

ലഭ്യമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ വിവിധ പദ്ധതികൾ**

3536 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ, ആയതിന് അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ച പ്രവൃത്തികൾ**

3537 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും അവയുടെ തുകയും വ്യക്തമാക്കുമോ?

**വൻകിട ഭൂമി കയ്യേറ്റങ്ങൾ**

3538 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വൻകിട ഭൂമി കയ്യേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര ഭൂമി ഇപ്രകാരം തിരിച്ചുപിടിച്ചുവെന്നും അവ ഏതൊക്കെയെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**പാട്ട വ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി**

3539 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടക്കാലാവധി കഴിഞ്ഞും പാട്ട വ്യവസ്ഥകൾ ലംഘിച്ചും കൈവശം വച്ചിരിക്കുന്ന ഭൂമിയും കെട്ടിടങ്ങളും തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര ഹെക്ടർ ഭൂമിയും എത്ര കെട്ടിടങ്ങളുമാണ് ഇപ്രകാരം കൈവശം വെച്ചിട്ടുള്ളത്; വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പാട്ടക്കുടിശിക ഇനത്തിൽ സംസ്ഥാന സർക്കാരിന് നിലവിൽ എത്ര തുക ലഭിക്കാനുണ്ട്; വിശദാംശം ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**അഷ്ടമുടിക്കായലിന്റെ സംരക്ഷണം**

3540 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി പ്രത്യേക അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്ന കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി) 18400/2024 ലെ വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിൽ നാളിതുവരെ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രസ്തുത അതോറിറ്റിക്ക് വേണ്ടിയുള്ള ഓഫീസ് സൗകര്യങ്ങൾ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഹൈക്കോടതി ഉത്തരവ് പ്രകാരം പ്രസ്തുത അതോറിറ്റിയിലേക്ക് അംഗങ്ങളെ നാമനിർദേശം ചെയ്യുന്ന നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ഡി) ഹൈക്കോടതി ഉത്തരവ് പ്രകാരം അഷ്ടമുടി വെറ്റ്ലാൻഡ് മാനേജ്മെന്റ് അതോറിറ്റിക്ക് പരാതി പരിഹാര സംവിധാനത്തോടുകൂടിയ പ്രത്യേക വെബ്സൈറ്റ്/വെബ്പേജ് ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) അഷ്ടമുടിക്കായലിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സ്വീകരിച്ച് വരുന്ന നടപടി വിശദമാക്കാമോ; ഇത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ഭൂമി കയ്യേറ്റം

3541 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കച്ചേരി വില്ലേജിൽ സർക്കാർ ഏറ്റെടുത്ത ഭൂമി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1957-ലെ ഭൂസംരക്ഷണ നിയമവും, 1958-ലെ ചട്ടങ്ങളും പ്രകാരം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത നിയമം സെക്ഷൻ 15 പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

(ഡി) സെക്ഷൻ 5 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

## തരൂർ മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ

3542 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ കഴിഞ്ഞ 9 വർഷത്തിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## ഇടുക്കി ജില്ലയിലെ പട്ടയ വിതരണം

3543 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇടുക്കി ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലായി പട്ടയ നടപടികൾ മുഴുവൻ പൂർത്തിയാക്കി വിതരണം നടത്തുന്നതിന് വേണ്ടി എത്ര പട്ടയങ്ങൾ തയ്യാറായിട്ടുണ്ടെന്ന് വിശദമാക്കാമോ; വില്ലേജ് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ; ഈ പട്ടയങ്ങൾ എത്ര കാലയളവിനുള്ളിൽ വിതരണം നടത്തുമെന്ന് അറിയിക്കുമോ;

(സി) ദേവികുളം താലൂക്കിൽ പട്ടയം ലഭിക്കുന്നതിന് വേണ്ടി എത്ര അപേക്ഷകൾ ഇതുവരെ ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര എണ്ണം വിതരണം ചെയ്തിട്ടുണ്ട്; വില്ലേജ് തിരിച്ച് വിശദമാക്കാമോ?

**ആറ്റിങ്ങൽ മണ്ഡലത്തിലെ പട്ടയ വിതരണം**

3544 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ എത്രപേർക്കാണ് പട്ടയം നൽകാൻ സാധിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**പാറശാല നിയോജക മണ്ഡലത്തിലെ പട്ടയ വിതരണം**

3545 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും പാറശാല നിയോജക മണ്ഡലത്തിലെ വിവിധ വില്ലേജുകളിലായി എത്രപേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകി എന്ന വിവരം വില്ലേജ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇനം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) പാറശാല മണ്ഡലത്തിൽ പട്ടയത്തിന് വേണ്ടി ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; പ്രസ്തുത അപേക്ഷകർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**കാന്തലാട് വില്ലേജിലെ പട്ടയ വിതരണം**

3546 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി താലൂക്കിലെ കാന്തലാട് വില്ലേജിലെ ഒരങ്കോക്കുന്ന്, മണ്ടോപ്പാറ നഗറുകളിൽ പാറപുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നഗറുകളിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്ന നടപടി എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കുമോ?

## കോഴിക്കോട് ജില്ലയിലെ പട്ടയ വിതരണം

3547 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോഴിക്കോട് ജില്ലയിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന വില്ലേജുകളിലെ അർഹരായ മുഴുവൻ ആളുകൾക്കും പട്ടയം ലഭിക്കുന്നതിനുള്ള നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

## തിരുവമ്പാടിയിൽ വിതരണം ചെയ്ത പട്ടയങ്ങൾ

3548 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം തിരുവമ്പാടി നിയോജകമണ്ഡലത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലുള്ളവർക്ക് വിതരണം ചെയ്ത പട്ടയങ്ങളുടെ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) കാരശ്ശേരി പഞ്ചായത്തിലെ നരിമട ഉന്നതി, നാലു സെന്റ് ലക്ഷം വീട് എന്നിവിടങ്ങളിൽ പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ പട്ടയവിതരണം

3549 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ കയറാടി വില്ലേജിൽ പയ്യാങ്കോട് താമസിക്കുന്ന 22 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) 70 വർഷത്തിലധികമായി പ്രസ്തുത സ്ഥലത്ത് സ്ഥിര താമസമാക്കിയിട്ടുള്ള 22 കുടുംബക്കാർക്ക് അടിയന്തരമായി പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ?

## തൃശ്ശൂർ ജില്ലയിൽ നൽകിയ പട്ടയം

3550 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ തൃശ്ശൂർ ജില്ലയിൽ എത്ര പേർക്ക് പട്ടയം നൽകിയെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;?

## എറണാകുളം മണ്ഡലത്തിൽ വിതരണം ചെയ്യാനുള്ള പട്ടയങ്ങൾ

3551 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എറണാകുളം മണ്ഡലത്തിൽ എറണാകുളം വില്ലേജിൽ ഉൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) എറണാകുളം മണ്ഡലത്തിൽ ഇളംകുളം വില്ലേജിൽ ഉൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## ഒറ്റപ്പാലം മണ്ഡലത്തിലെ പട്ടയവിതരണം

3552 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര പട്ടയങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

## രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്ത് പുതിയ പട്ടയം ലഭിക്കുന്നതിന് നടപടി

3553 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ ആകെ എത്ര രവീന്ദ്രൻ പട്ടയങ്ങൾ റദ്ദ് ചെയ്തിരുന്നുവെന്നും ഇതിൽ പുതിയ പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്ര അപേക്ഷകർക്ക് പുതിയ പട്ടയം നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ;

(ബി) കണ്ണൻ ദേവൻ ഹിൽസ് വില്ലേജുകളിൽ പ്രസ്തുത അപേക്ഷ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസങ്ങളുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ; തടസങ്ങൾ പരിഹരിച്ച് അപേക്ഷ സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലതല പട്ടയ അസംബ്ലി

3554 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് പരിധിയിൽ കഴിഞ്ഞ രണ്ടു മണ്ഡലതല പട്ടയ അസംബ്ലിയിൽ പട്ടയം ലഭിക്കാത്ത എത്ര പേരുടെ വിഷയമാണ് ഉയർന്ന് വന്നിരുന്നതെന്ന് വ്യക്തമാക്കാമോ; അവയിൽ താലൂക്ക്, ജില്ലാ തലത്തിൽ എത്ര പേരുടെ വിഷയങ്ങൾ പരിഹരിച്ച് പട്ടയം വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ച് കണക്ക് അറിയിക്കാമോ;

(ബി) എത്ര പേരുടെ വിഷയം പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; അതിൽ ഇതുവരെയായി എത്രയെണ്ണം പരിഹരിച്ചു; ബാക്കിയുള്ളവ എപ്പോൾ പരിഹരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കോതമംഗലം താലൂക്കിലെ അർഹരായ കൈവശക്കാർക്ക് പട്ടയം

3555 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ പട്ടയ നടപടികളുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ജണ്ടയ്ക്ക് വെളിയിലുള്ള കൈവശഭൂമിയ്ക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) താലൂക്കിലെ അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോയെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം.

3556 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ കുണ്ടറ നിയോജകമണ്ഡലം പരിധിയിലുള്ള എത്ര പേർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ;

(ബി) പട്ടയവിതരണത്തിന് അർഹരായതും വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമായ എത്ര അപേക്ഷകരാണുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ പട്ടയ വിതരണം

3557 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ എരുമേലി വടക്ക് വില്ലേജിലെ കീച്ചൻ പാറ, തീക്കോയി വില്ലേജിലെ മംഗളഗിരി 30 ഏക്കർ, പൂഞ്ഞാർ നടുഭാഗം വില്ലേജിലെ വഴിക്കടവ് തുടങ്ങിയ പ്രദേശങ്ങളിലെ കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മഞ്ചേശ്വരം താലൂക്കിലെ പട്ടയ വിതരണം

3558 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മഞ്ചേശ്വരം താലൂക്കിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വില്ലേജ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ എൽ. എ. കമ്മിറ്റി തീരുമാനമായിട്ടും വിതരണം ചെയ്യാത്ത പട്ടയങ്ങൾ എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; പട്ടയ വിതരണം വൈകുന്നതിന് കാരണം എന്താണെന്ന് വിശദമാക്കുമോ?

## അരൂർ മണ്ഡലത്തിലെ പട്ടയ വിതരണം

3559 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചു എന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) നിലവിൽ പട്ടയത്തിന് എത്ര അപേക്ഷകൾ മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്നും ആയതിന് സ്വീകരിച്ച നടപടികളും പഞ്ചായത്തടിസ്ഥാനത്തിൽ പേര് സഹിതം വിശദമാക്കാമോ?

## <u>വടക്കാഞ്ചേരി മണ്ഡലത്തിലെ പട്ടയ വിതരണ ഫയലുകളുടെ പുരോഗതി</u>

3560 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ കോലഴി ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം റോഡ് പുറമ്പോക്ക്, പാറ പുറമ്പോക്ക് ഭൂമിയിൽ പട്ടയം അനുവദിക്കുന്നതിനായി അപേക്ഷിച്ച റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ2/186/2025- എൽ.എസ്.ജി.ഡി., ആർ.ഇ2/187/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/188/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/189/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/190/2025-എൽ.എസ്.ജി.ഡി, ആർ.ഇ2/192/2025-എൽ.എസ്.ജി.ഡി എന്നീ നമ്പർ ഫയലുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത ഫയലുകൾ തീർപ്പാക്കി ഭൂരഹിതരായവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ?

## <u>പട്ടാമ്പി മണ്ഡലത്തിലെ പട്ടയ വിതരണം</u>

3561 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പട്ടാമ്പി മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വിതരണം ചെയ്തിട്ടുള്ള പട്ടയങ്ങളുടെ വിവരം വർഷം, വില്ലേജ് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) പട്ടാമ്പി മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ പട്ടയം ലഭിക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം ലഭിക്കാൻ നടപടി</u>

3562 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെക്കോട് വില്ലേജിലെ മംഗലശ്ശേരി നിവാസികളിലെ അർഹരായവർക്ക് പട്ടയം ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് പട്ടയവിതരണം എപ്പോൾ നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## <u>പട്ടയ വിതരണം</u>

3563 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര പട്ടയ അപേക്ഷകൾ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ?

## റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം

3564 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നിർവ്വഹിക്കുന്ന സംസ്ഥാനത്തെ വിവിധ ജില്ലകളിലെ പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് ഒരു സബ് കമ്മിറ്റിയെ രൂപീകരിച്ച് 09-04-2024 ൽ സ.ഉ(ആർ.ടി)നം.1109/2024/ആർഡി പ്രകാരം ഉത്തരവായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ട് സമർപ്പിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

## അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവ്വ സ്ഥിതിയിലാക്കുന്നതിനുള്ള നടപടികൾ

3565 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്കിലെ (കോഴിക്കോട് ജില്ല) ചേമഞ്ചേരി വില്ലേജ് പരിധിയിൽ വയൽ/തണ്ണീർത്തടം നികത്തുന്നതിനെതിരെ 2024 ജനുവരി മുതൽ നാളിതു വരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ലഭിച്ച പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) വയൽ/തണ്ണീർത്തടം നികത്തലിനെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയ ഏതെങ്കിലും കേസുകളിൽ അതിനുശേഷവും ഏതെങ്കിലും തരത്തിലുള്ള നികത്തൽ/നിർമ്മാണ പ്രവൃത്തികൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അനധികൃതമായി നികത്തിയ വയൽ/തണ്ണീർത്തടം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഭൂമി തരം മാറ്റുന്നതിനുള്ള നടപടി

3566 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷകൾ നാളിതുവരെ തീർപ്പാക്കാനുണ്ടെന്ന് വർഷം, ജില്ല എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭൂമി നെൽവയലാണോ തണ്ണീർതടമാണോ എന്ന് തീരുമാനിക്കുന്നത് അടിസ്ഥാന ഭൂനികുതി രജിസ്റ്ററിന്റെയോ/സെറ്റിൽമെന്റ് രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിലല്ലായെന്ന് ഹൈക്കോടതി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മുൻകാല പ്രാബല്യത്തോടെ തരംമാറ്റൽ ഫീസ് ഈടാക്കുന്നത് കോടതി തടഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഭൂമി തരം മാറ്റൽ ഫീസ് ഇനത്തിൽ 2024-25 ലും 2025-26 ൽ നാളിതുവരെയും എത്ര കോടി രൂപ ഈടാക്കി; വിശദാംശം നൽകുമോ;

(ഇ) ഭൂമി തരം മാറ്റുന്നത് സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ വിശദാംശം ലഭ്യമാക്കാമോ?

## നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം

3567 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ തണ്ണീർതട സംരക്ഷണ നിയമത്തിലെ 27 (എ) വകുപ്പ് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 1967 - ലെ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ഭൂമി കൃഷി ആവശ്യത്തിനും വിളമാറ്റത്തിനുമായി പരിവർത്തനം ചെയ്യാൻ ആർക്കാണ് അധികാരം;

(സി) 2017 - ന ശേഷം പരിവർത്തനപ്പെടുത്താൻ നൽകിയ അപേക്ഷകളിൽ ആർക്കാണ് തീരുമാനമെടുക്കുവാനുള്ള അധികാരം എന്ന് വ്യക്തമാക്കാമോ?

## അരൂർ മണ്ഡലത്തിലെ ഭൂമി തരം മാറ്റ അപേക്ഷകൾ

3568 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അരൂർ മണ്ഡലത്തിൽ ഭൂമി തരം മാറ്റവുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ലഭിച്ചെന്നും ആയതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വില്ലേജ് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

## വയനാട് -തലശ്ശേരി ബൈപാസിന് ഭൂമി ഏറ്റെടുക്കൽ നടപടികളുടെ പൂർത്തീകരണം

3569 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-തലശ്ശേരി ബൈപാസ് റോഡ് (ഒത്തിയോട്ടു മുതൽ നരിക്കോട്ടുംചാൽ റേഷൻകട വരെ) നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടും പ്രസ്തുത നടപടി പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടി

3570 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് ഭൂമി ഏറ്റെടുക്കൽ നടപടികൾ നിശ്ചയിച്ച സമയക്രമം പ്രകാരം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) നോട്ടിഫിക്കേഷൻ എന്നത്തേക്ക് പുറപ്പെടുവിക്കുവാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## <u>പേരാമ്പ്ര മണ്ഡലത്തിലെ ഭൂമി ഏറ്റെടുക്കൽ</u>

3571 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ അകലാപ്പുഴ പാലം, നടേരിക്കടവ് പാലം, കൊല്ലം-നെല്ല്യാടി-മേപ്പയ്യൂർ റോഡ് എന്നീ പദ്ധതികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

## <u>തോട്ടം ഭൂമി കയ്യേറ്റങ്ങൾ</u>

3572 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം ഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ച് പിടിക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ ഇത്തരത്തിൽ എത്ര ഹെക്ടർ തോട്ട ഭൂമി പിടിച്ചെടുത്തു; ഇനി പിടിച്ചെടുക്കാനുള്ളവയുടെ കണക്ക് എന്നിവ ലഭ്യമാക്കുമോ?

## <u>ലാൻഡ് അക്വിസിഷൻ</u>

3573 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ വയനാട് റോഡ് മുതൽ തലശ്ശേരി ബൈ പാസ് റോഡ് വരെയുള്ള (ഒഞ്ചിയോട്ട് മുതൽ നരിക്കൂട്ടുംചാൽ റേഷൻ കട വരെ) റോഡു നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടും ആയത് പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ ആയത് ഒഴിവാക്കി ലാൻഡ് അക്വിസിഷൻ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## <u>പാനൂർ താലൂക്ക് ആശുപത്രിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി</u>

3574 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാന്നൂർ താലൂക്ക് ആശുപത്രിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ ഭൂമിയേറ്റെടുക്കൽ നടപടി**

3575 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനരുദ്ധാരണം, മാർമല ചെറുകിട ജലവൈദ്യുത പദ്ധതി, ഇടക്കുന്നം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലേക്കുള്ള റോഡ് വികസനം, പിണ്ണാക്കനാട് 33 കെ.വി. സബ്സ്റ്റേഷൻ എന്നീ പദ്ധതികൾക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം പദ്ധതി തിരിച്ച് ലഭ്യമാക്കുമോ?

**വസ്തുവിന്റെ തരംമാറ്റ അപേക്ഷ**

3576 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവെയൽ തണ്ണീർത്തട നിയമമനുസരിച്ച് വസ്തുവിന്റെ തരംമാറ്റം സംബന്ധിച്ച തിരുവനന്തപുരം ജില്ലയിൽ എത്ര അപേക്ഷകളാണ് നിലവിലുള്ളത്;

(ബി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്ക് അയിരൂപ്പാറ വില്ലേജിൽ ബ്ലോക്ക് നമ്പർ 12, സർ നമ്പർ 502/8, 502/9 ആർ.ആർ. 80 ചതുരശ്ര സെൻറീമീറ്റർ വിസ്തീർണ്ണം ഉള്ള ശ്രീമതി അജിതകുമാരി, ചിത്തിര, ഗുരുദേവപുരം, തുമ്പത്തിൽ പി.ഒ. യുടെ തരംമാറ്റത്തിനുള്ള 24/2025/162504 നമ്പർ അപേക്ഷയിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഈ അപേക്ഷയിന്മേൽ എന്നത്തേയ്ക്ക് തരം മാറ്റം ചെയ്ത് നൽകാൻ കഴിയുമെന്നും ഈ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ ഭൂമി തരം മാറ്റുന്നതിനുള്ള അപേക്ഷകൾ**

3577 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഭൂമി തരം മാറ്റുന്നതിന് എത്ര അപേക്ഷകൾ ഉണ്ടെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ വീട് വെയ്ക്കുന്നതിന് വേണ്ടി തരം മാറ്റുന്നതിനുള്ള എത്ര അപേക്ഷ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലൈഫ് പദ്ധതിയിലല്ലാതെ വീട് വെയ്ക്കുന്നതിനായി ഭൂമി തരംമാറ്റുന്നതിന് എന്തെങ്കിലും പരിഗണന നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം അപേക്ഷകൾ തീർപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതി കുടുംബങ്ങളെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്ന നടപടി

3578 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഇരപ്പിൽ ഉന്നതിയിലെ പട്ടികജാതി കുടുംബങ്ങളെ വാസയോഗ്യമായ സമീപത്തെ റവന്യൂ ഭൂമിയിലേക്ക് മാറ്റിപ്പാർപ്പിക്കുന്നതിനുള്ള അപേക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കുളത്തുമ്മൽ വില്ലേജിലെ റവന്യൂ പുറമ്പോക്ക് ഭൂമി

3579 **ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തുമ്മൽ വില്ലേജിന്റെ പരിധിയിലുള്ള റവന്യൂ പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരങ്ങളും ഭൂമിയിൽ കൈയ്യേറ്റമുണ്ടെങ്കിൽ അത് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസ്സിൽ 33 കെ. വി. സബ്സ്റ്റേഷൻ

3580 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് കാമ്പസിൽ 33 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ഭൂമി കെ. എസ്. ഇ. ബി. ക്ക് പാട്ടത്തിന് നൽകുന്നതിന് ധനകാര്യവകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിർമ്മാണം പുരോഗമിക്കുന്ന കിഫ്ബി പദ്ധതികളായ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക്, മദർ & ചൈൽഡ് ബ്ലോക്ക് എന്നിവ പൂർത്തിയാകുന്നതോടെ വൈദ്യുതി ആവശ്യകതയിൽ ഉണ്ടാകുന്ന വർദ്ധനവ് നിറവേറ്റുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള 33 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കേണ്ടതിനാൽ, പ്രസ്തുത ഭൂമി പാട്ടത്തിന് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുമോ; വിശദമാക്കുമോ?

## സർക്കാർ ഭൂമിയുടെ പാട്ടതുക പുതുക്കാൻ നടപടി

3581 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിനു നൽകിയ വകയിൽ വിവിധ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക ഈടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(ബി) പാട്ട വ്യവസ്ഥകൾ ലംഘിച്ചവരിൽ നിന്നും സ്ഥലം ഏറ്റെടുക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പാട്ടത്തുക കാലാനുസൃതമായി പുതുക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ പുതുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ

3582 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടക്കാലാവധി കഴിഞ്ഞിട്ടും പാട്ടവ്യവസ്ഥകൾ ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയും പാട്ടവ്യവസ്ഥകൾ ലംഘിച്ച എത്ര ഹെക്ടർ ഭൂമിയും നാളിതുവരെ പിടിച്ചെടുത്തു; ഇനി എത്ര പിടിച്ചെടുക്കാനുണ്ട്; വിശദമാക്കാമോ ?

## മണ്ണാർക്കാട് റവന്യൂ ടവർ നിർമ്മാണം

3583 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് റവന്യൂ ടവർ നിർമ്മാണത്തിന് 2018-ൽ സമർപ്പിച്ച എസ്റ്റിമേറ്റിൽ ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത റവന്യൂ ടവറിന്റെ നിർമ്മാണം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാസറഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം

3584 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുഡ്ലു വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ചെയ്ത് രണ്ടു വർഷം കഴിഞ്ഞിട്ടും കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

## നെന്മാറ മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് കെട്ടിടം

3585 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ എത്ര വില്ലേജ് ഓഫീസുകളുടെ സ്മാർട്ട് കെട്ടിടമാണ് പണി പൂർത്തീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര സ്മാർട്ട് കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് നടത്തിക്കൊണ്ടിരിക്കുന്നത്; ആയത് എന്നത്തേക്ക്

പൂർത്തീകരിക്കും; വിശദമാക്കുമോ?

**എറണാകുളം മണ്ഡലത്തിലെ റവന്യൂ ഓഫീസുകളുടെ നിർമ്മാണ നവീകരണ പ്രവൃത്തികൾ**

3586 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട് വില്ലേജ് ഓഫീസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എറണാകുളം വില്ലേജ് ഓഫീസിന്റെ നിർമ്മാണ നവീകരണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) എയർ ഇന്ത്യയിൽ നിന്ന് ഏറ്റെടുത്ത കെട്ടിടത്തിലേക്ക് കണയന്നൂർ താലൂക്ക് ഓഫീസ് മാറ്റുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

**വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കാൻ നടപടി**

3587 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കൊണ്ടോട്ടി താലൂക്കിലെ പള്ളിക്കൽ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആക്കി മാറ്റുന്നതിനായി നൽകിയ ശിപാർശയിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് ;വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നടത്തിയ നവീകരണ പ്രവർത്തനങ്ങളുടെ വിശദാംശം നൽകാമോ?

**കാസർഗോഡ് ജില്ലയിലെ വിവിധ താലൂക്ക് ഓഫീസുകളിലെ ഒഴിവുകൾ**

3588 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര താലൂക്ക് ഓഫീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; നിലവിലെ തസ്തികകളുടെ എണ്ണം ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളുടെ എണ്ണവും എത്ര കാലമായി ഈ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നും തസ്തികയും താലൂക്ക് ഓഫീസും തിരിച്ച് വ്യക്തമാക്കാമോ;

(സി) താലൂക്ക് ഓഫീസുകളിൽ നിന്ന് ജനങ്ങൾക്ക് കൃത്യമായ സമയത്ത് സേവനം ലഭ്യമാക്കാത്തത് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതു കൊണ്ടാണോ; വ്യക്തമാക്കാമോ;

(ഡി) തീർപ്പാക്കാത്ത ഫയലുകൾ എത്രയുണ്ടെന്നും ഏതെല്ലാം ഫയലുകളാണ് ഇവയെന്നും എത്ര കാലമായി തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്നും താലൂക്ക് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) അനന്തരാവകാശ സർട്ടിഫിക്കറ്റിനായുള്ള (ലീഗൽ ഹയർഷിപ് സർട്ടിഫിക്കറ്റ്) എത്ര ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുവെന്ന് താലൂക്ക് തിരിച്ച് പ്രത്യേകം

വ്യക്തമാക്കാമോ?

**<u>മലപ്പുറം ജില്ലയിലെ സർവേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും ഒഴിവുകൾ</u>**

3589 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സർവേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും ഗണ്യമായ കുറവുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ ജില്ലയിലുള്ളതായ പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) സ്ഥാനക്കയറ്റവും സ്ഥലം മാറ്റവും നൽകുമ്പോൾ പ്രസ്തുത ജില്ലയിൽ തന്നെ ഒഴിവുണ്ടായിരിക്കെ മറ്റു ജില്ലകളിലേക്ക് നിയമനം നൽകുന്നതായും മറ്റു ജില്ലകളിൽ നിന്ന് പ്രസ്തുത ജില്ലയിലേക്ക് നിയമനം ലഭിക്കുന്നവർ ദീർഘ അവധിയിൽ പ്രവേശിക്കുന്നതു മൂലം പ്രസ്തുത ജില്ലയിലെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എങ്കിൽ അവ പരിഹരിച്ച് മലപ്പുറം ജില്ലയിൽ സർവേയർമാരുടേയും ഡ്രാഫ്റ്റ്സ്മാൻമാരുടേയും ഒഴിവുകൾ നികത്തുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിലെ ജീവനക്കാരുടെ ഒഴിവുകൾ</u>**

3590 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ റവന്യൂ ഡിവിഷണൽ ഓഫീസിൽ സ്ഥിരം ജൂനിയർ സൂപ്രണ്ട്, ക്ലർക്കുമാർ എന്നിവരുടെ ഒഴിവ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പെരിന്തൽമണ്ണ, നിലമ്പൂർ, കൊണ്ടോട്ടി, ഏറനാട് താലൂക്കുകൾ ഉൾക്കൊള്ളുന്ന ഈ ഓഫീസിൽ ജീവനക്കാരില്ലാത്തത് ഓഫീസ് പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ ഓഫീസിലെ ഒഴിവുള്ള തസ്തികയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് ജീവനക്കാരുടെ ചുമതലകൾ</u>**

3591 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ നിലവിലുള്ള വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് (വി. എഫ്. എ.) തസ്തികയിലെ ജീവനക്കാരുടെ ചുമതലകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് കൂടുതൽ ചുമതലകൾ നൽകുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) സർക്കാരിന് അധികസാമ്പത്തിക ബാധ്യതയില്ലാതെ പ്രസ്തുത തസ്തിക അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

## റവന്യൂ ജീവനക്കാരുടെ ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ

3592 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് ജീവനക്കാർക്ക് എല്ലാ വർഷവും നടത്തിയിരുന്ന ക്രിമിനൽ ജുഡീഷ്യൽ പരീക്ഷ രണ്ട് വർഷമായി മുടങ്ങിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2023 ന് ശേഷം പ്രസ്തുത പരീക്ഷയ്ക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വർഷാവർഷം നടത്തിയിരുന്ന പ്രസ്തുത പരീക്ഷ മുടങ്ങുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഇ) പരീക്ഷ മുടങ്ങിയതിനാൽ യോഗ്യത നേടാനാവാതെ സ്ഥാനക്കയറ്റം ലഭിക്കാതെ വിരമിച്ചവർക്കും സ്ഥാനക്കയറ്റത്തിന് പരിഗണിക്കാത്തവർക്കും ഉണ്ടായിട്ടുള്ള നഷ്ടം എപ്രകാരം പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## റെഡ് സോണുകളിലെ നിർമ്മാണങ്ങൾ

3593 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ ദുരന്തനിവാരണനിയമം പ്രകാരം ഇടുക്കിയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് റെഡ് സോണുകൾ നിശ്ചയിച്ചിട്ടുള്ളത്; വിശദാമാക്കാമോ;

(ബി) റെഡ് സോണുകളിലെ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഭൂപതിവ് നിയമത്തോടൊപ്പം മറ്റ് ഏതു നിയമം ഭേദഗതി ചെയ്യേണ്ടിവരും; വ്യക്തമാക്കാമോ;

(സി) ഇടുക്കിയിൽ റെഡ് സോണുകളായി പ്രഖ്യാപിച്ച പ്രദേശങ്ങൾ എങ്ങനെയാണ് തിരിച്ചറിഞ്ഞത്; വിശദമാക്കാമോ;

(ഡി) റെഡ് സോണുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ നിവാസികളും സ്ഥാപനങ്ങളും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്താണ്; വിശദമാക്കാമോ?

## ജാതി സർട്ടിഫിക്കറ്റ്

3594 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ലഭ്യമാക്കാമോ;

(ബി) ദേവികുളം താലൂക്കിലെ തോട്ടം മേഖലയിലുള്ളവർ തമിഴ് ഭാഷ സംസാരിക്കുന്നു എന്ന കാരണത്താൽ അവർക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം

നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽ താമസിക്കുന്നവർ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 1950നു മുമ്പ് കേരളത്തിലുണ്ടായിരുന്നു എന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കണമെന്ന് സർക്കാർ ഉത്തരവുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിൽ 1950-ൽ താമസിച്ചിരുന്ന ആളുകളുടെ വിശദാംശം എഴുതി സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## മ്യൂട്ടേഷൻ നടപടി

3595 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട വ്യക്തിയുടെ സ്വത്തുക്കൾ നിയമാനുസൃത അവകാശികൾക്ക് വിൽപത്രത്തിന്റെ അടിസ്ഥാനത്തിൽ കൈമാറുന്നതിനുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിന്, അനന്തര അവകാശ സർട്ടിഫിക്കറ്റിന്റെയും ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും അഭാവത്തിൽ നിർബന്ധമായും സത്യവാങ്മൂലം സമർപ്പിക്കണം എന്നുള്ള കേരള ഹൈക്കോടതിയുടെ 14-11-2024 ലെ ഉത്തരവ് (ബാബു ആർ. vs സ്റ്റേറ്റ് ഓഫ് കേരള) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക പുറപ്പെടുവിക്കുന്നതിലേക്കായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സത്യവാങ്മൂലത്തിന്റെ മാതൃക റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടില്ലെങ്കിൽ സമാന സാഹചര്യങ്ങളിൽ നിലവിലുള്ള മ്യൂട്ടേഷൻ നടപടികളുടെ പൂർത്തീകരണത്തിന് വേണ്ടി റവന്യൂ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## ഗുരുവായൂർ മണ്ഡലത്തിലെ ഭൂമി തരംമാറ്റൽ പ്രക്രിയ

3596 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഭൂമി തരം മാറ്റൽ പ്രക്രിയയ്ക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സബ് കളക്ടറെ കൂടാതെ ഡെപ്യൂട്ടി കളക്ടർമാരെ കൂടി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഭൂമി തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മങ്കട മണ്ഡലത്തിലെ തരിശുഭൂമി

3597 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പഞ്ചായത്തുകളിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ അവയുടെ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെ കൈവശം തരിശുഭൂമിയുണ്ടോ; എങ്കിൽ വകുപ്പ് തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

## മലപ്പുറം ജില്ലയിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

3598 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിലെ ഏതെല്ലാം വില്ലേജുകളാണ് സ്മാർട്ട് വില്ലേജ് ആക്കാൻ തിരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ മുതുവല്ലൂർ വില്ലേജിനെ സ്മാർട്ട് വില്ലേജ് ആയി തിരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവൃത്തി തുടങ്ങുന്നതിന്റെ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

## പ്രീ മ്യൂട്ടേഷൻ സ്കെച്ച്

3599 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റെ ഭൂമി പോർട്ടൽ വഴി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റു സർവ്വേ സംബന്ധമായ ആവശ്യങ്ങൾക്കും ഡിജിറ്റൽ സർവേ പ്രകാരമുള്ള പ്രീമ്യൂട്ടേഷൻ സ്കെച്ച് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രീ മ്യൂട്ടേഷൻ സ്കെച്ച് തയ്യാറാക്കുന്നതിന് ടോറൻസ് സമ്പ്രദായത്തിന്റെ മാതൃകയിൽ ലൈസൻസ്ഡ് സർവേയർമാർക്ക് കൂടി അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മട്ടന്നൂർ മണ്ഡലത്തിലെ ഡിജിറ്റൽ സർവേ നടപടികൾ

3600 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പദ്ധതിയുടെ നിലവിലുള്ള പ്രവൃത്തി പുരോഗതി വിശദമാക്കാമോ?

## വഴിക്കടവ് വില്ലേജിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

3601 **ശ്രീ. ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ സർവേയുമായി ബന്ധപ്പെട്ട് നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് വില്ലേജിൽ പതിറ്റാണ്ടുകളായി കരമടച്ച് വരുന്നവരുടെ വീടും ഭൂമിയും വനഭൂമിയായി കണക്കാക്കി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഡിജിറ്റൽ സർവേ

3602 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഡിജിറ്റൽ സർവേ പൂർത്തിയായ ജില്ലകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ള ജില്ലകളിൽ ഡിജിറ്റൽ സർവേ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ ഡിജിറ്റൽ സർവേ പൂർത്തീകരിച്ച വില്ലേജുകൾ ഏതൊക്കെയാണെന്നും ബാക്കിയുള്ളവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ ഡിജിറ്റൽ സർവേ

3603 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവേ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സർവേ പൂർത്തീകരിച്ചവയുടെ വിവരങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ എന്ന് പ്രസിദ്ധീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവേയാണ് ഇനി പൂർത്തീകരിക്കാൻ ഉള്ളതെന്നും ആയത് എന്ന് പ്രസിദ്ധീകരിക്കുമെന്നും വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ ഡിജിറ്റൽ സർവേയുടെ പുരോഗതികൾ

3604 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഡിജിറ്റൽ സർവേയുടെ പുരോഗതികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജില്ലയിൽ മൂന്ന് ഘട്ടങ്ങളിലുമായി ഇതിനകം എത്ര വില്ലേജുകളിൽ ഡിജിറ്റൽ സർവേ പൂർത്തിയായി; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സർവേ പൂർത്തീകരിച്ച വില്ലേജുകളിലെ രേഖകൾ റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള കാല താമസം എന്താണെന്ന് വ്യക്തമാക്കുമോ; അവ എന്നത്തേക്ക് കൈമാറാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## റീസർവേയിലെ അപാകതകൾ പരിഹരിക്കാൻ നടപടി

3605 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവേ നടപടികൾ പൂർത്തീകരിക്കപ്പെട്ട വില്ലേജുകളിൽ റെക്കോർഡുകളുടെ അപാകതകളും നടപടികളുടെ പോരായ്മകളും മൂലം ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് ജനങ്ങൾ റീസർവേ അദാലത്തുകളിൽ നൽകുന്ന അപേക്ഷകൾ വർഷങ്ങളായി കെട്ടിക്കിടക്കുകയും സർവേയർമാർ നടപടിക്രമങ്ങൾ പാലിക്കാതെ ഇവ പരിശോധിക്കുന്നതായും ഇത് പരിഹരിക്കുന്നതിന് കാലതാമസം വരുന്നതായും മുൻഗണനാക്രമം പാലിക്കാത്തതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) അപേക്ഷകൾ മുൻഗണന പ്രകാരമല്ലാതെയും പ്രത്യേക താല്പര്യത്തോടെയും കൈകാര്യം ചെയ്തതിന്റെ ഫലമായി ഏതെങ്കിലും സർവേയർമാർക്കെതിരെയോ തഹസിൽദാർമാർക്കെതിരെയോ നടപടിയെടുത്തിട്ടുണ്ടോ; വ്യക്തമാകുമോ;

(ഡി) ഈ വിഷയത്തിൽ സർവേയർമാർക്കും റവന്യൂ ഉദ്യോഗസ്ഥർക്കും എതിരെ പരാതികൾ ഓൺലൈനായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവേ നടപടികൾ</u>**

3606 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഡിജിറ്റൽ റീസർവേ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവേ നടപടികൾ പൂർത്തീകരിച്ചു; വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ ഇനി പൂർത്തിയാക്കാൻ ബാക്കിയുള്ള വില്ലേജുകളിലെ ഡിജിറ്റൽ റീസർവേയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) റീസർവേയ്ക്കുശേഷം രേഖകളിൽ നിന്നും വ്യത്യാസമായി മിച്ചമുള്ളതോ കുറവുള്ളതോ ആയി വരുന്ന ഭൂമിയിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) അതിർത്തി തർക്കങ്ങളുടെയും മറ്റും ഭാഗമായി ഭൂമി കുറവുള്ളവർക്ക് പ്രസ്തുത ഭൂമിയോട് ചേർന്നുള്ള അധിക ഭൂമിയുള്ളവരിൽ നിന്നും ക്രമീകരിക്കുന്നതിന് നടപടികളെടുക്കുമോ; വിശദമാക്കുമോ?

**<u>എക്സിക്യൂട്ടീവ് ഉത്തരവിലൂടെ പൂർണ്ണ അവകാശം ഭൂമിയിൽ ലഭിക്കുന്നത് സംബന്ധിച്ച്</u>**

3607 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണം നടന്ന സംസ്ഥാനത്ത് ഇപ്പോഴും പൂർണ്ണ അവകാശം ഭൂമിയിൽ ലഭിച്ചിട്ടില്ലെന്നിരിക്കെ കാണം, കുഴിക്കാണം, പാട്ടം തുടങ്ങി ജന്മവകാശം കിട്ടാതെ

പട്ടയം ലഭിക്കുന്നതിന് ആയിരക്കണക്കിന് അപേക്ഷകൾ ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലാത്ത ജന്മിയെ തേടുന്ന ഇത്തരം നടപടിക്രമങ്ങൾ ഒഴിവാക്കി ഒരു എക്സിക്യൂട്ടീവ് ഉത്തരവിലൂടെ ഈ പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

## ഭൂപതിവ് ചട്ടങ്ങൾ ലളിതവും സുതാര്യവുമാക്കാൻ നടപടി

3608 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റം ഉൾപ്പെടെയുള്ള വിവിധ ദൗത്യങ്ങൾ നടപ്പിലാക്കുന്ന റവന്യൂ വകുപ്പിന്റെ ഓഫീസുകളിൽ ഭൂപതിവ് നിയമത്തിലെ ചട്ടഭേദഗതികളുമായി ബന്ധപ്പെട്ട അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൃഷിക്കും താമസത്തിനുമായി അനുവദിച്ച പട്ടയ ഭൂമിയിലെ വീട് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് പ്രത്യേക അനുമതി ആവശ്യമുണ്ടോ; വിശദീകരിക്കുമോ;

(സി) ഇപ്പോൾ നടപ്പിലാക്കുന്ന ഭൂപതിവ് ചട്ടഭേദഗതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും എന്നാൽ പുതിയതായി ഉത്ഭവിക്കുന്നതുമായ വിനിയോഗങ്ങൾ ക്രമപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ഡി) പട്ടയത്തിൽ പ്രത്യേക ഉദ്ദേശം രേഖപ്പെടുത്തിയ ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ക്രമവൽക്കരിക്കുന്നതിന് എന്തെല്ലാം നിബന്ധനകളാണ് പുതുക്കിയ ചട്ടങ്ങളിൽ നിർദേശിക്കപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

## ഭവന നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യ

3609 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചുരുങ്ങിയ കാലയളവിനുള്ളിൽ ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുന്ന അംഗീകൃത ഏജൻസികൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രീകാസ്റ്റ് നിർമ്മാണ രീതികൾ വഴി ചുരുങ്ങിയ ചെലവിൽ സുരക്ഷിതമായി വീടുകൾ നിർമ്മിക്കാൻ ഇത്തരം ഏജൻസികൾ വഴി സാധിക്കുമോ; വിശദമാക്കാമോ;

(സി) ഇത്തരം നിർമ്മാണ രീതികൾ അവലംബിക്കുന്നതിലൂടെ വീട് നിർമ്മാണത്തിനായി സാമ്പാദ്യം മുഴുവൻ ചെലവാക്കേണ്ടിവരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിക്കുമോ; വിശദമാക്കാമോ?

## മറൈൻ എക്കോ സിറ്റി പദ്ധതി

3610 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീമതി ദെലീമ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മറൈൻ ഡ്രൈവിൽ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ കീഴിൽ നടപ്പാക്കുന്ന മറൈൻ എക്കോ സിറ്റി പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണ്; അറിയിക്കാമോ;

(ബി) പദ്ധതിയുടെ ആദ്യഘട്ടം (ഫേസ് എ) നിർവഹിക്കാൻ എൻ. ബി. സി. സി. (നാഷണൽ ബിൽഡിംഗ്സ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ (ഇൻഡ്യ) ലിമിറ്റഡ്) മുഖേന ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ; പദ്ധതിയുടെ മൊത്തം ചെലവ് എത്രയാണെന്ന് വിശദമാക്കാമോ;

(സി) മറൈൻ എക്കോ സിറ്റിയുടെ നിലവിലെ രൂപരേഖ എന്താണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തിയായാൽ കൊച്ചിയുടെ നഗര വികസനത്തിനും തൊഴിൽ സാധ്യതകൾക്കും എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

## കേരള ബിൽഡിംഗ് ടാക്സ് പോർട്ടൽ തകരാർ

3611 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ടാക്സ് പോർട്ടൽ തകരാറിലായത് കാരണം ജനങ്ങൾക്ക് പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരത്തിൽ സോഫ്റ്റ് വെയർ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നപക്ഷം അടിയന്തരമായി അവ പരിഹരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ?

## ഹരിപ്പാട് റവന്യൂ ടവർ

3612 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് റവന്യൂ ടവറിന്റെ നിയന്ത്രണാധികാരം ആലപ്പുഴ ജില്ല കളക്ടർക്ക് കൈമാറാത്തതിന്റെ കാരണം എന്താണെന്നും ഇതുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സം എന്താണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ടവറിന്റെ പരിസരത്ത് സെപ്റ്റിക് ടാങ്ക് ചോർന്നൊലിക്കുന്നത് മൂലം പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ടവറിലെ ലിഫ്റ്റുകളുടെ എ.എം.സി. പുതുക്കുന്നതിനും ടവന്യൂ ടവർ കോമ്പൗണ്ടിലെ തെരുവ് നായ ശല്യം

പരിഹരിക്കുന്നതിനും എന്ത് നടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ടവറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇതിന്റെ നിയന്ത്രണാധികാരം അടിയന്തരമായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മലപ്പുറത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

3613 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ ഈ സാമ്പത്തിക വർഷത്തെ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പ്രൊജക്ട് പ്രൊപ്പോസലിൽ മലപ്പുറം ജില്ലയെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസലിന് മലപ്പുറം സിവിൽ സ്റ്റേഷനിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി അനുയോജ്യമാണോ; കണ്ണൂർ മട്ടന്നൂർ മാതൃകയിൽ ഹൗസിംഗ് ബോർഡിന് ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ജനസാന്ദ്രതയുള്ളതും കൂടുതൽ ഓഫീസുകൾ സ്ഥിതി ചെയ്യുന്നതുമായ ജില്ലാ ആസ്ഥാനത്ത് വർക്കിംഗ് വിമൻസ് ഹോസ്റ്റൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

## കല്ല്യാശ്ശേരി മണ്ഡലത്തിലെ ഭവന നിർമ്മാണ വകുപ്പ് പദ്ധതികൾ

3614 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021, 2021-2025 കാലഘട്ടത്തിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭവന നിർമ്മാണ വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം

3615 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിയോളജിക്കൽ സർവ്വെ ഓഫ് ഇൻഡ്യ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ നടത്തിയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ദുരന്ത നിവാരണ (എ) വകുപ്പിന്റെ 29.10.2021 ലെ സ.ഉ.(കൈ)നം. 5/2021/ഡി.എം.ഡി. പ്രകാരം കാഞ്ഞിരപ്പള്ളി താലൂക്കിലെ 110 കുടുംബങ്ങളെയും മീനച്ചിൽ താലൂക്കിലെ 138 കുടുംബങ്ങളെയും നിലവിലെ സ്ഥലത്തുനിന്നും മാറ്റി പാർപ്പിക്കേണ്ടതും ഇവർക്ക് വസ്തു വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു കുടുംബത്തിന് പത്ത് ലക്ഷം രൂപ വീതം നൽകേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## മുണ്ടക്കൈ - ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം

3616 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതർക്ക് 7 സെന്റ് ഭൂമിയിൽ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ദുരന്തബാധിത കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പുനരധിവാസ കുടുംബങ്ങൾക്ക് കുടിവെള്ളം, വൈദ്യുതി, റോഡ്, ശുചിത്വ സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മുന്നൊരുക്കങ്ങൾ വിശദമാക്കാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതി</u>

3617 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തും വെള്ളപ്പൊക്ക ദുരന്തനിവാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം ലഭ്യമാക്കാമോ?

## <u>വയനാട്ടിലെ ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പ്</u>

3618 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കൈ -ചൂരൽമല ദുരന്തബാധിതർക്കുള്ള ടൗൺഷിപ്പിൽ വീട് നൽകുന്നതിന് തയ്യാറാക്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നടക്കമുള്ള അനർഹർ കടന്നു കൂടിയതായി സർക്കാർ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് സർക്കാർ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് ഏതൊക്കെ ഉദ്യോഗസ്ഥരാണ് ചുമതല വഹിച്ചതെന്ന് പേരും തസ്തികയും സഹിതം വിശദീകരിക്കാമോ;

(ഡി) ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിന് കൈക്കൂലി വാങ്ങിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും വ്യക്തമാക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ</u>

3619 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ 2021 മുതൽ 2025 വരെ സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ച പ്രവൃത്തികൾ എന്തൊക്കെയാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## ഫ്ളഡ് പദ്ധതിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

3620 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പയ്യന്നൂർ മണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന ഫ്ളഡ് പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിരുന്നതെന്നും അവയിൽ പൂർത്തീകരിച്ചത് ഏതൊക്കെയെന്നും ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയെന്നുമുള്ളതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## 1983 - ലെ കേരള അപാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ

3621 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1983-ലെ കേരള അപാർട്ട്മെന്റ് ഓണർഷിപ്പ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന്റെ നടപടിക്രമം വിശദമാക്കാമോ;

(ബി) ഇതിനായുള്ള ചട്ടങ്ങൾ രൂപികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) 2024 മുതൽ തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരുവിവരം സഹിതം ലഭ്യമാക്കുമോ; ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടും രജിസ്ട്രേഷൻ നടത്താത്തവരുടെ പേരും ആയതിനുള്ള കാരണവും വ്യക്തമാക്കാമോ;

(ഡി) ഈ ആക്ട് പ്രകാരം രജിസ്ട്രേഷൻ നടത്തണമെന്ന കോടതി നിർദേശത്തെത്തുടർന്ന് രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചവരുടെ പേരുവിവരം ലഭ്യമാക്കുമോ?

## സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ

3622 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വകാര്യ വ്യക്തികൾ ദാനമായി നൽകുന്ന ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ വിശദമാക്കാമോ?

## അട്ടപ്പാടി ട്രൈബൽ താലൂക്കിലെ ഭൂമി രജിസ്ട്രേഷൻ

3623 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി ട്രൈബൽ താലൂക്കിലെ കോട്ടത്തറ വില്ലേജിൽ 1819, 1275 എന്നീ സർവേ നമ്പരുകളിൽ നിലവിൽ ആരുടെയെല്ലാം പേരിൽ എത്ര ഏക്കർ ഭൂമി വീതം രജിസ്ട്രേഷൻ ചെയ്ത് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

## രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കാൻ നടപടി

3624 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം വില്ലേജ് ഓഫീസ്, കോട്ടക്കൽ സബ് ട്രഷറി, കോട്ടക്കൽ നഗരസഭ എന്നിവയുടെ കെട്ടിട നിർമ്മാണത്തിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കൈവശമുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; ഇതിന്മേൽ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശവും പ്രസ്തുത വിഷയം സംബന്ധിച്ച ഫയലുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) ഭൂമി കൈമാറ്റം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് വിശദമാക്കുമോ; ഫയലുകൾ നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്നും സ്ഥലം കൈമാറുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## ഭൂമിയുടെ ന്യായവില വർദ്ധന

3625 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഭൂമിയുടെ ന്യായവില വർദ്ധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഇനങ്ങളിൽ എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും എത്ര രജിസ്ട്രേഷൻ നടന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## ഇ-സ്റ്റാമ്പ് പദ്ധതി

3626 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുദ്രപ്പത്രങ്ങൾ ഓൺലൈനായി മാത്രം ലഭ്യമാക്കുന്ന രീതി (ഇ-സ്റ്റാമ്പ്) നിലവിൽ വന്ന ശേഷം സെർവറിലും നെറ്റ് കണക്ഷനിലുമുള്ള തകരാറുകൾ കാരണം ആവശ്യക്കാർക്ക് യഥാസമയം മുദ്രപ്പത്രങ്ങൾ ലഭിക്കുന്നില്ലെന്ന പരാതികൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) നിലവിൽ പുതിയ വെണ്ടർ ലൈസൻസുകൾ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; മുദ്രപ്പത്രങ്ങൾ യഥേഷ്ടം വാങ്ങുന്നതിനാവശ്യമായ വെണ്ടർമാർ ഓരോ സബ് രജിസ്ട്രാർ പരിധിയിലും നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ആധാർ അധിഷ്ഠിത ഒ.ടി.പി. വെരിഫിക്കേഷൻ മുഖാന്തിരം നിരവധി സേവനങ്ങൾ അനുവദിച്ചുവരുന്ന കാലഘട്ടത്തിൽ പൊതുജനങ്ങൾക്ക് ഓൺലൈൻ പേയ്മെന്റിലൂടെ ഇ-മുദ്രപ്പത്രങ്ങൾ ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്ന സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ; നിലവിൽ നേരിടുന്ന മുദ്രപ്പത്ര ക്ഷാമം മറി കടക്കാൻ ഇത്തരമൊരു സംവിധാനം ഏർപ്പെടുത്താമോ?

## രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠനം

3627 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.3) വകുപ്പ് 2023-ൽ രജിസ്ട്രേഷൻ വകുപ്പിൽ നടത്തിയ പഠന റിപ്പോർട്ടിന്മേലുള്ള ശിപാർശകളിൽ നാളിതുവരെ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ട്; ശിപാർശകൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## കുളത്തൂപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണം

3628 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017, 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനലൂർ മണ്ഡലത്തിലെ കുളത്തൂപ്പുഴയിൽ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ബഡ്ജറ്റ് വിശദാംശം ലഭ്യമാക്കാമോ; പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

## നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ അൺഇന്ററപ്റ്റബിൾ പവർ സപ്ലൈ (UPS) സിസ്റ്റം പ്രവർത്തനക്ഷമമാക്കുന്നതിന്

3629 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മുടങ്ങുന്ന അവസരങ്ങളിൽ നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ രജിസ്ട്രേഷൻ നടപടികൾ തടസ്സപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നടുവണ്ണൂർ സബ് രജിസ്ട്രാർ ഓഫീസിലെ അൺഇന്ററപ്റ്റബിൾ പവർ സപ്ലൈ (യു. പി. എസ്) സിസ്റ്റം പ്രവർത്തിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ്

3630 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16 ലെ സർക്കാരിന്റെ കാലത്ത് കൂത്താട്ടുകുളത്ത് ആരംഭിക്കാൻ തീരുമാനിച്ച രജിസ്ട്രേഷൻ വകുപ്പിന്റെ ട്രെയിനിംഗ് കോംപ്ലക്സ് നിലവിൽ എവിടെയാണ് പ്രവർത്തിച്ചു വരുന്നത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിനായി എത്ര തുകയാണ് ബജറ്റിൽ അനുവദിച്ചത്; ആയതിൽ എത്ര തുക കൂത്താട്ടുകുളത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനം കുത്താട്ടുകുളത്തു നിന്നും മാറ്റി സ്ഥാപിക്കാൻ ശിപാർശ നൽകിയത് ഏത് ഉദ്യോഗസ്ഥനാണ് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത തീരുമാനം രൂപീകരിക്കുവാൻ രജിസ്ട്രേഷൻ ഐ.ജി. യുടെ നിർദേശം ഉണ്ടായിരുന്നോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം മാറ്റി സ്ഥാപിച്ച സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കിയിട്ടുണ്ട്; എന്തെല്ലാം ട്രെയിനിംഗ് നടപടികളാണ് നടത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണത്തിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട പരസ്യങ്ങളുടെ വിശദാംശങ്ങൾ**

3631 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളും ഏജൻസികളും നാളിതുവരെ നൽകിയിട്ടുള്ള പരസ്യങ്ങളുടെ വിശദാംശം, പരസ്യം നൽകിയ സ്ഥാപനം, പരസ്യത്തിനായി ചെലവഴിച്ച തുക, ഏത് ഏജൻസി മുഖേനയാണ് പരസ്യം നൽകിയത്, പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്ത നടപടിക്രമം, ഏത് പദ്ധതിയുടെ ഭാഗമായാണ് പരസ്യം നൽകിയത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പരസ്യ ഇനത്തിൽ ആകെ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

**കയ്പമംഗലം മണ്ഡലത്തിലെ അതിപുരാതന കിണർ സംരക്ഷിക്കാൻ നടപടി**

3632 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിൽ പഞ്ചാംമ്പരത്തി ദേശത്ത് അതിപുരാതന കാലത്ത് നിർമ്മിക്കപ്പെട്ടതാണെന്ന് കരുതപ്പെടുന്ന കിണർ കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കിണർ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

**എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരിയുടെ സംരക്ഷണം**

3633 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ ജൂത സെമിത്തേരി സംരക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
30-09-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].